# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 27 | Issue 23 | Fortnightly | August 1, 2016 | Page 32 | ₹ 10


## റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

കേരള വനം വകുപ്പ്

## ലക്ചറർ ഇൻ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്

(ഗവ. പോളിടെക്നിക്സ്) സാങ്കേതിക വിദ്യാഭ്യാസം

## ജൂനിയർ അസിസ്റ്റന്റ് ടെക്നീഷ്യൻ ഗ്രേഡ് II (ജനറൽ മെക്കാനിക്ക്)

കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

ഉൾപ്പെടെ 23 തസ്തികകളിൽ വിജ്ഞാപനം

## ക്ലാർക്ക് സ്പെഷ്യൽ

കേരള ചരിത്രവും വർഷങ്ങളും

കേരളത്തിലെ ജില്ലകൾ

ആധുനിക ഇന്ത്യ

ലോകരാജ്യങ്ങൾ

മഹദ്വചനങ്ങൾ

PREVIOUS QUESTIONS

GENERAL ENGLISH

TEST YOUR GK

## ഒറ്റത്തവണ രജിസ്ട്രേഷൻ – സംശയങ്ങളും മറുപടികളും

പേജ് 16

## പിഎസ്‌സി ബുള്ളറ്റിൻ സർക്കുലേഷൻ വർധനവ് 50 ശതമാനം



പിഎസ്‌സി ബുള്ളറ്റിനിന് കഴിഞ്ഞ ഒരു വർഷംകൊണ്ട് സർക്കുലേഷനിൽ 50 ശതമാനത്തോളം വർധനവുണ്ടായി. മാനന്തവാടി, ആനാട്, അമരവിള, മഞ്ചേരി, ആറ്റുകാൽ, മേലേപട്ടാമ്പി, നരിക്കുനി എന്നിവിടങ്ങളിൽ പുതിയ ഏജൻസി ഏർപ്പെടുത്തി. തിരുവനന്തപുരത്തും ആലപ്പുഴയിലുമാണ് ബുള്ളറ്റിനിന് ഏറ്റവും കൂടുതൽ പ്രചാരമുള്ളത്. സംസ്ഥാനത്തെ എല്ലാ പ്രധാന ബുക്സ്റ്റോളുകളിലും പിഎസ്‌സി ബുള്ളറ്റിൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഏജൻസികൾക്ക് കൂടുതൽ സൗകര്യപ്രദമായ രീതിയിൽ പണമടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനവും ഉടൻ നിലവിൽവരും. വരിക്കാരുടെ എണ്ണത്തിലും ഗണ്യമായ വർധനവുണ്ടായിട്ടുണ്ട്. വിലാസത്തിൽ മൊബൈൽ നമ്പർ ഉൾപ്പെടുത്തുന്നവർക്ക് പണം പിഎസ്‌സി ഓഫീസിൽ ലഭിക്കുമ്പോൾ അത് സംബന്ധമായ അറിയിപ്പ് തപാൽ വകുപ്പ് നൽകുന്നുണ്ട്. വരിക്കാർക്ക് ബുള്ളറ്റിൻ അതിവേഗം ലഭിക്കുന്നതിന് ജില്ലാതല സോർട്ടിങ് നടത്തിയാണ് പോസ്റ്റ് ചെയ്യുന്നത്. 24 ബുള്ളറ്റിനിന്റെ വില 240 രൂപയാണെങ്കിലും വരിക്കാരായി ചേരുന്നവർ 200 രൂപ അടച്ചാൽ മതി. ഇരുപതോളം മുൻലക്കങ്ങൾ വാങ്ങുന്നതിന് ആസ്ഥാന ഓഫീസിൽ സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്.

**ഇ-മെയിൽ അയച്ചാൽ ഏജൻസി വ്യവസ്ഥകളും അപേക്ഷാ ഫോറവും ലഭിക്കുന്നതാണ്.**

ഏജൻസി സംബന്ധമായ അന്വേഷണങ്ങൾക്ക് 0471 2546270.


website: www.keralapsc.gov.in E-mail: kpscbulletin@gmail.com Circulation : 0471-2546270

# പിഎസ്‌സി ബുള്ളറ്റിൻ

**പത്രാധിപസമിതി അധ്യക്ഷൻ**

**ശ്രീ. അശോകൻ ചരുവിൽ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**

**ഡോ. കെ ഉഷ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ശ്രീ. പി ശിവദാസൻ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ശ്രീമതി. സിമി റോസ്‌ബെൽ ജോൺ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**അഡ്വ. ഇ രവീന്ദ്രനാഥൻ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**

**സാജു ജോർജ്**
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**കെ. ആർ. മനോജ്കുമാർ പിള്ള**

ഫോൺ : *0471 2546368 OR 9446412483*
സർക്കുലേഷൻ (പി.ആർ.യൂണിറ്റ്): *0471 2546270*


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

**വാർഷിക വരിസംഖ്യ – ₹ 200**

മണിയോർഡറായി അയക്കേണ്ട വിലാസം:
**പബ്ലിക് റിലേഷൻസ് ഓഫീസർ,**
**കേരള പബ്ലിക് സർവീസ് കമ്മിഷൻ,**
**പട്ടം പാലസ് പി.ഒ., തിരുവനന്തപുരം – 695004**

- **വരിക്കാർ ബുള്ളറ്റിൻ സംബന്ധിച്ച് കത്തെഴുതുമ്പോഴും ഫോൺ ചെയ്യുമ്പോഴും ബുള്ളറ്റിനിന്റെ ലേബലിലുള്ള സബ്‌സ്‌ക്രൈബർ നമ്പർ കൃത്യമായി സൂചിപ്പിക്കേണ്ടതാണ്.**
- **ജില്ലാ തല സോർട്ടിങ്ങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.**
- **കാലാവധി തീരാറാകുന്ന വരിക്കാർക്ക് അതു സംബന്ധമായ അറിയിപ്പ് ആറു ലക്കം മുമ്പ് മുതൽ റാപ്പറിലെ വിലാസത്തിൽ ഉൾപ്പെടുത്തുണ്ട്.**
- **വരിസംഖ്യ വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ട് സ്വീകരിക്കുന്നതാണ്.**

### ആസ്ഥാന ഓഫീസ് എൻക്വയറി

ജനറൽ എൻക്വയറി 0471 2546400,0471 2546401
(പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

### കോൾ സെന്റർ

കോൾ സെന്റർ: 0471 2444428, 0471 2444438,0471 2555538
(പ്രവർത്തന സമയം രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 മണിവരെ).

### മേഖലാ ഓഫീസുകൾ

കൊല്ലം: 0474 2745674, എറണാകുളം: 0484 2317435, കോഴിക്കോട്: 0495 2371500

### ജില്ലാ ഓഫീസുകൾ

തിരുവനന്തപുരം: 0471 2448188/ 0471 2546402, കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665, ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278, ഇടുക്കി: 04868 272359, എറണാകുളം: 0484 2314500, തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398, മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971, വയനാട്: 04936 202539, കണ്ണൂർ: 0497 2700482, കാസർഗോഡ്: 04994 230102

# പി.എസ്.സി. അറിയിപ്പുകൾ

## പി.സി.എൻ. ലഭിച്ച ഉദ്യോഗാർത്ഥികൾ ഒ.ടി.ആർ. പരിശോധനയ്ക്ക് വീണ്ടും വരേണ്ടതില്ല

ഒറ്റത്തവണ സൂക്ഷ്മപരിശോധനാ നടപടിക്രമം അനുസരിച്ച് സൂക്ഷ്മപരിശോധന നടത്തി പി.സി.എൻ. ലഭിക്കുകയും ടി തസ്തികയുടെ യോഗ്യതകളും അനുബന്ധ വിവരങ്ങളും അതോടൊപ്പം സൂക്ഷ്മപരിശോധന നടത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ ഉദ്യോഗാർത്ഥികൾ വീണ്ടും ഒറ്റത്തവണ സൂക്ഷ്മപരിശോധനയ്ക്ക് ഹാജരാകേണ്ടതില്ല. പകരം ടി തസ്തികയ്ക്ക് വേണ്ട യോഗ്യതകളും അനുബന്ധ വിവരങ്ങളും സൂക്ഷ്മപരിശോധന നടത്തി ഇതിനോടകം പി.സി.എൻ. ലഭിച്ചിട്ടുണ്ട് എന്ന് സത്യവാങ്മൂലം പ്രൊഫൈലിൽ ചേർത്താൽ മതിയാകുന്നതാണ്.

## ഗസറ്റ് വിജ്ഞാപനത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള യോഗ്യതയുടെ ഉയർന്ന/തത്തുല്യ യോഗ്യതയുള്ളവർ ഒറ്റത്തവണ രജിസ്ട്രേഷൻ മുഖേന അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം.

ഒറ്റത്തവണ രജിസ്ട്രേഷനിലൂടെ തസ്തികകളുടെ അപേക്ഷകൾ സ്വീകരിക്കുന്നതിനായി പ്രസ്തുത തസ്തികകളുടെ സ്പെഷ്യൽ റൂൾ നിഷ്ക്കർഷിച്ചിട്ടുള്ള യോഗ്യതകൾ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിജ്ഞാപനത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള യോഗ്യതകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുമ്പോൾ ineligible button ആയിരിക്കും ദൃശ്യമാവുക. പ്രസ്തുത ഉദ്യോഗാർത്ഥികൾ ineligible ബട്ടണിന് താഴെയുള്ള why I am ineligible എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യണം. അപ്പോൾ ദൃശ്യമാകുന്ന Have Equivalent or higher button ക്ലിക്ക് ചെയ്യുമ്പോൾ ഉദ്യോഗാർത്ഥി പ്രൊഫൈലിൽ രേഖപ്പെടുത്തിയ യോഗ്യത ഒരു വശത്തും വിജ്ഞാപനത്തിലെ യോഗ്യത മറുവശത്തും ലഭ്യമാകും. ഉദ്യോഗാർത്ഥി അയാളുടെ യോഗ്യതകളിൽ നിന്നും ബന്ധപ്പെട്ട യോഗ്യതയ്ക്ക് തത്തുല്യ യോഗ്യത തെരഞ്ഞെടുത്ത് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഏതൊരു യോഗ്യതയും മറ്റൊരു യോഗ്യതയോട് തുല്യതപ്പെടുത്തുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ഉദ്യോഗാർത്ഥി പ്രമാണ പരിശോധനാവേളയിൽ തുല്യത തെളിയിക്കേണ്ടതാണ്.

## ഒറ്റത്തവണ രജിസ്ട്രേഷൻ ഫോട്ടോ സംബന്ധിച്ച നിർദ്ദേശങ്ങൾ

1.1.2012 മുതൽ പ്രാബല്യത്തിലുള്ള വൺ–ടൈം രജിസ്ട്രേഷൻ, കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി നടത്തിയശേഷമാണ് ഉദ്യോഗാർത്ഥികൾ വിവിധ തസ്തികകൾക്കായി അപേക്ഷ സമർപ്പിക്കേണ്ടത്. ഫോട്ടോ അപ്‌ലോഡ് ചെയ്യുമ്പോൾ പരീക്ഷാർത്ഥികൾ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1. **ഫോട്ടോയിൽ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും പതിച്ചിരിക്കണം.**
2. **കമ്മീഷൻ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ പ്രകാരം ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുമ്പോൾ അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോയ്ക്ക് 10 വർഷത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും.**
3. പരീക്ഷാർത്ഥിയുടെ മുഖവും തോളുകളുടെ മുകൾഭാഗവും വ്യക്തമായി പതിഞ്ഞിരിക്കത്തക്ക വിധത്തിലുള്ള പാസ്പോർട്ട് സൈസിലുള്ള കളർ/ബ്ലാക്ക് & വൈറ്റ് ഫോട്ടോയായിരിക്കണം.
4. വെളുത്തതോ ഇളം നിറത്തിലോ ഉള്ള പശ്ചാത്തലത്തിൽ ഇളം നിറത്തിലുള്ള വസ്ത്രം ധരിച്ച് എടുത്ത ഫോട്ടോയായിരിക്കണം.
5. മുഖം നേരെയും പൂർണ്ണമായും ഫോട്ടോയുടെ മദ്ധ്യഭാഗത്ത് പതിഞ്ഞിരിക്കണം.
6. കണ്ണുകൾ വ്യക്തമായി കാണത്തക്ക വിധത്തിലായിരിക്കണം.
7. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോകൾ 200 പിക്സെൽ h x 150 പിക്സെൽ w ഉള്ളതും JPG ഫോർമാറ്റിലുള്ളതും 30 KB ഫയൽ സൈസിൽ അധികരിക്കാത്തതുമായിരിക്കണം.
8. സൺഗ്ലാസ്, തൊപ്പി എന്നിവ ധരിച്ച് എടുത്തതും മുഖത്തിൻെറ ഒരു വശം മാത്രം കാണത്തക്കവിധമുള്ളതും മുഖം വ്യക്തമല്ലാത്തതുമായ ഫോട്ടോകൾ സ്വീകാര്യമല്ല.
9. “മതാചാരത്തിൻെറ ഭാഗമായി തൊപ്പി/ശിരോവസ്ത്രം ധരിച്ച് എടുത്ത ഫോട്ടോ മറ്റ് നിർദ്ദേശങ്ങളനുസരിച്ചാണെങ്കിൽ സ്വീകാര്യമാണ്.

# ശരിയുത്തരം

***ജൂൺ 15 ലക്കം പേജ് 25.***

27. പ്രസിഡന്റിന്റെ പദവിയിൽനിന്ന് നീക്കംചെയ്യുന്ന നടപടി
(എ) എക്സിറ്റ് പോൾ (ബി) ഇംപീച്ച്മെന്റ്
(സി) കോർട്ട് മാർഷൽ (ഡി) കട്ട് മോഷൻ
കൊടുത്തിരുന്ന ഉത്തരം (ഡി) കട്ട് മോഷൻ
**ശരിയുത്തരം (ബി) ഇംപീച്ച്മെന്റ്**
*ഉത്തരം അയച്ചത് വിമി അങ്കമാലി*

***ജൂൺ 15 ലക്കം പേജ് 27***

2. സഹ്യന്റെ മകൻഎന്ന പ്രസിദ്ധമായ കവിതയെഴുതിയത്:
(എ) ഇടശ്ശേരി (ബി) വൈലോപ്പിള്ളി
(സി) സുഗതകുമാരി (ഡി) എൻ.എൻ.കക്കാട്
കൊടുത്തിരുന്ന ഉത്തരം (എ) ഇടശ്ശേരി
**ശരിയുത്തരം (ബി) വൈലോപ്പിള്ളി**
ഉത്തരം അയച്ചത് ആശാമോൾ എ.കെ.

***ജൂലൈ 1 ലക്കത്തിൽ പേജ് 15***

ഫെർഡിനൻഡ് ലെസപ്സ് എന്ന ഫ്രഞ്ച് എഞ്ചിനിയറാണ് പാനമ കനാലിന്റെ ആർക്കിടെക്ട് എന്നു കൊടുത്തിരുന്ന ഭാഗം ഒഴിവാക്കി പകരം ഇപ്രകാരം വായിക്കേണ്ടതാണ്–John Findlay Wallace (1904–05), John Frank Stevens (1905–07), George Washington Goethals (1907–14) **എന്നിവരാണ് പാനമ കനാലിന്റെ പ്രിൻസിപ്പൽ എഞ്ചിനിയർമാർ.**
*ശരിയായ വസ്തുത അറിയിച്ചത് സൂര്യ നെയ്യാറ്റിൻകര.*

***ജൂലൈ 1 ലക്കത്തിൽ പേജ് 13***

നല്ലളം താപനിലയം കണ്ണൂർ ജില്ലയിലാണ് എന്നു ചേർത്തിരുന്നു. കോഴിക്കോട് ജില്ലയിലാണ് നല്ലളം. കണ്ണൂർ സർവകലാശാലയുടെ ആസ്ഥാനം മങ്ങാട്ടുപറമ്പ് എന്നു കൊടുത്തിരുന്നു. ആസ്ഥാനം ഇപ്പോൾ തവക്കരയിലാണ്.

***ജൂലൈ 15 ലക്കം പേജ് 13***

* ന്യൂഡൽഹിക്കും ഭോപ്പാലിനും ഇടയിൽ ഓടുന്ന ശതാബ്ദി എക്സ്പ്രസ് ആണ് ഇന്ത്യയിലെ ഏറ്റവും വേഗം കൂടിയ തീവണ്ടി എന്നത് **ശതാബ്ദി എക്സ്പ്രസുകളിൽ ഏറ്റവും വേഗം കൂടിയത് ന്യൂഡൽഹിക്കും ഭോപ്പാലിനും ഇടയിൽ ഓടുന്ന തീവണ്ടി ആണ്** എന്ന് തിരുത്തിവായിക്കേണ്ടതാണ് (ഗതിമാൻ എക്സ്പ്രസ് ആണ് ഇപ്പോൾ ഇന്ത്യയിലെ ഏറ്റവും വേഗം കൂടിയ തീവണ്ടി)

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ളവരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾ 26 - 07 - 2016 തീയതിയിലെ കേരള സർക്കാർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനങ്ങളുടെ **സംക്ഷിപ്ത രൂപം** ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച **കൂടുതൽ വിവരങ്ങൾക്ക് ഗസററിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.**

**അസാധാരണ ഗസറ്റ് തീയതി: 26 – 07 – 2016 അവസാന തീയതി: 31 – 8 – 2016 രാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.Keralapsc.gov.in. വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31/12/2010 നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Pass word രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**താഴെ പറയുന്ന തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിന് എഴുത്തുപരീക്ഷ/ഒഎംആർ പരീക്ഷ നടത്തുന്നപക്ഷം അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് ഓൺലൈൻ സംവിധാനത്തിൽ കമ്മിഷൻെറ ഔദ്യോഗിക വെബ്സൈറ്റിലൂടെ നൽകുന്നതും, ഉദ്യോഗാർത്ഥികൾ അത് നിർദ്ദേശാനുസരണം ഡൗൺലോഡ് ചെയ്ത് പ്രിൻറ് എടുക്കേണ്ടതുമാകുന്നു.**

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

## ജനറൽ റിക്രൂട്ട്മെന്റ് (സംസ്ഥാന തലം)

### കാറ്റഗറി നമ്പർ: 187/2016
### ലക്ചറർ ഇൻ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് (ഗവ. പോളിടെക്നിക്സ്)
### സാങ്കേതിക വിദ്യാഭ്യാസം

1 **വകുപ്പ്** : സാങ്കേതിക വിദ്യാഭ്യാസം

2 **ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് (ഗവ. പോളിടെക്നിക്സ്)

3 **ശമ്പളം** : ₹ 15600–39100/– (AICTE Pay band with AGP 5400)

4 **ഒഴിവുകളുടെ എണ്ണം** : 29 (ഇരുപത്തിയൊൻപത്)

**കുറിപ്പ് :** 17.10.2012 തീയതിയിലെ ജി.ഒ.(പി) നമ്പർ 61/2012 എസ്.ഡബ്ല്യൂ.ഡി പ്രകാരം മൂന്ന് ശതമാനം (3%) ഒഴിവുകൾ Locomotor disabiltiy/ Cerebral Palsy, Low Vision എന്നീ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

5 **നിയമനരീതി** : നേരിട്ടുള്ള നിയമനം

6 **പ്രായം** : 01.01.2016 ൽ 20–39

ഉദ്യോഗാർത്ഥികൾ 02.01.1977 നും 01.01.1996 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടുതീയതികളും ഉൾപ്പെടെ) പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും [വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.]

**കുറിപ്പ് :** സാങ്കേതിക വിദ്യഭ്യാസം, പൊതുമരാമത്ത്, പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ്, വ്യവസായം, ആർക്കിടെക്ചർ, ടൗൺ പ്ലാനിംഗ് എന്നീ വകുപ്പുകളിലെ നിർദ്ദിഷ്ട യോഗ്യതയുള്ള ഉദ്യോഗസ്ഥന്മാർക്കും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കാവുന്നതാണ്. അവർക്ക് അതാത് വകുപ്പുകളിലെ സേവന ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 01.01.2016 ൽ 50 വയസ്സ് കവിയാൻ പാടില്ല.

**7.യോഗ്യതകൾ** : ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും റഗുലർ വിദ്യാഭ്യാസത്തിനുശേഷം ബന്ധപ്പെട്ട വിഷയത്തിൽ എഞ്ചിനീയറിംഗിലോ ടെക്നോളജിയിലോ നേടിയ ഒന്നാം ക്ലാസ് ബാച്ചിലർ ബിരുദം.

**കുറിപ്പ് :** അടിസ്ഥാനയോഗ്യതകൾ മുൻഗണനാക്രമത്തിൽ
(1) ഇലക്ട്രിക്കൽ എഞ്ചിനിയറിംഗിൽ B Tech/BE ബിരുദം
(2) ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗിൽ B Tech/BE ബിരുദം

**കുറിപ്പ് :** KS & SSR, Part II Rule 10(a) ii ബാധകമാണ്.

പ്രതിരോധസേവനം: മേൽ പറഞ്ഞ ജോലിയിൽ നിയമിക്കപ്പെടുന്നവർ സർക്കാർ ആവശപ്പെടുന്ന പക്ഷം, തൽസമയം ഉയർന്ന ജോലിയിലാണെങ്കിൽ തന്നെയും പരിശീലന കാലയളവുൾപ്പെടെ നാല് വർഷമെങ്കിലും ഇന്ത്യയ്ക്കകത്തോ, പുറത്തോ പ്രതിരോധ വകുപ്പിലോ, പ്രതിരോധ യത്നങ്ങളോടനുബന്ധിച്ചുള്ള ജോലിയിലോ സേവനമനുഷ്ഠിക്കാൻ ബാധ്യസ്ഥരാണ്. പ്രതിരോധവകുപ്പിലെ ഈ സേവന ബാധ്യത സർവീസിലെ ആദ്യത്തെ പത്ത് വർഷങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതാണ്. നാൽപ്പത് വയസ്സ് കഴിഞ്ഞവർക്ക് സാധാരണഗതിയിൽ ഈ നിയമം ബാധകമല്ല.

### കാറ്റഗറി നമ്പർ: 188/2016
### എക്സൈസ് ഇൻസ്പെക്ടർ (ട്രെയിനി)
### എക്സൈസ്

1 **വകുപ്പ്** : എക്സൈസ്

2. **ഉദ്യോഗപ്പേര്** : എക്സൈസ് ഇൻസ്പെക്ടർ (ട്രെയിനി)

3. **ശമ്പളം** : ₹ 30700 – 65400/–

4. **ഒഴിവുകളുടെ എണ്ണം** : കണക്കാക്കപ്പെട്ടിട്ടില്ല.

റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷം ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്നതാണ്.

5. **നിയമനരീതി** : നേരിട്ടുള്ള നിയമനം

എക്സൈസ് വകുപ്പിലെ നിശ്ചിത യോഗ്യതയുള്ള അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് പ്രിവന്റീവ് ഓഫീസർ, സിവിൽ എക്സൈസ് ഇൻസ്പെക്ടർ/വുമൺ സിവിൽ എക്സൈസ് ഇൻസ്പെക്ടർ എന്നീ വിഭാഗം ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം. അപേക്ഷകർ അപ്രൂവ്ഡ് പ്രൊബേഷണറായിരിക്കണം.

1957–ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ രണ്ടാം ഭാഗം, 14 മുതൽ 17 വരെ ചട്ടങ്ങളിൽ വിവരിച്ചിരിക്കുന്ന സംവരണ തത്വങ്ങൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല. ഉദ്യോഗാർത്ഥികളെ ഈ വിഭാഗത്തിനായി നീക്കിവയ്ക്കപ്പെട്ടിരിക്കുന്ന ഊഴങ്ങളിലേക്ക് റാങ്ക് ക്രമത്തിൽ ഒഴിവുകൾ ലഭ്യമാക്കുമ്പോൾ ഓപ്പൺ വിഭാഗത്തോടൊപ്പം നിയമന ശിപാർശ ചെയ്യുന്നതാണ്.

എക്സൈസ് ഇൻസ്പെക്ടർ തസ്തികയുടെ നേരിട്ടുള്ള നിയമനത്തിനായി റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ 10% ഒഴിവുകൾ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.ടി ഒഴിവുകൾ നികത്തുന്നതിന് ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്ത പക്ഷം പ്രസ്തുത ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് (പൊതു വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും) പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

6. **പ്രായം** : 01.01.2016ൽ 45 (നാൽപത്തഞ്ച്) വയസ് തികയാൻ പാടില്ല. ഉദ്യോഗാർത്ഥികൾ 02.01.1971–നോ അതിനുശേഷമോ ജനിച്ചവരായിരിക്കണം.

7. **യോഗ്യതകൾ** :

1. ഒരു അംഗികൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ചിട്ടുള്ള ബി.എ., ബി.എസ്.സി, ബി.കോം ബിരുദമോ തത്തുല്യമായ യോഗ്യതയോ ഉണ്ടായിരിക്കണം. വിമുക്ത ഭടന്മാർക്ക് കുറഞ്ഞ യോഗ്യതയായത്മ എസ്.എസ്. എൽ.സി മതിയാകുന്നതാണ്.

**കുറിപ്പ്:** KS & SSR Part II Rule 10 (a) ii ബാധകമാണ്

**ശാരീരിക യോഗ്യതകൾ**

2. ഉദ്യോഗാർത്ഥികൾ പുറമേയുള്ള ജോലികൾ ചെയ്യാൻ പ്രാപ്തരും ചുവടെ ചേർത്തിരിക്കുന്ന ശാരീരിക യോഗ്യതകൾ ഉള്ളവരും ആയിരിക്കണം

**പുരുഷ ഉദ്യോഗാർത്ഥികൾ**

| | |
|---|---|
| ഉയരം | 165 cm |
| പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് | 160 cm |
| നെഞ്ചളവ് | 81 cm |
| നെഞ്ചളവ് വികാസം | കുറഞ്ഞത് 5 cm |

**കുറിപ്പ്:** ***നെഞ്ചളവിന്റെ കാര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഇളവ് അനുവദിക്കുന്നതല്ല.***

**വനിത ഉദ്യോഗാർത്ഥികൾ**

**(ശാരീരികമായ പൂർണ്ണ യോഗ്യതകൾ ഉണ്ടായിരിക്കണം.)**

| | |
|---|---|
| ഉയരം | 152 cm |
| പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് | 150 cm |

**കുറിപ്പ്:** 1. ഭിന്നശേഷിയുള്ളവർ ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ യോഗ്യരല്ല.

2. NCC 'A', 'B', 'C' സർട്ടിഫിക്കറ്റുകൾക്ക് യഥാക്രമം 2%, 3%, 5% വെയിറ്റേജ് മാർക്ക് നൽകുന്നതാണ്.

ശാരീരിക യോഗ്യത തെളിയിക്കുന്നതിന് താഴെക്കൊടുത്തിട്ടുള്ള ഫാറത്തിൽ സിവിൽ സർജൻ ഗ്രേഡ് കകന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ, സർട്ടിഫിക്കറ്റ് വെരിഫിക്കേഷന്റെ സമയത്ത് ഹാജരാക്കേണ്ടതാണ്.ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക ചുവടെ ചേർക്കുന്നു.

**MEDICAL CERTIFICATE**

I have, this day, medically examined Sri.......................................... ........
.......................................................................................
.................................................................... (Address)
and found that he has no disease or infirmity which would render him/her unsuitable for Government Service and have the capacity for outdoor work. Her age according to his own statement, is ……... and by appearance, is ……... years.
He/She is physically fit for the post of Excise Inspector (Trainee)

Signature
Name, Designation of the Medical Officer

Place:
Date: (Office Seal)

8. കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾ താഴെപ്പറയുന്ന എട്ട് ഇനങ്ങളിൽ ഏതെങ്കിലും അഞ്ച് എണ്ണത്തിൽ വിജയിച്ചിരിക്കണം.

## അസാധാരണ ഗസറ്റ് തീയതി: 26 – 07 – 2016 അവസാന തീയതി: 31 – 8 – 2016 രാത്രി 12 മണി വരെ

**പുരുഷ ഉദ്യോഗാർത്ഥികൾ**

| ക്രമ നം. | ഇനങ്ങൾ | യോഗ്യത |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2 | ഹൈജമ്പ് | 132.20 cms (4'6") |
| 3 | ലോംഗ് ജമ്പ് | 457.20 cms (15') |
| 4 | പുട്ടിംഗ് ദി ഷോട്ട് (7264 ഗ്രാം) | 609.60 cms (20') |
| 5 | ത്രോയിംഗ് ദി ക്രിക്കറ്റ് ബോൾ | 6096 cms (200') |
| 6 | റോപ് ക്ളൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 cms (12') |
| 7 | പുൾ അപ്സ് അഥവാ ചിന്നിംഗ് | 8 തവണ |
| 8 | 1500 മീറ്റർ ഓട്ടം | 5 മിനിട്ട് 44 സെക്കന്റ് |

**വനിതാ ഉദ്യോഗാർത്ഥികൾ**

| ക്രമ നം. | ഇനങ്ങൾ | യോഗ്യത |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2 | ഹൈജമ്പ് | 1.06 മീറ്റർ |
| 3 | ലോംഗ് ജമ്പ് | 3.05 മീറ്റർ |
| 4 | പുട്ടിംഗ് ദി ഷോട്ട് (4 കി.ഗ്രാം) | 4.88 മീറ്റർ |
| 5 | 200 മീറ്റർ ഓട്ടം | 36 സെക്കന്റ് |
| 6 | ത്രോയിംഗ് ദി ത്രോ ബോൾ | 14 മീറ്റർ |
| 7 | ഷട്ടിൽ റേസ് (25ঃ 4 മീറ്റർ) | 26 സെക്കന്റ് |
| 8 | സ്കിപ്പിംഗ് (ഒരു മിനിട്ട്) | 80 തവണ |

കുറിപ്പ്: 1. കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ടി പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

2. വിമുക്ത ഭടൻമാർക്ക് നിയമനത്തിൽ ജി.ഒ (എം.എസ്) 50/70/PD dated 12.02.1970 പ്രകാരമുള്ള മുൻഗണന നൽകുന്നതാണ്.

3. വിമുക്ത ഭടൻമാർക്ക് ജി.ഒ. (എം.എസ്) നമ്പർ 71/78/ടി.ഡി തീയതി 08.06.1978 പ്രകാരമുള്ള ഇളവുകൾ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിൽ അനുവദിക്കുന്നതാണ്.

### SERVICE CERTIFICATE

1. Name of the Candidate:
2. Name of the post now held by the applicant with scale of pay:
3. Name of the Department in which now working:
4. Name of Service to which the applicant belongs:
5. Date of commencement of Service and date of commencement of probation:
6. Whether the applicant is probationer/ approved probationer or Full member of the service:
7. Service Particulars:

| Sl. No. | Name of Post held | Period | | Length of Service | | | Date of Declaration of Probation |
|---|---|---|---|---|---|---|---|
| | | From | To | Year | Month | Days | |
| | | | | | | | |

Total Service:

Certified that the above details in respect of Sri......................... who is a probationer/approved probationer/full member of the ......................... (Name of service) have been verified by me with the service particulars as given in the Service Book of the candidate and that they are found correct.

Place: Signature

Date: Name and Designation of the Head of Office

(Office Seal)

**9.പ്രൊബേഷൻ:** നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിൽ ആയിരിക്കും.

**10. ട്രെയിനിംഗ്:** എക്സൈസ് ഇൻസ്പെക്ടർമാരായി നേരിട്ട് നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ പന്ത്രണ്ടു മാസത്തിൽ കുറയാതെയുള്ള കാലത്തേക്ക് വകുപ്പ് അധികൃതർ നിശ്ചയിക്കുന്ന ട്രെയിനിംഗിന് വിധേയരാകേണ്ടതാണ്. ട്രെയിനിംഗ് കാലം പ്രൊബേഷനും ഇൻക്രിമെന്റിനും കണക്കാക്കുന്നതാണ്.

**11. ടെസ്റ്റ്:** എക്സൈസ് ഇൻസ്പെക്ടർമാരായി നേരിട്ട് നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ നേരത്തെ പാസ്സായിട്ടില്ലെങ്കിൽ പ്രൊബേഷൻ കാലത്തിനുള്ളിൽ അക്കൗണ്ട് ടെസ്റ്റ് ലോവറും എക്സൈസ് ടെസ്റ്റ് പാർട്ട്–എയും പാർട്ട് ബിയും DOM അല്ലെങ്കിൽ MOPയും പാസായിരിക്കേണ്ടതാണ്.

## കാറ്റഗറി നമ്പർ: 189/2016
## റേഡിയോഗ്രാഫർ ഗ്രേഡ് II
## ആരോഗ്യ വകുപ്പ്

**1. വകുപ്പ്** : ആരോഗ്യ വകുപ്പ്

**2.ഉദ്യോഗപ്പേര്** : റേഡിയോഗ്രാഫർ ഗ്രേഡ് II

**3. ശമ്പളം** : ₹22200–48000/ –

**4. ഒഴിവുകളുടെ എണ്ണം** : 3 (മൂന്ന്)

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : (18–36). ഉദ്യോഗാർത്ഥികൾ 02.01.1980 നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.(വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**7. യോഗ്യതകൾ :**

1. അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ചതും പാരാമെഡിക്കൽ കൗൺസിൽ, കേരള സർക്കാർ അറ്റോമിക് എനർജി റഗുലേറ്ററി ബോർഡ് എന്നിവ അംഗീകരിച്ചതുമായ ബി.എസ്.സി (എം.ആർ.ടി) (മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി) ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**അല്ലെങ്കിൽ**

(എ) പ്രീ ഡിഗ്രിയോ തത്തുല്യ പരീക്ഷയോ പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

ഫിസ്ക്സ്, കെമിസ്ട്രി, ബയോളജി എന്നിവ +2 തലം വരെ നിർബന്ധ വിഷയങ്ങളായിട്ടുള്ള 10+2 ഹയർ സെക്കന്ററി കോഴ്സോ തത്തുല്യമായി കേരള സർക്കാർ അംഗീകരിച്ചിട്ടുള്ള കോഴ്സോ പാസ്സായിരിക്കണം.

(ബി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, കേരള ഗവൺമെന്റ് നൽകുന്ന റേഡിയോളജിക്കൽ ടെക്നോളജി (ഡി.ആർ)യിലുള്ള ദ്വിവൽസര ഡിപ്ലോമ കോഴ്സ് പാസ്സായിരിക്കണം. അല്ലെങ്കിൽ അംഗീകൃത സർവ്വകലാശാലകളിൽ നിന്നുള്ള തത്തുല്യ യോഗ്യത നേടിയിരിക്കണം.

**കുറിപ്പ്:–** KS&SSR, Part II, Rule 10 (a) ii പ്രകാരമുള വ്യവസ്ഥകൾ ബാധകമാണ്.

## കാറ്റഗറി നമ്പർ: 190/2016
## റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
## കേരള വനം വകുപ്പ്

റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് സയൻസ് /എഞ്ചിനീയറിംഗ് ബിരുദമുള്ളവർക്ക് നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും) അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ഡയറക്ടർ ഓഫ് ഫോറസ്ട്രി എഡ്യൂക്കേഷൻ, ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ കീഴിലുള്ള ഏതെങ്കിലുമൊരു സ്ഥാപനത്തിൽ ഇന്ത്യാ ഗവൺമെന്റ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന കാലപരിധിയോളമുള്ള റെയിഞ്ച് ഫോറസ്റ്റ് ഓഫീസേഴ്സ് കോഴ്സും തുടർന്ന് വനം വകുപ്പിൽ ഒരു വർഷത്തെ പ്രായോഗിക പരിശീലനവും പൂർത്തിയാക്കേണ്ടതാണ്. ഇതിലേക്കായുള്ള തെരഞ്ഞെടുപ്പ് ഡയറക്ടർ, ഫോറസ്ട്രി എഡ്യൂക്കേഷൻ, മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആന്റ് ഫോറസ്റ്റ്, ഗവൺമെന്റ് ഓഫ് ഇൻഡ്യ, കോഴ്സ് നടത്തിപ്പിനെ സംബന്ധിച്ച്, കാലാകാലം പുറപ്പെടുവിക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായിരിക്കും.

**1. വകുപ്പ്** : കേരള വനം വകുപ്പ്

**2. ഉദ്യോഗപ്പേര്** : റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

**3. ശമ്പളം** : ₹ 20740 – 36140/– (പരിഷ്കരണത്തിനു മുൻപ്)

**4. ഒഴിവുകളുടെ എണ്ണം** : 5 (അഞ്ച്)

(മുകളിൽ പറഞ്ഞിട്ടുള്ള ഒഴിവുകൾ ഡയറക്ടർ, ഫോറസ്ട്രി എഡ്യൂക്കേഷൻ മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആന്റ് ഫോറസ്റ്റ്, ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ സീറ്റ് അലോട്ട്മെന്റിന്റെ തീരുമാനത്തിനനുസരിച്ചും കൂടുതൽ ഒഴിവ് വരുന്നതുമൂലവും മാറാവുന്നതാണ്.)

**കുറിപ്പ്** :– ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് (ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ കോഴ്സ്) തുടങ്ങി ഒരുമാസം അല്ലെങ്കിൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് മൂന്നുമാസം ഏതാണോ അവസാനം അന്ന് റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 19–30; ഉദ്യോഗാർത്ഥികൾ 02.01.1986–നും 01.01.1997–നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്കവിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും.

(വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ പാർട്ട് II രണ്ടാം ഖണ്ഡിക നോക്കുക) വിമുക്തഭടന്മാർക്ക് ജാതി മതഭേദമന്യേ ഉയർന്ന പ്രായപരിധി 37 വയസ്സായിരിക്കും.

**കുറിപ്പ്:** വിമുക്തഭടന്മാർക്ക് ജി.ഒ.(എം.എസ്) നമ്പർ 70/73/പി.ഡി തീയതി 02.03.1973 പ്രകാരമുള്ള മുൻഗണന ലഭിക്കുന്നതാണ്.

**7 യോഗ്യതകൾ :**

I. വിദ്യാഭ്യാസ യോഗ്യത: ഇൻഡ്യാ ഗവൺമെന്റിന്റെയോ, കേരളാ ഗവൺമെന്റിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റി/സ്ഥാപനം/ കൽപ്പിത സർവ്വകലാശാല എന്നിവയിൽ നിന്നും സയൻസിലോ എഞ്ചിനീയറിംഗിലോ താഴെ പറയുന്ന ഏതെങ്കിലും വിഷയത്തിൽ ലഭിച്ചിട്ടുള്ള ബിരുദം

അഗ്രിക്കൾച്ചർ, ബോട്ടണി, കെമിസ്ട്രി, കമ്പ്യൂട്ടർ ആപ്ളിക്കേഷൻ/കമ്പ്യൂട്ടർ സയൻസ്, എഞ്ചിനീയറിംഗ് (അഗ്രിക്കൾച്ചറൽ /കെമിക്കൽ/സിവിൽ /കമ്പ്യൂട്ടർ/ ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് /മെക്കാനിക്കൽ) എൻവയോൺമെന്റൽ സയൻസ്, ഫോറസ്ട്രി, ജിയോളജി, ഹോർട്ടിക്കൾച്ചർ, മാത്തമാറ്റിക്സ്, ഫിസിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, വെറ്ററിനറി സയൻസ്, സുവോളജി.

II. ശാരീരിക യോഗ്യതകൾ

(എ) താഴെപറയുന്ന കുറഞ്ഞ ശാരീരിക യോഗ്യതകൾ കൂടി ഉണ്ടായിരിക്കണം.

| പുരുഷന്മാർ | സ്ത്രീകൾ |
|---|---|
| (i) ഉയരം 163 സെ.മീ. | ഉയരം 150 സെ.മീ. |
| (ii) നെഞ്ചളവ് 79 സെ.മീ.(സാധാരണ) | |
| (നെഞ്ചളവ് വികാസം– 5 സെ.മീ.) | |

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഉയരം, നെഞ്ചളവ് എന്നിവയിൽ യഥാക്രമം 5 സെ.മീ, 2.5 സെ.മീ. ഇളവ് ലഭിക്കുന്നതാണ്. (നെഞ്ച് വികാസം ഏറ്റവും കുറഞ്ഞത് 5 സെ.മീ)

(ബി) എല്ലാ പുരുഷ സ്ത്രീ ഉദ്യോഗാർത്ഥികൾക്കും താഴെപ്പറയുന്ന മെഡിക്കൽ യോഗ്യത ഉണ്ടായിരിക്കണം.

1. ചെവി : നല്ല കേൾവി ശക്തി ഉണ്ടായിരിക്കണം

2. കണ്ണ് : കണ്ണടയില്ലാതെ താഴെപറയുന്ന വിധത്തിലുള്ള കാഴ്ച ശക്തി ഉള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | |
|---|---|
| (എ) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ |
| (ബി) സമീപക്കാഴ്ച | 0.5 സ്നെല്ലൻ |
| (സി) കളർ വിഷൻ | സാധാരണ |
| (ഡി) നിശാന്ധത | പാടില്ല |

3. പേശികളും സന്ധികളും

തളർവാതം പാടില്ലാത്തതും എല്ലാ സന്ധികളും ആയാസ രഹിതമായി ചലിപ്പിക്കാവുന്നതുമായിരിക്കണം.

4. നാഡീവ്യൂഹം : പൂർണ്ണ ക്ഷമതയുള്ളതായിരിക്കണം. പകർച്ചവ്യാധികളിൽ നിന്നും വിമുക്തമായിരിക്കണം

ശാരീരിക അളവുകൾ മെഡിക്കൽ ടെസ്റ്റിനും വാക്കിംഗ് ടെസ്റ്റിനും മുൻപായി എടുക്കുന്നതാണ്. ഉദ്യോഗാർത്ഥികൾ നിശ്ചിത ശാരീരിക അളവുകൾ ഉണ്ടെന്ന് ബോധ്യപ്പെട്ടതിനു ശേഷം മാത്രം അപേക്ഷിക്കുന്നതാണ് അഭികാമ്യം.

8. ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന്റെ പ്രാഥമിക ഘട്ടമായി ഒരു സ്ക്രീനിങ്ങ് ടെസ്റ്റ് നടത്തുന്നതാണ്.തുടർന്ന് ശാരീരിക അളവെടുപ്പ്, വാക്കിംഗ് ടെസ്റ്റ്, എഴുത്തു പരീക്ഷ, ഇന്റർവ്യൂ എന്നിവ കൂടി നടത്തി തെരഞ്ഞെടുപ്പ് പൂർത്തീകരിക്കുന്നതാണ്.

**9. മത്സരപരീക്ഷ:** ഉദ്യോഗാർത്ഥികൾ താഴെപ്പറയുന്ന വിഷയങ്ങളിൽ നടത്തുന്ന പരീക്ഷയ്ക്ക് വിധേയരാകേണ്ടതാണ്.

**നിർബന്ധിത വിഷയങ്ങൾ:**

| | |
|---|---|
| പൊതുവിജ്ഞാനം | – 100 മാർക്ക് |
| ഇംഗ്ളീഷ് (സംഗ്രഹിച്ചെഴുത്ത്, ഉപന്യാസം തുടങ്ങിയവ) | – 100 മാർക്ക് |

**ഐച്ഛിക വിഷയങ്ങൾ**

താഴെപ്പറയുന്ന ഏതെങ്കിലും രണ്ട് വിഷയങ്ങളിലുള്ള പരീക്ഷ – 200 മാർക്ക് വീതം

അഗ്രിക്കൾച്ചർ, ബോട്ടണി, കെമിസ്ട്രി, കമ്പ്യൂട്ടർ ആപ്ളിക്കേഷൻ /കമ്പ്യൂട്ടർ സയൻസ്, എൻഞ്ചിനീയറിംഗ് (അഗ്രിക്കൾച്ചറൽ/കെമിക്കൽ/സിവിൽ /കമ്പ്യൂട്ടർ /ഇലക്ട്രിക്ക ൽ/ഇലക്ട്രോണിക്സ്/മെക്കാനിക്കൽ), എൻവയോൺമെന്റ സയൻസ്, ഫോറസ്ട്രി, ജിയോളജി, ഹോർട്ടികൾച്ചർ, മാത്തമാറ്റിക്സ്, ഫിസിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, വെറ്ററിനറി സയൻസ്, സുവോളജി (ഈ വിഷയങ്ങളുടെ സ്റ്റാൻഡേർഡ് ബിരുദത്തിന് തുല്യമായിരിക്കും).

**കുറിപ്പ്** : താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെടുന്ന വിഷയങ്ങളി ഒരു വിഭാഗത്തിൽനിന്നും ഒന്നിൽ കൂടുതൽ വിഷയങ്ങൾ ഉദ്യോഗാർത്ഥികൾക്ക് തെരഞ്ഞെടുക്കുവാൻ പാടുള്ളതല്ല.

(i) അഗ്രികൾച്ചർ, അഗ്രികൾച്ചർ എഞ്ചിനീയറിംഗ് & വെറ്റിനറി സയൻസ്.

(ii) കെമിസ്ട്രി & കെമിക്കൽ എഞ്ചിനീയറിംഗ്.

(iii) കമ്പ്യൂട്ടർ ആപ്ളിക്കേഷൻ/കമ്പ്യൂട്ടർ സയൻസ് & കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്.

(iv) ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്.

(v) മാത്തമാറ്റിക്സ് & സ്റ്റാറ്റിസ്റ്റിക്സ്.

**കുറിപ്പ്** :– ഉദ്യോഗാർത്ഥികൾ പരീക്ഷയ്ക്ക് തെരഞ്ഞെടുക്കുന്ന ഐച്ഛിക വിഷയങ്ങൾ അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.അല്ലാത്തപക്ഷം അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

**10. വാക്കിംഗ് ടെസ്റ്റ്**

യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന താഴെപ്പറയുന്ന കായികക്ഷമതാ നടത്ത പരീക്ഷ വിജയിക്കണം.

പുരുഷന്മാർ: നാല് മണിക്കൂറിനുള്ളിൽ ഇരുപത്തിയഞ്ച് (25) കിലോ മീറ്റർ ദൂരം നടക്കണം.

സ്ത്രീകൾ: നാല് മണിക്കൂറിനുള്ളിൽ പതിനാറ് (16) കിലോ മീറ്റർ ദൂരം നടക്കണം.

**11. ഇന്റർവ്യൂ:** എഴുത്തുപരീക്ഷയിൽ യോഗ്യത നേടുന്ന

ഉദ്യോഗാർത്ഥികൾ കമ്മീഷൻ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും ഇന്റർവ്യൂവിന് ഹാജരാക്കേണ്ടതാണ്.

**12. ഹെൽത്ത് സർട്ടിഫിക്കറ്റ്**

ഉദ്യോഗാർത്ഥിയുടെ കേൾവി ശക്തി, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ ആയാസകരമായ ജോലികൾ ചെയ്യുന്നതിനുള്ള പ്രാപ്തി, ഇവയെ സംബന്ധിച്ച് ഒരു സിവിൽ സർജൻ സാക്ഷ്യപ്പെടുത്തിയ അസ്സൽ സർട്ടിഫിക്കറ്റ് ഉദ്യോഗാർത്ഥി കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കണം. ടി സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥിയുടെ ശരീരത്തിലുള്ള രണ്ട് തിരിച്ചറിയൽ അടയാളങ്ങളും രേഖപ്പെടുത്തേണ്ടതാണ്. ഉദ്യോഗാർത്ഥിയുടെ ഉയരവും നെഞ്ചളവും (സാധാരണയും വികസിതവും) കൂടി മെഡിക്കൽ സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തണം.

***കുറിപ്പ്: (i) ഭിന്നശേഷിയുള്ളവർ ഈ കോഴ്സിന് അപേക്ഷിക്കുവാൻ അർഹരല്ല.***

(ii) തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളെ വനം വകുപ്പ് ഒരു മെഡിക്കൽ ബോർഡിന്റെ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. ടി ബോർഡിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് വനം വകുപ്പിലെ ആയാസകരമായതും പുറത്തുള്ളതും ആയ ജോലികൾ ചെയ്യുന്നതിനുള്ള പ്രാപ്തി ഉണ്ടെന്നുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്ന പക്ഷം ആയത് ഇൻഡ്യാ ഗവൺമെന്റിന്റെ ഡെറാഡൂണിലെ ഫോറസ്റ്റ് എഡ്യൂക്കേഷൻ ഡയറക്ടർക്ക് അയച്ചുകൊടുക്കുന്നതാണ്.

13. ഉദ്യോഗാർത്ഥികൾ സ്ക്രീനിംഗ് ടെസ്റ്റിനും വാക്കിംഗ് ടെസ്റ്റിനും എഴുത്തുപരീക്ഷയ്ക്കും ഇന്റർവ്യൂവിനും സ്വന്തം ചെലവിൽ ഹാജരാകേണ്ടതാണ്.

14. കമ്മീഷന്റെ മേൽപ്പറഞ്ഞ സ്ക്രീനിംഗ് ടെസ്റ്റിലും വാക്കിംഗ് ടെസ്റ്റിലും എഴുത്തുപരീക്ഷയിലും ഇന്റർവ്യൂവിലും അർഹത നേടുന്ന ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും ലിസ്റ്റിൽ നിന്നും നിയമന ശുപാർശ നൽകുന്നതുമാണ്. ഇപ്രകാരം കമ്മീഷൻ തെരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഡയറക്ടർ, ഫോറസ്ട്രി എഡ്യുക്കേഷന്റെ കീഴിലുള്ള ഏതെങ്കിലും സംസ്ഥാന ഫോറസ്റ്റ് സർവ്വീസ് കോളേജുകളിൽ റെയിഞ്ച് ഫോറസ്റ്റ് കോഴ്സിന് ചേരാവുന്നതാണ്.

15. റെയിഞ്ച് ഫോറസ്റ്റ് ഓഫീസേഴ്സ് കോഴ്സ് പൂർത്തിയാക്കുന്ന ഉദ്യോഗാർത്ഥികളെ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ ഒരു വർഷത്തെ പ്രായോഗിക പരിശീലനത്തിന്നിയോഗിക്കുന്നതാണ്.

16. റെയിഞ്ച് ഫോറസ്റ്റ് ഓഫീസേഴ്സ് കോഴ്സിന്റെ സമയത്തും പ്രായോഗിക പരിശീലന സമയത്തും ഉദ്യോഗാർത്ഥികൾക്ക് അടിസ്ഥാന ശമ്പളവും മറ്റ് അർഹതപ്പെട്ട അലവൻസുകളും ലഭിക്കുന്നതാണ്.

17. കോഴ്സിന് തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ കോളേജിലേക്കും തിരിച്ചുമുള്ള യാത്രയുടെ ചെലവ് ഉൾപ്പെടെ ട്രെയിനിംഗിന്റെ എല്ലാ ചെലവുകളും സർക്കാർ വഹിക്കുന്നതാണ്. കോഷൻ മണിയും മെസ് ഡെപ്പോസിറ്റും ഉദ്യോഗാർത്ഥികൾ കോളേജിൽ ചേരുമ്പോൾ കെട്ടിവയ്ക്കേണ്ടതാണ്.

18. ഫോറസ്റ്റ് കോളേജിലെ പരിശീലനകാലവും വനം വകുപ്പിലെ പ്രായോഗിക പരിശീലന കാലവും ലീവിനും പെൻഷനും കണക്കാക്കും.

19. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ കോഴ്സ് വിജയകരമായി പൂർത്തിയാക്കാത്ത ഉദ്യോഗാർത്ഥികളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതായിരിക്കും.

20. അന്തിമമായി തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ അഞ്ഞൂറ് (500) രൂപയുടെ മുദ്രപത്രത്തിൽ കോഴ്സ് കഴിഞ്ഞാൽ സർക്കാർ ആവശ്യപ്പെടുന്ന പക്ഷം കുറഞ്ഞത് അഞ്ച് വർഷത്തേക്ക് സർക്കാരിനെ സേവിച്ചുകൊള്ളാമെന്നുള്ള കരാറിൽ ഏർപ്പെടേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾ ഗസറ്റഡ് റാങ്കിലുള്ള രണ്ട് സ്ഥിരം സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നോ അല്ലെങ്കിൽ 300000/– രൂപയുടെ ആസ്തിയുള്ള വരിൽനിന്നോ രണ്ട് ഷുവർട്ടി ഹാജരാക്കേണ്ടിവരും.പരീക്ഷയിൽ തോൽക്കുന്നതു മൂലമോ മറ്റു വിധത്തിലോ സർക്കാരിന് നഷ്ടമുണ്ടായാൽ തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ പഠനത്തിനുവേണ്ടി സർക്കാർ ചെലവാക്കിയ തുക 6% വാർഷിക പലിശയോടെ തിരിച്ചടയ്ക്കേണ്ടതാണ്.

21. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി നിയമിക്കപ്പെടുന്നവരുടെ പ്രൊബേഷൻ കാലം തുടർച്ചയായ 3 വർഷത്തിനകം 2 വർഷത്തെ ഡ്യൂട്ടിയായിരിക്കും.

22. എന്‍ട്രന്‍സ് ആന്റ് ട്രെയിനിംഗ് റൂൾസ് (റിവൈസ്ഡ്) 2004, ഉദ്യോഗാർത്ഥി നൽകേണ്ട കരാറുകളുടേയും ബോണ്ടുകളുടേയും കരടുകൾ എന്നിവ തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് തിരുവനന്തപുരത്തുള്ള ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ പ്രവൃത്തി സമയങ്ങളിൽ വായിച്ചുനോക്കാൻ ലഭിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 191/2016
## റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
## കേരള വനം വകുപ്പ്

റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് കേരള വനം വകുപ്പിലെ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിലും, മിനിസ്റ്റീരിയൽ സർവ്വീസിലുമുള്ള അപ്രൂവ്ഡ് പ്രൊബേഷണർമാർക്ക് തസ്തികമാറ്റം വഴിയുള്ളനിയമനത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ഡയറക്ടർ ഓഫ് ഫോറസ്ട്രി എഡ്യുക്കേഷൻ, ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ കീഴിലുള്ള ഏതെങ്കിലുമൊരു സ്ഥാപനത്തിൽ ഇന്ത്യാ ഗവൺമെന്റ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന കാലപരിധിയോളമുള്ള റെയിഞ്ച് ഫോറസ്റ്റ് ഓഫീസേഴ്സ് കോഴ്സും തുടർന്ന് വനം വകുപ്പിൽ ഒരു വർഷത്തെ പ്രായോഗിക പരിശീലനവും പൂർത്തിയാക്കേണ്ടതാണ്. ഇതിലേക്കായുള്ള തെരഞ്ഞെടുപ്പ് ഡയറക്ടർ, ഫോറസ്ട്രി എഡ്യൂക്കേഷൻ, മിനിസ്ട്രീസ് ഓഫ് എൻവയോൺമെന്റ് ആന്റ് ഫോറസ്റ്റ്, ഗവൺമെന്റ് ഓഫ് ഇൻഡ്യ, കോഴ്സ് നടത്തിപ്പിനെ സംബന്ധിച്ച്, കാലാകാലം പുറപ്പെടുവിക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായിരിക്കും.

| | | |
|---|---|---|
| **1. വകുപ്പ്** | : | കേരള വനം വകുപ്പ് |
| **2. ഉദ്യോഗപ്പേര്** | : | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ |
| **3. ശമ്പളം** | : | ₹ 20740 – 36140/– (പരിഷ്കരണത്തിനു മുൻപ്) |

**4. ഒഴിവുകളുടെ എണ്ണം** : 8 (എട്ട്)

(മുകളിൽ പറഞ്ഞിട്ടുള്ള ഒഴിവുകൾ ഡയറക്ടർ, ഫോറസ്ട്രി എഡ്യൂക്കേഷൻ മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആന്റ് ഫോറസ്റ്റ്, ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ സീറ്റ് അലോട്ട്മെന്റിന്റെ തീരുമാനത്തിനനുസരിച്ചും കൂടുതൽ ഒഴിവ് വരുന്നതുമൂലവും മാറാവുന്നതാണ്.)

**കുറിപ്പ് :–** ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ കോഴ്സ് (ട്രെയിനിംഗ്) തുടങ്ങി ഒരുമാസം അല്ലെങ്കിൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് മൂന്നുമാസം ഏതാണോ അവസാനം അന്ന് റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും.

**5. നിയമനരീതി** : തസ്തികമാറ്റം വഴിയുള്ള നിയമനം (കേരള വനം വകുപ്പിലെ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിലും, മിനിസ്റ്റീരിയൽ സർവ്വീസിലും ഉള്ള അപ്രൂവ്ഡ് പ്രൊബേഷണർമാരിൽ നിന്നും)

**6. പ്രായം** : 01.01.2016–ൽ 40 (നാൽപത്) വയസ് തികയാൻ പാടില്ല. ഉദ്യോഗാർത്ഥികൾ 02.01.1976–നോ അതിനുശേഷമോ ജനിച്ചവരായിരിക്കണം. മറ്റു പിന്നോക്കവിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ പാർട്ട് II രണ്ടാം ഖണ്ഡിക നോക്കുക)

**7 യോഗ്യതകൾ :**

I. 1) വിദ്യാഭ്യാസ യോഗ്യത: ഇൻഡ്യാ ഗവൺമെന്റിന്റെയോ, കേരളാ ഗവൺമെന്റിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റി/സ്ഥാപനം/ കൽപ്പിത സർവ്വകലാശാല എന്നിവയിൽ നിന്നും സയൻസിലോ എഞ്ചിനീയറിംഗിലോ താഴെ പറയുന്ന ഏതെങ്കിലും വിഷയത്തിൽ ലഭിച്ചിട്ടുള്ള ബിരുദം

അഗ്രിക്കൾച്ചർ, ബോട്ടണി, കെമിസ്ട്രി, കമ്പ്യൂട്ടർ ആപ്ളിക്കേഷൻ/കമ്പ്യൂട്ടർ സയൻസ്, എഞ്ചിനീയറിംഗ് (അഗ്രിക്കൾച്ചറൽ /കെമിക്കൽ/സിവിൽ /കമ്പ്യൂട്ടർ/ ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് /മെക്കാനിക്കൽ) എൻവയോൺമെന്റൽ സയൻസ്, ഫോറസ്ട്രി, ജിയോളജി, ഹോർട്ടിക്കൾച്ചർ, മാത്തമാറ്റിക്സ്, ഫിസിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, വെറ്ററിനറി സയൻസ്, സുവോളജി.

2) ഉദ്യോഗാർത്ഥികൾ കേരള ഫോറസ്റ്റ് മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിലോ കരള ഫോറസ്റ്റ് മിനിസ്റ്റീരിയൽ സർവ്വീസിലോ അഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കിയവരും അപ്രൂവ്ഡ് പ്രൊബേഷണർമാരും ആയിരിക്കണം.

**II. ശാരീരിക യോഗ്യതകൾ**

(എ) താഴെപറയുന്ന കുറഞ്ഞ ശാരീരിക യോഗ്യതകൾ കൂടി ഉണ്ടായിരിക്കണം.

| പുരുഷന്മാർ | സ്ത്രീകൾ |
|---|---|
| (i) ഉയരം 163 സെ.മീ. | ഉയരം 150 സെ.മീ. |
| (ii) നെഞ്ചളവ് 79 സെ.മീ.(സാധാരണ) | |
| (നെഞ്ചളവ് വികാസം– 5 സെ.മീ.) | |

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഉയരം, നെഞ്ചളവ് എന്നിവയിൽ യഥാക്രമം 5 സെ.മീ, 2.5 സെ.മീ. ഇളവ് ലഭിക്കുന്നതാണ്. (നെഞ്ച് വികാസം ഏറ്റവും കുറഞ്ഞത് 5 സെ.മീ)

(ബി) എല്ലാ പുരുഷ സ്ത്രീ ഉദ്യോഗാർത്ഥികൾക്കും താഴെപ്പറയുന്ന മെഡിക്കൽ യോഗ്യത ഉണ്ടായിരിക്കണം.

1. ചെവി : നല്ല കേൾവി ശക്തി ഉണ്ടായിരിക്കണം

2. കണ്ണ് : കണ്ണടയില്ലാതെ താഴെപറയുന്ന വിധത്തിലുള്ള കാഴ്ചശക്തി ഉള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | |
|---|---|
| (എ) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ |
| (ബി) സമീപക്കാഴ്ച | 0.5 സ്നെല്ലൻ |
| (സി) കളർ വിഷൻ | സാധാരണ |
| (ഡി) നിശാന്ധത | പാടില്ല |

3. പേശികളും സന്ധികളും

തളർവാതം പാടില്ലാത്തതും എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നതുമായിരിക്കണം.

4. നാഡീവ്യൂഹം : പൂർണ്ണ ക്ഷമതയുള്ളതായിരിക്കണം. പകർച്ചവ്യാധികളിൽ നിന്നും വിമുക്തമായിരിക്കണം

ശാരീരിക അളവുകൾ മെഡിക്കൽ ടെസ്റ്റിനും വാക്കിംഗ് ടെസ്റ്റിനും മുൻപായി എടുക്കുന്നതാണ്. ഉദ്യോഗാർത്ഥികൾ നിശ്ചിത ശാരീരിക അളവുകൾ ഉണ്ടെന്ന് ബോധ്യപ്പെട്ടതിനുശേഷം മാത്രം അപേക്ഷിക്കുന്നതാണ് അഭികാമ്യം.

8. ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന്റെ പ്രാഥമിക ഘട്ടമായി ഒരു സ്ക്രീനിങ്ങ് ടെസ്റ്റ് നടത്തുന്നതാണ്.തുടർന്ന് ശാരീരിക അളവെടുപ്പ്, വാക്കിംഗ് ടെസ്റ്റ്, എഴുത്തു പരീക്ഷ, ഇന്റർവ്യൂ എന്നിവ കൂടി നടത്തി തെരഞ്ഞെടുപ്പ് പൂർത്തീകരിക്കുന്നതാണ്.

**9. മത്സരപരീക്ഷ:** ഉദ്യോഗാർത്ഥികൾ കമ്മീഷൻ താഴെപ്പറയുന്ന വിഷയങ്ങളിൽ നടത്തുന്ന പരീക്ഷയ്ക്ക് വിധേയരാകേണ്ടതാണ്.

**നിർബന്ധിത വിഷയങ്ങൾ:**

പൊതുവിജ്ഞാനം – 100 മാർക്ക്

ഇംഗ്ലീഷ് (സംഗ്രഹിച്ചെഴുത്ത്, ഉപന്യാസം തുടങ്ങിയവ) – 100 മാർക്ക്

**ഐച്ഛിക വിഷയങ്ങൾ**

താഴെപ്പറയുന്ന ഏതെങ്കിലും രണ്ട് വിഷയങ്ങളിലുള്ള പരീക്ഷ – 200 മാർക്ക് വീതം

അഗ്രിക്കൾച്ചർ, ബോട്ടണി, കെമിസ്ട്രി, കമ്പ്യൂട്ടർ ആപ്ളിക്കേഷൻ /കമ്പ്യൂട്ടർ സയൻസ്, എഞ്ചിനീയറിംഗ് (അഗ്രിക്കൾച്ചറൽ/കെമിക്കൽ/സിവിൽ /കമ്പ്യൂട്ടർ /ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ്/മെക്കാനിക്കൽ), എൻവയോൺമെന്റ സയൻസ്, ഫോറസ്ട്രി, ജിയോളജി, ഹോർട്ടികൾച്ചർ, മാത്തമാറ്റിക്സ്, ഫിസിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, വെറ്ററിനറി സയൻസ്, സുവോളജി (ഈ വിഷയങ്ങളുടെ സ്റ്റാൻഡേർഡ് ബിരുദത്തിന് തുല്യമായിരിക്കും).

**കുറിപ്പ്** : താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെടുന്ന വിഷയങ്ങളി ഒരു വിഭാഗത്തിൽനിന്നും ഒന്നിൽ കൂടുതൽ വിഷയങ്ങൾ ഉദ്യോഗാർത്ഥികൾക്ക് തെരഞ്ഞെടുക്കുവാൻ പാടുള്ളതല്ല.

(i) അഗ്രികൾച്ചർ, അഗ്രികൾച്ചർ എഞ്ചിനീയറിംഗ് & വെറ്ററിനറി സയൻസ്.

(ii) കെമിസ്ട്രി & കെമിക്കൽ എഞ്ചിനീയറിംഗ്.

(iii) കമ്പ്യൂട്ടർ ആപ്ളിക്കേഷൻ/കമ്പ്യൂട്ടർ സയൻസ് & കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്.

(iv) ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്.

(v) മാത്തമാറ്റിക്സ് & സ്റ്റാറ്റിസ്റ്റിക്സ്.

**കുറിപ്പ് :–** ഉദ്യോഗാർത്ഥികൾ പരീക്ഷയ്ക്ക് തെരഞ്ഞെടുക്കുന്ന ഐച്ഛിക വിഷയങ്ങൾ അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

**10. വാക്കിംഗ് ടെസ്റ്റ്**

യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന താഴെപ്പറയുന്ന കായികക്ഷമതാ നടത്ത പരീക്ഷ വിജയിക്കണം.

പുരുഷന്മാർ: നാല് മണിക്കൂറിനുള്ളിൽ ഇരുപത്തിയഞ്ച് (25) കിലോ മീറ്റർ ദൂരം നടക്കണം.

സ്ത്രീകൾ: നാല് മണിക്കൂറിനുള്ളിൽ പതിനാറ് (16) കിലോ മീറ്റർ ദൂരം നടക്കണം.

**11. ഇന്റർവ്യൂ:** എഴുത്തുപരീക്ഷയിൽ യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികൾ കമ്മീഷൻ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും ഇന്റർവ്യൂവിന് ഹാജരാക്കേണ്ടതാണ്.

**12. ഹെൽത്ത് സർട്ടിഫിക്കറ്റ്**

ഉദ്യോഗാർത്ഥിയുടെ കേൾവി ശക്തി, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ ആയാസകരമായ ജോലികൾ ചെയ്യുന്നതിനുള്ള പ്രാപ്തി, ഇവയെ സംബന്ധിച്ച് ഒരു സിവിൽ സർജൻ സാക്ഷ്യപ്പെടുത്തിയ അസ്സൽ സർട്ടിഫിക്കറ്റ് ഉദ്യോഗാർത്ഥി കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കണം. ടി സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥിയുടെ ശരീരത്തിലുള്ള രണ്ട് തിരിച്ചറിയൽ അടയാളങ്ങളും രേഖപ്പെടുത്തേണ്ടതാണ്. ഉദ്യോഗാർത്ഥിയുടെ ഉയരവും നെഞ്ചളവും (സാധാരണയും വികസിതവും) കൂടി മെഡിക്ക സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തണം.

***കുറിപ്പ്: (i) ഭിന്നശേഷിയുള്ളവർ ഈ കോഴ്സിന് അപേക്ഷിക്കുവാൻ അർഹരല്ല.***

(2) തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളെ വനം വകുപ്പ് ഒരു മെഡിക്കൽ ബോർഡിന്റെ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. ടി ബോർഡിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് വനം വകുപ്പിലെ ആയാസകരമായതും പുറത്തുള്ളതും ആയ ജോലികൾ ചെയ്യുന്നതിനുള്ള പ്രാപ്തി ഉണ്ടെന്നുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്ന പക്ഷം ആയത് ഇൻഡ്യാ ഗവൺമെന്റിന്റെ ഡെറാഡൂണിലെ ഫോറസ്റ്റ് എഡ്യൂക്കേഷൻ ഡയറക്ടർക്ക് അയച്ചുകൊടുക്കുന്നതാണ്.

(3) ഉദ്യോഗാർത്ഥികൾ അവരവരുടേതായ തസ്തികകളിൽ അഞ്ചു വർഷത്തെ സേവനം പൂർത്തീകരിച്ചതിനും, അപ്രൂവ്ഡ് പ്രൊബേഷണർ/ഫുൾ മെമ്പറാണെന്ന് തെളിയിക്കുന്നതിനുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃക വിജ്ഞാപനത്തോട് ചേർത്തിട്ടുണ്ട്.

**റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി വകുപ്പുതല ഉദ്യോഗാർത്ഥികൾ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട സർട്ടിഫിക്കറ്റിന്റെ മാതൃക**

1. ഉദ്യോഗാർത്ഥിയുടെ പേര് :
2. ഇപ്പോൾ വഹിക്കുന്ന തസ്തിക :
3. അപേക്ഷ സമർപ്പിച്ച തീയതിയിലെ ശമ്പളവും ശമ്പള സ്കെയിലും :
4. ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസ് (സർക്കിൾ ഉൾപ്പെടെ) :
5. ഇപ്പോൾ വഹിക്കുന്ന തസ്തികയിൽ ഉദ്യോഗാർഥി അപ്രൂവ്ഡ് പ്രൊബേഷണർ/

ഫുൾ മെമ്പർ ആണോ എന്നതു
വ്യക്തമാക്കേണ്ടതാണ്. ആണെങ്കിൽ
പ്രൊബേഷൻ പ്രഖ്യാപിച്ച തീയതി

6. സർവ്വീസ് സംബന്ധിച്ച വിശദാംശങ്ങൾ:
(സർവ്വീസിൽ പ്രവേശിച്ച തീയതി മുതൽ
ഇതുവരെയുള്ളത്) :

| തസ്തികയുടെ പേര് | ശമ്പള സ്കെയിൽ | വകുപ്പ് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| | | | | |

മേൽപ്പറഞ്ഞ വിശദാംശങ്ങൾ ഉദ്യോഗാർത്ഥിയുടെ സർവ്വീസ് രേകൾ പരിശോധിച്ച് ശരിയാണെന്നു ബോധ്യപ്പെട്ടിട്ടുണ്ട്. ഉദ്യോഗാർത്ഥി തസ്തികമാറ്റം വഴി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് അർഹനാണ്.

ഓഫീസ്/വകുപ്പു മേധാവിയുടെ
തീയതിയോടുകൂടിയ ഒപ്പും പേരും
ഔദ്യോഗികപദവിയും
(ആഫീസ് സീൽ)

13. ഉദ്യോഗാർത്ഥികൾ സ്ക്രീനിംഗ് ടെസ്റ്റിനും വാക്കിംഗ് ടെസ്റ്റിനും എഴുത്തു പരീക്ഷയ്ക്കും ഇന്റർവ്യൂവിനും സ്വന്തം ചെലവിൽ ഹാജരാകേണ്ടതാണ്.

14. കമ്മീഷന്റെ മേൽപ്പറഞ്ഞ സ്ക്രീനിംഗ് ടെസ്റ്റിലും വാക്കിംഗ് ടെസ്റ്റിലും എഴുത്തുപരീക്ഷയിലും ഇന്റർവ്യൂവിലും അർഹത നേടുന്ന ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും ലിസ്റ്റിൽ നിന്നും നിയമന ശുപാർശ നൽകുന്നതുമാണ്. ഇപ്രകാരം കമ്മീഷൻ തെരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഡയറക്ടർ, ഫോറസ്ട്രി എഡ്യുക്കേഷന്റെ കീഴിലുള്ള ഏതെങ്കിലും സംസ്ഥാന ഫോറസ്റ്റ് സർവ്വീസ് കോളേജുകളിൽ റെയിഞ്ച് ഫോറസ്റ്റ് കോഴ്സിന് ചേരാവുന്നതാണ്.

15. റേയിഞ്ച് ഫോറസ്റ്റ് ഓഫീസേഴ്സ് കോഴ്സ് പൂർത്തിയാക്കുന്ന ഉദ്യോഗാർത്ഥികളെ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ ഒരു വർഷത്തെ പ്രായോഗിക പരിശീലനത്തിന് നിയോഗിക്കുന്നതാണ്.

16. റെയിഞ്ച് ഫോറസ്റ്റ് ഓഫീസേഴ്സ് കോഴ്സിന്റെ സമയത്തും പ്രായോഗിക പരിശീലന സമയത്തും ഉദ്യോഗാർത്ഥികൾക്ക് അടിസ്ഥാന ശമ്പളവും മറ്റ് അർഹതപ്പെട്ട അലവൻസുകളും ലഭിക്കുന്നതാണ്.

17. കോഴ്സിന് തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ കോളേജിലേക്കും തിരിച്ചുമുള്ള യാത്രയുടെ ചെലവ് ഉൾപ്പെടെ ട്രെയിനിംഗിന്റെ എല്ലാ ചെലവുകളും സർക്കാർ വഹിക്കുന്നതാണ്. കോഷൻ മണിയും മെസ് ഡെപ്പോസിറ്റും ഉദ്യോഗാർത്ഥികൾ കോളേജിൽ ചേരുമ്പോൾ കെട്ടിവയ്ക്കേണ്ടതാണ്.

18. ഫോറസ്റ്റ് കോളേജിലെ പരിശീലനകാലവും വനം വകുപ്പിലെ പ്രായോഗിക പരിശീലന കാലവും ലീവിനും പെൻഷനും കണക്കാക്കും.

19. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ കോഴ്സ് വിജയകരമായി പൂർത്തിയാക്കാത്ത ഉദ്യോഗാർത്ഥികളെ തസ്തികമാറ്റം മുഖേന നിയമനം ലഭിക്കുന്നതിനുമുമ്പ് അവർ ജോലിചെയ്തിരുന്ന തസ്തികയിലേക്ക് തരം താഴ്ത്തുന്നതായിരിക്കും.

20. അന്തിമമായി തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ അഞ്ഞൂറ് (500) രൂപയുടെ മുദ്രപത്രത്തിൽ കോഴ്സ് കഴിഞ്ഞാൽ സർക്കാർ ആവശ്യപ്പെടുന്ന പക്ഷം കുറഞ്ഞത് അഞ്ച് വർഷത്തേക്ക് സർക്കാരിനെ സേവിച്ചുകൊള്ളാമെന്നുള്ള കരാറിൽ ഏർപ്പെടേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾ ഗസറ്റഡ് റാങ്കിലുള്ള രണ്ട് സ്ഥിരം സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നോ അല്ലെങ്കിൽ 300000/– രൂപയുടെ ആസ്തിയുള്ളവരിൽനിന്നോ രണ്ട് ഷുവർറ്റി ഹാജരാക്കേണ്ടിവരും.പരീക്ഷയിൽ തോൽക്കുന്നതു മൂലമോ മറ്റു വിധത്തിലോ സർക്കാരിന് നഷ്ടമുണ്ടായാൽ തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ പഠനത്തിനുവേണ്ടി സർക്കാർ ചെലവാക്കിയ തുക 6% വാർഷിക പലിശയോടെ തിരിച്ചടയ്ക്കേണ്ടതാണ്.

21. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി നിയമിക്കപ്പെടുന്നവരുടെ പ്രൊബേഷൻ കാലം തുടർച്ചയായ 3 വർഷത്തിനകം 2 വർഷത്തെ ഡ്യൂട്ടിയായിരിക്കും.

22. എൻട്രൻസ് ആന്റ് ട്രെയിനിംഗ് റൂൾസ് (റിവൈസ്ഡ്) 2004, ഉദ്യോഗാർത്ഥി നൽകേണ്ട കരാറുകളുടേയും ബോണ്ടുകളുടേയും കരടുകൾ എന്നിവ തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് തിരുവനന്തപുരത്തുള്ള ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ പ്രവൃത്തി സമയങ്ങളിൽ വായിച്ചുനോക്കാൻ ലഭിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 192/2016
## അസിസ്റ്റന്റ് മാനേജർ ഗ്രേഡ് II
## സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

**1 സ്ഥാപനത്തിന്റെ പേര്** : സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

**2 ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് മാനേജർ ഗ്രേഡ് II

**3 ശമ്പളം** : ₹ 19240–34500/

**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം

**6 പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 02.01.1980 നും 01.01.1998 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റുപിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനകാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം. (വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii), (iii), (iv) , (vi), (vii) & (xii) നോക്കുക.)

**7. യോഗ്യതകൾ** : അഗ്രികൾച്ചർ/ഹോർട്ടി കൾച്ചർ/ഫോറസ്ട്രി എന്നീ വിഷയങ്ങളിൽ ഏതിലെങ്കിലും ഉള്ള ഒരു അംഗീകൃത സർവ്വകലാശാലാ ബിരുദം

**കുറിപ്പ് :** 1) മറ്റ് കാര്യങ്ങൾ തുല്യമാണെങ്കിൽ 12.02.1970 ലെ ജി ഒ (എം. എസ്) 50/70/പി.ഡിയും തുടർന്നുള്ള ഭേദഗതിയും പ്രകാരം പ്ലാന്റേഷനിൽ മേൽനോട്ടം വഹിച്ച് ഒരു വർഷത്തിൽ കുറയാത്ത പരിചയമുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** 2 കെ.എസ്. ആന്റ് എസ്. എസ്. ആർ. പാർട്ട് II വിലെ റൂൾ 10 (a) ii ബാധകമാണ്

### പരിചയ സർട്ടിഫിക്കറ്റ്

സ്ഥാപനത്തിന്റെ പേര് :
രജിസ്റ്റർ നമ്പർ :
സ്ഥാപനം രജിസ്റ്റർ ചെയ്ത തീയതിയും
എവിടെ രജിസ്റ്റർ ചെയ്തു എന്നും :

ശ്രീ./ശ്രീമതി. ........................................................ (അപേക്ഷകന്റെ പേരും മേൽവിലാസവും) ............................................... സ്ഥാപനത്തിൽ (സ്ഥാപനത്തിന്റെ പേര്)..............മുതൽ.................വരെ (കാലയളവ് വ്യക്തമാക്കണം) ............................................ തസ്തികയിൽ സ്ഥിരമായി/ താല്കാലികമായി/ അപ്രന്റീസായി/ട്രെയിനി/ദിവസ വേതനം (ട്രേഡ് ഉൾപ്പെടെയുള്ള ജോലിയുടെ പേര്) ആയി പ്രതിമാസം ............................ രൂപ ശമ്പള നിരക്കിൽ /പ്രതിദിനം .......................... രൂപ ശമ്പള നിരക്കിൽ ജോലി ചെയ്തിട്ടുണ്ട് /ചെയ്തുവരികയാണ് എന്ന് ഇതിനാൽ സർട്ടിഫൈ ചെയ്യുന്നു.

സ്ഥലം : സ്ഥാപനമുടമയുടെ തീയതി
തീയതി: സഹിതമുള്ള ഒപ്പ്, പേര്
മേൽ വിലാസം
(ഓഫീസ് മുദ്ര)

### സാക്ഷ്യപത്രം

മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ശ്രീ/ശ്രീമതി.................................(അതിൽ പറയുന്ന കാലയളവിൽ) ടി സ്ഥാപനത്തിൽ ................................ആയി (ജോലിയുടെ പേര്) ജോലി ചെയ്തതായി/ചെയ്യുന്നതായി ............................ നിയമപ്രകാരം /ചട്ടപ്രകാരം സ്ഥാപനമുടമ സൂക്ഷിക്കേണ്ട രജിസ്റ്റർ .................................. (രജിസ്റ്ററിന്റെ പേര് വ്യക്തമാക്കണം) പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

ഞാൻ കേരള /കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച....................... ............. എന്ന ചട്ടപ്രകാരം /നിയമപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപനമുടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

സ്ഥലം : സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ
തീയതി : തീയതി സഹിതമുള്ള ഒപ്പ്,
ഉദ്യോഗപ്പേര്, ഓഫീസ്
(ഓഫീസ് മുദ്ര)

**കുറിപ്പ്:** 1) പരിചയസർട്ടിഫിക്കറ്റ് ഗസറ്റ് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ 19–ാം ഖണ്ഡിക പ്രകാരമുള്ള സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുള്ളതായിരിക്കണം

2)എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

3) സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

11 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5a, 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ: 193/2016
## ഇൻവെസ്റ്റിഗേറ്റർ
## (ആന്ത്രപ്പോളജി / സോഷ്യോളജി)
## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച്, ട്രെയിനിംഗ് ആന്റ് ഡെവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർത്താഡ്സ്)

1. **വകുപ്പ്** :കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച്, ട്രെയിനിംഗ് ആന്റ് ഡെവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർത്താഡ്സ്)
2. **ഉദ്യോഗപ്പേര്** :ഇൻവെസ്റ്റിഗേറ്റർ (ആന്ത്രപ്പോളജി / സോഷ്യോളജി)
3. **ശമ്പളം** :₹ 11620–20240 / (പി.ആർ.)
4. **ഒഴിവുകളുടെ എണ്ണം** :3 (മൂന്ന്)
5. **നിയമനരീതി** : നേരിട്ടുള്ള നിയമനം
6. **പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1980 നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്കവിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7 യോഗ്യതകൾ :** ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ആന്ത്രപ്പോളജിയിലോ സോഷ്യോളജിയിലോ നേടിയ ഫസ്റ്റ് ക്ലാസ് അല്ലെങ്കിൽ സെക്കന്റ് ക്ലാസ് മാസ്റ്റേഴ്സ് ബിരുദം.

കുറിപ്പ്:– KS & SSR Part II Rule 10 (a) (ii) ബാധകമാണ്.

**8.പ്രൊബേഷൻ** : ഈ തസ്തികയിലേയ്ക്ക് നിയമനം ലഭിക്കുന്നവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിൽ ആയിരിക്കും.

**9.ടെസ്റ്റ് :–** ഈ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നവർ അക്കൗണ്ട് ടെസ്റ്റ് (ലോവർ) പാസ്സായിട്ടില്ലെങ്കിൽ പ്രൊബേഷൻ കാലയളവിനുള്ളിൽ ആയത് പാസ്സായിരിക്കണം.

## കാറ്റഗറി നമ്പർ: 194/2016
## ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
## ഡെന്റൽ ഹൈജീനിസ്റ്റ് ഗ്രേഡ് II

**1. വകുപ്പ്** : ഇൻഷുറൻസ് മെഡിക്കൽസർവ്വീസസ്

**2 ഉദ്യോഗപ്പേര്** : ഡെന്റൽ ഹൈജീനിസ്റ്റ് ഗ്രേഡ് II

**3 ശമ്പളം** : ₹11620–20240 (PR)

**4 ഒഴിവുകളുടെ എണ്ണം**: 1 (ഒന്ന്)

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം

**6 പ്രായം** : (18–36) ഉദ്യോഗാർത്ഥികൾ 02.01.1980 നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).

**7. യോഗ്യതകൾ:** 1. എസ്.എസ്.എൽ.സി. യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.

2. സാങ്കേതികം : തിരുവനന്തപുരം ഡന്റൽ കോളേജിൽ നടത്തുന്ന ഡന്റൽ ഹൈജീനിസ്റ്റ് കോഴ്സ് ജയിച്ചിരിക്കണം. അല്ലെങ്കിൽ അംഗീകരിച്ച തത്തുല്യമായ യോഗ്യത നേടിയിരിക്കണം

**കുറിപ്പ്:** KS&SSR Part II Rule 10(a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 195/2016
## ടെക്നീഷ്യൻ ഗ്രേഡ് II
## (ജനറൽ മെക്കാനിക്ക്)
## കേരള കോ – ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

### പാർട്ട്–1 (ജനറൽ കാറ്റഗറി)

**1. സ്ഥാപനം** : കേരള കോ–ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

**2. ഉദ്യോഗപ്പേര്** : ടെക്നീഷ്യൻ ഗ്രേഡ് II (ജനറൽ മെക്കാനിക്ക്)

**3. ശമ്പളം** : ₹ 10405–24245/

**4.ഒഴിവുകളുടെ എണ്ണം:** 10 (പത്ത്)

**കുറിപ്പ്:** 1) മേൽപ്പറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതും ഈ തസ്തികയ്ക്ക് കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും അറിയിച്ച ഇരുപത് (20) ഒഴിവുകൾ ജനറൽ വിഭാഗം (പാർട്ട് 1) സൊസൈറ്റി വിഭാഗം (പാർട്ട് II) എന്നിവയ്ക്ക് 1:1 എന്ന അനുപാതത്തിൽ വിഭജിച്ചപ്പോൾ ജനറൽ വിഭാഗത്തിനു മാത്രമായി ലഭിച്ചിട്ടുള്ള തുമാകുന്നു. ഒഴിവുകളിലെ ആദ്യ ഊഴം ജനറൽ വിഭാഗത്തിനു ള്ളതായിരിക്കും. ടി സ്ഥാപനത്തിൽ നിന്നും ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ. 1:1 എന്ന അനുപാതത്തിൽ മേൽ വിഭജനത്തിന് തുടർച്ചയായി വിഭജിച്ച് ജനറൽ കാറ്റഗറിയിൽ നിന്നും സൊസൈറ്റി കാറ്റഗറിയിൽ നിന്നും നികത്തുന്നതാണ്. സൊസൈറ്റി വിഭാഗത്തിനായി മാറ്റി വയ്ക്കപ്പെടുന്ന ഒഴിവു കൾ പാർട്ട് II ആയി പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ച് നികത്തുന്നതാണ്. കെ.എസ് ആന്റ് എസ്.എസ്.ആർ ലെ ജന റൽ റൂൾസ് 14 മുതൽ 17വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

**5. നിയമനരീതി :** നേരിട്ടുള്ള നിയമനം.

**6. പ്രായം :** 18–40 ഉദ്യോഗാർത്ഥികൾ 02/01/1976 നും 01/01/ 1998 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, പ ട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃ തം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് II –ലെ പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡിക നോക്കുക.)

ii) ഹെവി ഡ്യൂട്ടി വാഹനങ്ങളും മോട്ടോർ സൈക്കിളും ഓടിക്കുന്നതിന് അനുവദിച്ചുകൊണ്ട് നിലവിലുള്ള മോട്ടോർ ഡ്രൈവിംഗ് ലൈസൻസും ഹെവി ഡ്യൂട്ടി വാഹനങ്ങൾ (മിലിട്ടറിയോ സിവിലോ) ഓടിച്ചുള്ള മൂന്നു വർഷത്തെ പരിചയവുമുണ്ടായിരിക്കണം. 16.01.1979 നു ശേഷം ഡ്രൈവിംഗ് ലൈസൻസ് നേടിയ ഉദ്യോഗാർത്ഥികളുടെ ലൈസൻസിൽ ഹെവി ഗുഡ്സ്, ഹെവി പാസഞ്ചർ എന്നീ രണ്ടുതരം വാഹനങ്ങൾ ഓടിക്കുന്നതിനുള്ള 'എൻഡോഴ്സ്മെന്റ്' ഉണ്ടായിരിക്കണം. ഇവയിൽ ഒന്നുമാത്രമുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. മോട്ടോർ വെഹിക്കിൾ ആക്ടിന്റെ 47/78 ഭേദഗതി കാണുക.

**കുറിപ്പ്:** ഹെവി ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിനുള്ള പ്രാഗൽഭ്യം ഒരു പ്രായോഗിക പരീക്ഷയിൽ (H Test അടക്കം) തെളിയിക്കേണ്ടതാണ്. ഗ്രൗണ്ട് ടെസ്റ്റിൽ (H Test) വിജയിക്കുന്നവരെ മാത്രമേ റോഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കുകയുള്ളൂ.

KS & SSR Rule 10 (a) ii ബാധകമാണ്.

iii) ശാരീരിക യോഗ്യതകൾ :

(എ) ചെവി: പൂർണ്ണമായ ശ്രവണശേഷി ഉണ്ടായിരിക്കണം.

| (ബി) കണ്ണ് : | വലത് | ഇടത് |
|---|---|---|
| ദൂരകാഴ്ച | : 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപ കഴ്ച | : 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| കളർ വിഷൻ | : സാധരണമായിരിക്കണം | |
| മാലക്കണ്ണ് | : ഇല്ലാതിരിക്കണം | |

(സി) പേശികളും സന്ധികളും : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.

(ഡി) ഞരമ്പുഘടന : പൂർണ്ണമായും സാധരണരീതിയിലുള്ളതായിരിക്കണം. പകർച്ചവ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.

iv) ഉദ്യോഗാർത്ഥികൾ വിമുക്തഭടന്മാരോ ടെരിട്ടോറിയൽ ആർമിയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവരോ ആയിരിക്കണം. (അപേക്ഷകൻ ഡിസ്ചാർജ് സർട്ടിഫിക്കറ്റിന്റേയും പെൻഷൻ പേയ്മെന്റ്

ഓർഡറിന്റേയും സ്വയം സാക്ഷ്യപ്പെടുത്തിയ പൂർണ്ണമായ ശരി പകർപ്പുകൾ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

**കുറിപ്പ്:** 1) ഈ ഉദ്യോഗത്തിന് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ മോട്ടോർ വാഹനങ്ങൾ ക്ലീൻ ചെയ്യുന്നതിനും ഓയിൽ ഇടുന്നതിനും സന്നദ്ധരായിരിക്കണം. ഇക്കാര്യം അപേക്ഷയിൽ യോഗ്യതയുടെ കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

2) തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ കൂടി ഓടിക്കുന്നതിന് കഴിവുള്ളതായിരിക്കണം.

3)ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.

4) ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ കോളത്തിൽ (യോഗ്യതകൾ) ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

5) ഈ തസ്തികയിലേക്കുള്ള അപേക്ഷകരുടെ എണ്ണം വളരെ കൂടുതലാണെങ്കിൽ പ്രായോഗിക പരീക്ഷയ്ക്ക് മുന്നോടിയായി ഒരു എഴുത്ത് പരീക്ഷകൂടി നടത്തുന്നതാണ്.

6) പ്രായോഗിക പരീക്ഷയ്ക്ക് ക്ഷണിക്കുമ്പോൾ മുകളിൽ 7(iii)–ാം ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ് സംബന്ധമായ എല്ലാ വിവരങ്ങളും [iii (b) ] ഒഴികെ) അടങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. കൂടാതെ കാഴ്ചശക്തി സംബന്ധിച്ച് ഖണ്ഡിക 7(iii)(b) ൽ പറയുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവൺമെന്റ് സർവ്വീസിലുള്ള ഒഫ്താൽമോളജിസ്റ്റിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക ഈ വിജ്ഞാപനത്തോടൊപ്പം ചുവടെ ചേർത്തിട്ടുണ്ട്.

7) സർവ്വീസിൽ പ്രവേശിച്ച തീയതി, സർവ്വീസിൽ നിന്നും വിടുതൽ ചെയ്ത തീയതി, വാഹനത്തിന്റെ ഇനം മുതലായവ ഡ്രൈവിംഗിലുള്ള പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റിൽ കാണിച്ചിരിക്കേണ്ടതാണ്. ഇപ്പോൾ സർവ്വീസിലാണെങ്കിൽ ആ വിവരവും രേഖപ്പെടുത്തേണ്ടതാണ്.

8) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ ഊഴം അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ ചെയ്യുന്നതാണ്.

9)തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം. അതായത് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും, OMR പരീക്ഷ, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തുന്ന തീയതികളിലും.

**പ്രൊബേഷൻ :** ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്നുവർഷക്കാലയളവിനുള്ളിൽ ഡ്യൂട്ടിയിലുള്ള രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

**FORM OF MEDICAL CERTIFICATE REGARDING PHYSICAL FITNESS FOR THE POST OF DRIVER (LDV/HDV)**
**(To be filled up by a Medical Officer not below the rank of an Assistant Surgeon)**

1. What is the applicant's apparent age? :
2. Is the applicant to the best of your judgment, subject to epilespy, vertigo or any mental ailment likely to affect his efficiency? :
3. Does the applicant suffer from any heart or lungs disorder which might interfere with the performance of his duties as a Driver? :
4. Does the applicant suffer from any degree of deafness, which would prevent his hearing the ordinary sound signals? Is his hearing perfect? :
5. Has the applicant any deformtiy or loss of finger, which would interfere with the efficient performance of his duties as a driver? :
6. State of Muscles and Joints (No paralysis and all joints with free movements) :
7. State of Nervous System (Perfectly normal and free from any infectious diseases) :
8. Does he show any evidence of being addicted to the extensive use of alcohol, tobacco or drinks? :
9. Marks of Identification :

He is physically fit for the post of .. I certify to the best of my knowledge and belief that the applicant Shri..................is the person herein above described and that the attached photograph has a reasonably correct likeness.

(The signature of the Medical officer shall be affixed on the photograph.)

Signature
Place: Name Designation &
Date: Official Address
(office seal)

**FORM OF MEDICAL CERTIFICATE REGARDING VISION FOR THE POST OF DRIVER GRADE II (LDV/HDV)**
**(To be filled up by an Ophthalmologist in Government Service)**

1. Is there any defect of vision? If so, has it been corrected by suitable spectacles so that the distant vision is 6/6 snellen and near vision is 0.5 snellen. :
2. Can the applicant readily distinguish the pigmentary colours red and green? :
3. Does the applicant suffer from any night blindness? :

I have this day medically examined Shri .......... and found that he has no defect of vision which would render him unsuitable for the post of Driver Grade II (LDV) and his standards of vision are as follows.

**STANDARDS OF VISION**
**(Eye sight without glasses)**

| | Right Eye | Left Eye |
|---|---|---|
| 1. Distant Vision | ....snellen | ....snellen |
| 2. Near Vision | ....snellen | ....snellen |

3. Field of vision ...................
(specify whether full or not, Etnry 'Normal', 'Good' etc. will be inappropriate here)
4. Colour blindness
5. Squint
6. Any morbid conditions of the eyes or lids of either eye.

His standards of vision are fit for the post of Driver (LDV/HDV) I certify to the best of my knowledge and belief that the applicant Shri ..................................... is the person herein above described and that the attached photograph has a reasonably correct likeness (The signature of the Ophthalmologist shall be affixed on the photograph leaving the face clear.)

Signature
Place: Name
Date: Designation & Official Address
(office seal)

**Note:-** Details regarding standards of vision should be clearly stated in the certificate, as given above and vague statements such as vision Normal etc. will not be accepted. Specification for each eye should be stated separately. Special attention should be directed to the distant vision. Required standard of vision are as follows.

| | Right Eye | Left Eye |
|---|---|---|
| (a) Distant vision | 6/6 snellen | 6/6 snellen |
| (b) Near vision | 0.5 snellen | 0.5 snellen |

(c ) Each eye must have full field of vision

## കാറ്റഗറി നമ്പർ: 209/2016
## ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ്
## (വിമുക്തഭടന്മാർ മാത്രം)
## എൻ.സി.സി/സൈനികക്ഷേമ വകുപ്പ്

### രണ്ടാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : എൻ.സി.സി/ സൈനികക്ഷേമ വകുപ്പ്

**2. ഉദ്യോഗപ്പേര്** : ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് (വിമുക്തഭടന്മാർ മാത്രം)

**3. ശമ്പളം** : ₹ 8,500–13,210/

**4. ഒഴിവുകളുടെ എണ്ണം:** ജാതി അടിസ്ഥാനത്തിൽ
കൊല്ലം പട്ടികജാതി – 02 (രണ്ട്)

**കുറിപ്പ് :** (i) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കൊല്ലം | 12/11/12 | 239/2008 |

(ii) 31.12.2013 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 637/2013 പ്രകാരമുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനത്തിനുശേഷവും ടി സംവരണ ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥിവകൾ ലഭ്യമായിട്ടില്ലാത്തതിനാലാണ് രണ്ടാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

17.10.1978 ലെ 475/78/GAD നമ്പർ ഉത്തരവ് പ്രകാരമുള്ള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിന്റെ ഭേദഗതി പ്രകാരം പ്യൂൺ, ചൗക്കിദാർ തസ്തിക കൂടാതെ ലാസ്ക്കർ, വാച്ച്മാൻ മുതലായ തസ്തികകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (എസ്.സി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം** : 8–50. ഉദ്യോഗാർത്ഥികൾ 2.01.1966 നും 1.1.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). (പാർട്ട് 2 പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 ൽ പറയുന്ന പട്ടാള സേവനകാലമുൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങൾ ഇതിലുൾപ്പെടും)

**7. യോഗ്യതകൾ :** (1) മലയാളത്തിലോ, തമിഴിലോ, കന്നഡയിലോ എഴുതുവാനും വായിക്കുവാനുമുള്ള കഴിവ്.
(2) വിമുക്തഭടൻ ആയിരിക്കണം.

**കുറിപ്പ്:** KS & SSR Part II Rule 10 (a) (ii)ബാധകമാണ്.

1)വാച്ചർ, നൈറ്റ് വാച്ചർ, വാച്ച്മാൻ, നൈറ്റ് വാച്ച്മാൻ, ലാസ്ക്കർ എന്നീ തസ്തികകൾക്ക് വികലാംഗരും സ്ത്രീകളും അർഹരല്ല.

2) വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ ആസ്ഥാന ഒഴിവിലേക്കും ഊഴം അനുസരിച്ച് ശിപാർശര ചെയ്യാവുന്നതാണ്.

## ജില്ല/മേഖല ഓഫീസുകളുടെ മേൽവിലാസം

**DISTRICT OFFICES**

**THIRUVANANTHAPURAM**
The District Officer,
K.P.S.C. District Office,Pattom
Thiruvananthapuram 695004
Phone: 0471 - 2448188

**KOLLAM**
The District Officer,
K.P.S.C. District Office,
Corporation Building,
Andamukkam, Kollam 691 001
Phone: 0474 - 2743624

**PATHANAMTHITTA**
The District Officer,
K.P.S.C. District Office,
Mangalam Plaza,
Near Mini Civil Station,
Kumbazha Road,
Pathanamthitta 689645
Phone: 0468 - 2222665

**ALAPPUZHA**
The District Officer,
K.P.S.C. District Office,
Crescent Mansion,
South of Collectorate,
Alissery Road, Alappuzha 688001
Phone: 0477 - 2264134

**KOTTAYAM**
The District Officer,
K.P.S.C. District Office,
Devalokam,Muttambalam P.O,
Kottayam - 686004
Phone: 0481 - 2578278

**IDUKKI**
The District Officer,
K.P.S.C. District Office,
Comercial cum Office Complex,
Kerala State Housing Board
Building(4th Floor),
Kattappana, Idukki 685508
Phone: 04868 - 272359

**ERNAKULAM**
The District Officer,
K.P.S.C. District Office,
3rd Floor,Eastern Entry Tower,
Ernakulam South Railway Station,
Karshaka Road, Kochi-682016
Phone : 0484 - 2314500

**THRISSUR**
The District Officer,
K.P.S.C. District Office,
KSDC for SC/ST Ltd. Building,
II Floor ,Town Hall Road,
Thrissur - 680020
Phone: 0487 - 2327505

**PALAKKAD**
The District Officer,
K.P.S.C. District Office,
Civil Station, Palakkad - 678001
Phone: 0491 - 2505398

**MALAPPURAM**
The District Officer,
K.P.S.C. District Office,
Civil Station,New Block,
Malappuram - 676505
Phone: 0483 - 2734308

**KOZHIKODE**
The District Officer,
K.P.S.C, District Office,
Civil Station,
Kozhikode - 673020
Phone: 0495 - 2371971

**WAYANAD**
The District Officer,
K.P.S.C. District Office,
2nd Floor M.G.T Buildings,
North Kalapetta P.O,
Wayanad - 673122
Phone: 04936 - 202539

**KANNUR**
The District Officer,
K.P.S.C. District Office,
Civil Lines, I Floor,
Kannur - 670002
Phone: 0497 - 2700482

**KASARAGOD**
The District Officer,
K.P.S.C. District Office,
'Tiger Hills',
Building No.KMC XII-38-D,
Municipal Road,
Pulikunnu,
Kasaragod - 671121
Phone: 04994 - 230102

**REGIONAL OFFICES**

**KOLLAM**
The Regional Officer,
K.P.S.C. Regional Office,
Corporation Building, Andamukkam,
Kollam 691 001. Phone: 0474 - 2745674

**ERNAKULAM**
The Regional Officer,
K.P.S.C.Regional Office,
4 th Floor, Eastern Entry Tower,
Ernakulam South Railway Station,
Karshaka Road, Kochi-682016.
Phone: 0484 - 2317435

**KOZHIKODE**
The Regional Officer,
K.P.S.C Regional Office,
Civil Station, Kozhikode - 673 020
Phone: 0495 - 2371500

# കാസർകോട്



## കേരളത്തിലെ ജില്ലകൾ

**കേരളത്തിൽ ഏറ്റവും ഒടുവിൽ രൂപംകൊണ്ട ജില്ലയായ കാസർകോടിന് ഏറെ പ്രത്യേകതകൾ സ്വന്തമാണ്. സപ്തഭാഷ സംഗമഭൂമിയായ കാസർകോട് കേരളത്തിലെ വടക്കേയറ്റത്തെ ജില്ല യാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ നദികൾ ഒഴുകുന്നത് ഈ ജില്ലയിലൂടെയാണ്. സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസം നേടിയ ഇന്ത്യയിലെ രണ്ടാമത്തെ ജില്ലയാണ് കാസർകോട്. പുകയില ഉൽപാദനത്തിൽ ഒന്നാം സ്ഥാനമുണ്ട്. കാസർകോടിനെക്കുറിച്ചുള്ള കൂടുതൽ വിവ രങ്ങൾക്ക് വായന തുടരുക.**

### പ്രത്യേകതകൾ

* ദൈവങ്ങളുടെ നാട് എന്നറിയപ്പെടുന്ന ജില്ല
* ഏറ്റവുമൊടുവിൽ രൂപീകൃതമായ ജില്ല (1984).
* ഏറ്റവും കുറച്ച് വിസ്തീർണമുള്ള രണ്ടാമത്തെ ജില്ല
* തുളു ഭാഷ സംസാരിക്കപ്പെടുന്ന ജില്ല
* കേരളത്തിൽ വില്ലേജുകൾ ഏറ്റവും കുറവുള്ള ജില്ലയാണ് വയനാട്.
* സപ്തഭാഷ സംഗമഭൂമി (Malayalam, Kannada, Tulu,Beary bashe, Konkani, Urdu ,English) എന്നറി യപ്പെടുന്ന ജില്ല.
* യക്ഷഗാനത്തിന് പ്രചാരം ഉള്ള കേരളത്തിലെ ഏക ജില്ല.

### ആദ്യത്തേത്

* ഒന്നാം കേരള നിയമസഭയിലേക്ക് ആദ്യമായി തിരഞ്ഞെ ടുക്കപ്പെട്ട വ്യക്തി- എം.ഉമേശ് റാവു
* രാജ്യത്തെ ആദ്യത്തെ പൂർണ രക്തദാന പഞ്ചായത്ത്- **മടിക്കൈ**
* കേരളത്തിലെ ആദ്യത്തെ ജൈവഗ്രാമം സ്ഥാപിക്കുന്നത് കാസർകോട് ജില്ലയിലാണ്. ദക്ഷിണ കൊറിയയുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്.
* വൈ-ഫൈ സംവിധാനം ഏർപ്പെടുത്തിയ കേരളത്തിലെ ആദ്യത്തെ പഞ്ചായത്താണ് തൃക്കരിപ്പൂർ.
* നിർമൽ ഗ്രാമ പുരസ്കാരം നേടിയ കേരളത്തിലെ ആദ്യത്തെ പഞ്ചായത്താണ് പീലിക്കോട്.
* ഇന്ത്യയിലെ ആദ്യത്തെ ഇ-പെയ്മെന്റ് ഗ്രാമപഞ്ചായ ത്താണ് മഞ്ചേശ്വരം.

### സൂപ്പർലേറ്റീവുകൾ

* കേരളത്തിലെ ഏറ്റവും വടക്കേയറ്റത്തെ നദി – **മഞ്ചേ ശ്വരം**
* കേരളത്തിലെ ഏറ്റവും വടക്കേയറ്റത്തെ അസംബ്ലി മണ്ഡലം-**മഞ്ചേശ്വരം**
* കേരളത്തിലെ പാർലമെന്റ് മണ്ഡലങ്ങളിൽ ഏറ്റവും വടക്കേയറ്റത്തേത്- **കാസർകോട്**
* കേരളത്തിന്റെ ഏറ്റവും വടക്കേയറ്റത്തെ കായൽ- **ഉപ്പളക്കായൽ**
* കേരളത്തിലെ നദികളിൽ ഏറ്റവും ചെറുത്- **മഞ്ചേശ്വരം**
* കേരളത്തിലെ ഏറ്റവും വലിയ കോട്ട- **ബേക്കൽ കോട്ട (40 ഏക്കർ)**
* കേരളത്തിലെ ഏറ്റവും വടക്കേയറ്റത്തെ ഗ്രാമം- **തല പ്പാടി**
* കേരളത്തിൽ ഏറ്റവും കൂടുതൽ ഭാഷകൾ ഉപയോഗത്തി ലുള്ള ജില്ല- **കാസർകോട്**
* കേരളത്തിലെ ഏറ്റവും വടക്കേയറ്റത്തെ താലൂക്ക്- മഞ്ചേശ്വരം (മുമ്പ് ഈ പ്രത്യേകത കാസർകോട് താലൂക്കിന് സ്വന്തമായിരുന്നു).
* കേരളത്തിലെ ഏറ്റവും നീളം കുറഞ്ഞ നദിയാണ് മഞ്ചേശ്വരം (16 കി.മീ.).
* കേരളത്തിലെ വടക്കേയറ്റത്തെ റെയിൽവേ സ്റ്റേഷൻ മഞ്ചേശ്വരം.

### അപരനാമങ്ങൾ/പഴയ പേരുകൾ

* കേരളത്തിലെ ഊട്ടി എന്നു വിളിക്കുന്ന റാണിപുരത്തി ന്റെ പഴയപേര്- **മാടത്തുമല**
* കാസർകോടിന്റെ സാംസ്കാരിക തലസ്ഥാനം എന്നറി യപ്പെടുന്നത്- **നീലേശ്വരം**
* ഇന്നത്തെ ഹോസ്ദുർഗ്ഗ് താലൂക്ക് പഴയകാലത്ത് നീലേ ശ്വരം എന്ന നാട്ടുരാജ്യമായിരുന്നു.
* കേരളത്തിന്റെ കൂർഗ് എന്നറിയപ്പെടുന്ന മലയോര പട്ടണമാണ് മാലോം.
* തിരുകരിപ്പുറമാണ് പിൽക്കാലത്ത് തൃക്കരിപ്പൂരായത്.
* ചെറുവത്തൂരിനെയാണ് കുട്ടമത്ത് നഗർ എന്ന് പുനർനാ മകരണം ചെയ്യാൻ തീരുമാനിച്ചിരിക്കുന്നത്.

### പ്രധാനപ്പെട്ട വസ്തുതകൾ

* കേരളത്തിലെ രണ്ടാമത്തെ തുറന്ന ജയിൽ- **ചീമേനി**
* മല്ലികാർജുനക്ഷേത്രം എവിടെയാണ്- കാസർകോട് (ശ്രീ കൃഷ്ണനു സമർപ്പിച്ചിരിക്കുന്നു)
* എൻഡോസൾഫാൻ ബാധിതരെ കൈപിടിച്ചുയർത്താന പുനരധിവാസ ഗ്രാമം നിർമിക്കുന്നത് മുളിയാറിലാണ്.
* കവ്വായിക്കായലിലുള്ള തുരുത്തുകളാണ് മാടക്കൽ, എടേ ലക്കാട്, വടക്കേക്കാട് എന്നിവ.
* കാസർകോട്, മഞ്ചേശ്വരം, വെള്ളരിക്കുണ്ട്, ഹോസ്ദുർഗ് എന്നിവയാണ് ജില്ലയിലെ താലൂക്കുകൾ.
* നീലേശ്വരം, കാസർകോട്, കാഞ്ഞങ്ങാട് എന്നിവയാണ് ജില്ലയിലെ മുനിസിപ്പാലിറ്റികൾ.

### പ്രധാന വ്യക്തികൾ

* ചന്ദ്രഗിരിക്കോട്ട നിർമിച്ചത്- **ബിദനൂരിലെ ശിവപ്പനാ യക്**
* ഹോസ്ദുർഗ് കോട്ട നിർമിച്ചത്- **ഇക്കേരിവംശത്തിലെ സോമശേഖര നായക്**
* ബേക്കൽ കോട്ട നിർമിച്ചത് ഇക്കേരി വംശത്തിലെ ശിവപ്പ നായക് ആണ്.
* പ്രശസ്ത സിനിമാ താരം കാവ്യാ മാധവൻ ജനിച്ചത് (1984) നീലേശ്വരത്താണ്.
* യക്ഷഗാനത്തിന്റെ ഉപജ്ഞാതാവ്- **പാർഥി സുബ്ബൻ**
* യക്ഷഗാനത്തിന്റെ പുനരുദ്ധാരണത്തിന് യജ്ഞിച്ച കന്നട സാഹിത്യകാരനാണ് ശിവരാമ കാരന്ത്.
* കാസർകോട് ആസ്ഥാനമായ സെൻട്രൽ യൂണിവേഴ്സി റ്റിയുടെ പ്രഥമ വൈസ് ചാൻസലറായത് ഡോ.ജാൻസി ജെയിംസ്.

### പ്രധാന സ്ഥലങ്ങൾ

* കണ്വതീർഥ ബീച്ച് കാസർകോട് ജില്ലയിലാണ്.
* കേരളത്തിൽ ബോക്സൈറ്റ് നിക്ഷേപം കൂടുതലുള്ളത്



കാസർകോട് ജില്ലയിലെ നീലേശ്വരത്താണ്.
* മാലിക് ദിനാർ പള്ളി തളങ്കരയിലാണ്.

### പ്രധാന സംഭവങ്ങൾ

* കയ്യൂർ സമരം നടന്ന വർഷം- **1941**
* പ്രശസ്ത കന്നട സാഹിത്യകാരൻ നിരഞ്ജനയുടെ ചി രസ്മരണ എന്ന നോവൽ കയ്യൂർ സമരത്തെ ആസ്പദ മാക്കിയുള്ളതാണ്.
* 1984 മെയ് 24-നാണ് കാസർകോട് ജില്ല രൂപവത്കരിച്ച തായി പ്രഖ്യാപിച്ചത്.

### പ്രധാന സ്ഥാപനങ്ങൾ

* കേരളത്തിൽ സ്ഥാപിതമായ കേന്ദ്രീയ സർവകലാശാല യുടെ ആസ്ഥാനം- **കാസർകോട്** (ഇന്ത്യൻ പ്രസിഡന്റ് കേന്ദ്രീയ സർവകലാശാലകളുടെ വിസിറ്ററാണ്.). Nayanmar Moola എന്ന സ്ഥലത്താണ് സർവകലാശാ ലയുടെ ഓഫീസ് പ്രവർത്തിക്കുന്നത്.
* സെൻട്രൽ പ്ലാന്റേഷൻ ക്രോപ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആസ്ഥാനം- **കാസർകോട്**
* ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം കാസർകോട് ജില്ലയിലാണ്.
* സ്വാമി രാംദാസാണ് 1931-ൽ ആനന്ദാശ്രമം സ്ഥാപിച്ചത്.
* തുളു അക്കാദമിയുടെ ആസ്ഥാനം മഞ്ചേശ്വരമാണ്.

### കുഴപ്പിക്കുന്ന വസ്തുതകൾ

* മഹാകവി പി.കുഞ്ഞിരാമൻ നായർക്ക് ജന്മസ്ഥലമായ കാഞ്ഞങ്ങാട്ടും (കാസർഗോഡ് ജില്ല) കൊല്ലങ്കോട്ടും (പാലക്കാട് ജില്ല) സ്മാരകമുണ്ട്.
* ചന്ദ്രഗിരിക്കോട്ട നിർമിച്ചത് ബിദനൂരിലെ ശിവപ്പനായക്, ഹോസ്ദുർഗ് കോട്ട നിർമിച്ചത് ഇക്കേരിവംശത്തിലെ സോമശേഖര നായക്.

### അപൂർവ വസ്തുതകൾ

* കേരളത്തിലെ ഏക തടാകക്ഷേത്രമാണ് അനന്തപുരം (കുമ്പള). പദ്മനാഭൻ അഥവാ വിഷ്ണുവാണ് ഇവി ടുത്തെ ആരാധനാ മൂർത്തി. തിരുവനന്തപുരം പദ്മനാഭ സ്വാമി ക്ഷേത്രത്തിന്റെ മൂലസ്ഥാനമാണ് ഇവിടം എന്നാണ് വിശ്വാസം.
* ഒന്നാം കേരള നിയമസഭയിൽ ഇ.എം.എസ്. പ്രതിനിധാ നം ചെയ്തിരുന്ന മണ്ഡലം- **നീലേശ്വരം**
* ഒന്നാം ലോക്സഭയിൽ എ.കെ.ഗോപാലൻ പ്രതിനിധാനം ചെയ്തിരുന്ന മണ്ഡലം കാസർകോട് ആയിരുന്നു.
* 1957 ഫെബ്രുവരി 28-ന് നടന്ന തിരഞ്ഞെടുപ്പിൽ നീലേ ശ്വരം ദ്വയാംഗ മണ്ഡലത്തിൽ നിന്ന് ഇ.എം.എസിനൊപ്പം തിരഞ്ഞെടുക്കപ്പെട്ടത് കല്ലളൻ വൈദ്യർ ആണ് (സംവ രണ സീറ്റ്). ഇഎംഎസിന് 38904 വോട്ടുകളും വൈദ്യർക്ക് 44754 വോട്ടുകളും ലഭിച്ചു. നല്ലൊരു വിഷവൈദ്യനായി രുന്നെങ്കിലും കുറുക്കന്റെ കടിയേറ്റ് ദേഹമാസകലം വ്രണംവന്ന് പൊട്ടിയൊലിച്ച് ദാരുണമായിട്ടായിരുന്നു കല്ല ളൻ വൈദ്യരുടെ അന്ത്യം (1971).
* 1957 -ലെ തിരഞ്ഞെടുപ്പിൽ ഇ.എം.എസിന്റെ എതിർ സ്ഥാനാർഥി പിഎസ്പിയിലെ ടി.വി.കോരനും കോൺഗ്രസിലെ ഉണ്ണികൃഷ്ണൻ നമ്പൂതിരിയുമായിരു ന്നു. കല്ലളൻ വൈദ്യരുടെ എതിർ സ്ഥാനാർഥി അച്ചു കൊയ്യോനും.
* കേരള നിയമസഭയുടെ ചരിത്രത്തിൽ എതിരില്ലാതെ സ്ഥാനാർഥി തിരഞ്ഞെടുക്കപ്പെട്ട ഏക മണ്ഡലം- **മഞ്ചേ ശ്വരം** (ഉമേഷ് റാവു).
* എൻഡോസൾഫാൻ എന്ന കീടനാശിനിയുടെ ഉപയോ ഗംമൂലം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന ജില്ലയാണ് കാസർകോട്.
* എൻഡോസൾഫാന്റെ മറ്റു പേരുകളാണ് Benzoepin, Endocel, Parrysulfan, Phaser, Thiodan, Thionex.
* ഉത്തര കേരളത്തിൽ കണ്ണൂർ, കാസർകോട് ഭാഗത്തുള്ള അനുഷ്ഠാന കലാരൂപമാണ് തെയ്യം.
* പയസ്വിനിപ്പുഴ ചന്ദ്രഗിരിപ്പുഴയുടെ പോഷകനദിയാണ്.
* കേരളത്തിലെ 44 നദികളിൽ ഒൻപതെണ്ണം കാസർകോട് ജില്ലയിലൂടെ ഒഴുകുന്നുണ്ട്.
* മഞ്ചേശ്വരം പുഴ ബാലെപ്പൂണി കുന്നുകളിൽ ഉദ്ഭവിച്ച് ഉപ്പളക്കായലിൽ അവസാനിക്കുന്നു.
* എൻഡോസൾഫാൻ ദുരന്തം വിതച്ച എൻമകജെ എന്ന ഗ്രാമത്തിലെ ദുരിത പൂർണമായ ജീവിതം വിവരിക്കുന്ന അംബികാ സുതൻ മങ്ങാടിന്റെ നോവലാണ് എൻമക ജെ.
* മണിരത്നം ചിത്രമായ ബോംബെയിലെ ഉയിരെ എന്ന ഗാനം ചിത്രീകരിച്ചിരിക്കുന്നത് ബേക്കൽ കോട്ടയിലാണ്.
* പി.കുഞ്ഞിരാമൻ നായരെ കേന്ദ്ര സാഹിത്യ അവാർഡിന് അർഹനാക്കിയ കൃതിയാണ് താമരത്തോണി.

# കേരളം– അടിസ്ഥാന വിവരങ്ങളും ഭൂമിശാസ്ത്ര സവിശേഷതകളും

**കേരളത്തെ സംബന്ധിക്കുന്ന അറിവുകൾ മത്സരപ്പരീക്ഷകളിൽ മുൻനിരക്കാരെ നിശ്ചയിക്കുന്ന പ്രവണതയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ സഹായകമായ ഒരു പുതിയ പരമ്പര ആരംഭിക്കുന്നു. കേരളത്തിന്റെ ഭൂമിശാസ്ത്രം, കാലാവസ്ഥ, നദികൾ, ചുരങ്ങൾ, കായലുകൾ, തടാകങ്ങൾ, മലനിരകൾ, സസ്യജാല വൈവിധ്യം, കാടുകൾ, കാവുകൾ, ജന്തുജാലങ്ങൾ, കൃഷി, ദ്വീപുകൾ, പാലങ്ങൾ, മൈതാനങ്ങൾ, ഉദ്യാനങ്ങൾ, ഉല്ലാസ കേന്ദ്രങ്ങൾ, വെള്ളച്ചാട്ടങ്ങൾ അങ്ങനെയങ്ങനെ കേരളീയതയെ രൂപപ്പെടുത്തുന്ന അനവധിയനവധി സംഗതികളെ ഇതിലൂടെ പരിചയപ്പെടാം.**

- കേരളത്തിന്റെ തലസ്ഥാനം തിരുവനന്തപുരമാണ്. ഇത് ഇന്ത്യയിലെ സംസ്ഥാന തലസ്ഥാനങ്ങളിൽ ഏറ്റവും തെക്കായി സ്ഥിതിചെയ്യുന്നതാണ്. ഇന്ത്യയുടെ നിത്യ ഹരിത നഗരം എന്ന് മഹാത്മാഗാന്ധി വിശേഷിപ്പിച്ച നഗരമാണ് തിരുവനന്തപുരം. ഇതിനെ കേരളത്തിന്റെ തലസ്ഥാനമാക്കണം എന്ന നിർദ്ദേശം ആദ്യമായി മുന്നോട്ടുവച്ചത് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയാണെന്ന് കരുതപ്പെടുന്നു.
- 1956–ൽ തിരുവനന്തപുരം കേരളത്തിന്റെ തലസ്ഥാനമായപ്പോൾ അതേ സ്ഥാനത്തേക്ക് പരിഗണിക്കണമെന്ന് ആവശ്യമുയർന്ന നഗരങ്ങളാണ് എറണാകുളവും തൃശ്ശൂരും.
- കേരളത്തിന്റെ വിസ്തീർണം 38863 ചി.കി.മീ. (15005 ച.മൈൽ) ആണ്. ഇത് ഇന്ത്യയുടെ 1.18 ശതമാനമാണ്.
- അക്ഷാംശം വടക്ക് 8°17'30" മുതൽ 12°47'40" വരെയും രേഖാംശം കിഴക്ക് 74°51'57" മുതൽ 77°24'47" വരെയുമാണ് കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനം. ഇന്ത്യൻ സംസ്ഥാനങ്ങളിൽ വിസ്തീർണാടിസ്ഥാനത്തിൽ കേരളം 22–മതാണ്.
- പടിഞ്ഞാറ് അറബിക്കടൽ; വടക്കു കിഴക്ക് കർണാടകം; കിഴക്കുതെക്ക് തമിഴ്നാട് എന്നിങ്ങനെയാണ് കേരളത്തിന്റെ അതിർത്തികൾ. കേരളവുമായി അതിർത്തി പങ്കിടുന്ന കേന്ദ്ര ഭരണ പ്രദേശം പുതുച്ചേരിയാണ്. പുതുച്ചേരിയിലെ മാഹി ജില്ലയ്ക്കാണ് കേരളവുമായി അതിരുള്ളത് (മാഹി എന്ന പേരിൽ ദ്വീപുള്ള രാജ്യം സെയ്ഷൽസ് ആണ്).
- കേരളത്തിന്റെ ഔദ്യോഗിക പുഷ്പം കണിക്കൊന്നയാണ്. Indian Laburnum എന്ന ആംഗലനാമമുള്ള ഇതിന്റെ സസ്യശാസ്ത്രനാമമാണ് Cassia fistula.
- കോക്കോസ് നൂസിഫെറ എന്ന സസ്യശാസ്ത്രനാമമുള്ള തെങ്ങാണ് കേരളത്തിന്റെ ഔദ്യോഗിക വൃക്ഷം. അരക്കേസ്യേ എന്ന സസ്യകുടുംബത്തിലെ അംഗമാണ്. ഹോർത്തുസ് മലബാറിക്കസ് എന്ന വിഖ്യാത സസ്യ വിജ്ഞാനകോശത്തിൽ ആദ്യം പരാമർശിക്കുന്നത് തെങ്ങിനെക്കുറിച്ചാണ്. തെങ്ങിൽനിന്നാണ് കേരള സംസ്ഥാനത്തിന്റെ പേര് നിഷ്പന്നമായത് എന്നൊരു നിഗമനമുണ്ട്. തെങ്ങ് ദേശീയ വൃക്ഷമായ രാജ്യമാണ് മാലിദ്വീപ്.
- കേരളത്തിന്റെ ഔദ്യോഗിക പക്ഷിയായ വേഴാമ്പലിന്റെ ജന്തുശാസ്ത്രനാമമാണ് ബ്യൂസെറസ് ബൈക്കോർണിസ്. വേഴാമ്പൽ സംസ്ഥാനപക്ഷിയായ മറ്റൊരു സംസ്ഥാനം അരുണാചൽ പ്രദേശാണ്.
- ആന (എലിഫസ് മാക്സിമസ് ഇൻഡിക്കസ്)യാണ് കേരളത്തിന്റെ ഔദ്യോഗിക മൃഗം. എലിഫന്റിഡേ കുടുംബത്തിൽ പ്രൊബോസിഡിയ എന്ന ഓർഡറിലാണ് ആനയുടെ ജന്തുശാസ്ത്രപരമായ സ്ഥാനം. കർണാടകം, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളുടെയും ഔദ്യോഗിക മൃഗം ആനയാണ്. ഇന്ത്യയുടെ ദേശീയ പൈതൃക മൃഗമാണ് ആന. ഐവറി കോസ്റ്റിന്റെ ദേശീയ മൃഗം ആഫ്രിക്കൻ ആനയാണ്.
- സംസ്ഥാന മത്സ്യമായ കരിമീൻ ഇംഗ്ലീഷിൽ Pearl Spot എന്നറിയപ്പെടുന്നു. ജന്തുശാസ്ത്രനാമം Etroplus suratensis. ഇന്ത്യയെക്കൂടാതെ കരിമീൻ കാണപ്പെടുന്ന മറ്റൊരു രാജ്യം ശ്രീലങ്കയാണ്.
- കേരളത്തിൽ ലഭിക്കുന്ന വാർഷിക ശരാശരി മഴ 3107 മില്ലീമീറ്ററാണ്. താഴ്ന്ന പ്രദേശങ്ങളിൽ ഇത് 120 മില്ലീമീറ്റർമാത്രമാണ്. ഇന്ത്യയുടെ വാർഷിക ശരാശരി മഴ1197 മില്ലീമീറ്ററാണ്. പ്രതിവർഷം ശരാശരി 120–140 മഴദിവസങ്ങൾ കേരളത്തിന് ലഭിക്കുന്നു. കേരളത്തിലെ മഴനിഴൽ പ്രദേശമാണ് ഇടുക്കി ജില്ലയിലെ ചിന്നാർ.
- കേരളത്തിലെ കാലാവസ്ഥ ട്രോപ്പിക്കൽ കാലാവസ്ഥയാണ്. മൺസൂൺ കാറ്റുകൾ കാലാവസ്ഥ നിർണയിക്കുന്നതിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്നു.
- കേരളത്തിലെ വാർഷിക ശരാശരി താപനില 25°–27.50° സെൽഷ്യസ് ആണ്. പരമാവധി ഉയർന്ന ദൈനംദിന താപനില 36.7 ഡിഗ്രി സെൽഷ്യസും പരമാവധി താഴ്ന്ന ദൈനംദിന താപനില 19.8 ഡിഗ്രി സെൽഷ്യസും ആണ്.
- കേരളത്തിൽ 34 കായലുകളുണ്ട്. നദികൾ 44. ഇവയിൽ 41 എണ്ണം പടിഞ്ഞാറോട്ടും മൂന്നെണ്ണം കിഴക്കോട്ടും ഒഴുകുന്നു.
- വൈവിദ്ധ്യമാർന്ന ഭൂരൂപങ്ങൾ ഉൾപ്പെടുന്ന കേരളത്തിൽ മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്ന് പ്രകൃതി വിഭാഗങ്ങളുണ്ട്. സമുദ്രനിരപ്പിൽനിന്ന് 250 അടിയിൽ കൂടുതൽ ഉയരമുള്ള പ്രദേശമാണ് മലനാട്. കേരളത്തിന്റെ ആകെ വിസ്തൃതിയുടെ 48 ശതമാനമുള്ള മലനാടിന് 18,653 ച.കി.മീ. വിസ്തീർണ്ണമുണ്ട്. തെക്കേ ഇന്ത്യയിലെ പ്രമുഖ പർവതനിരയായ പശ്ചിമഘട്ടത്തിന്റെ ഒരു ഭാഗമാണ് കേരളത്തിന്റെ കിഴക്കു ഭാഗത്തായി കാണപ്പെടുന്ന സഹ്യാദ്രി. പശ്ചിമഘട്ടത്തിലെ ഏറ്റവും ഉയരം കൂടി ഗിരിശൃംഗമായ ആനമുടി (2695 മീ) അഥവാ 8842 അടി) ഇടുക്കി ജില്ലയിലെ മൂന്നാർ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. പെരിയാറിന്റെ ബേസിനിലെ ഏറ്റവും ഉയർന്ന ഭാഗമായ ഇത് ഇന്ത്യയിൽ ഹിമാലയത്തിനു തെക്ക് ഏറ്റവും ഉയരം കൂടിയ പർവതഭാഗം കൂടിയാണ്. ഇരവികുളം ദേശീയോദ്യാനം സ്ഥാപിച്ചിരിക്കുന്നത് ഇതിന് സമീപമാണ്. ഇന്ന് ലോകത്ത് വരയാടുകളുടെ (നീലഗിരിട്രാഗസ് ഹൈലോക്രിയസ്) ഏറ്റവും വലിയ പോപ്പുലേഷൻ കാണാൻ സാധിക്കുന്നത് ഇരവികുളത്താണ്. നീലഗിരി മാർട്ടെൻ (നീർനായ) എന്ന ജീവിയെയും ഇവിടെ കാണാം. കരിങ്കുളം മലയ്ക്കാണ് ഉയരത്തിൽ രണ്ടാം സ്ഥാനം(8,455 മീ.). യുനെസ്കോ തയ്യാറാക്കിയ ലോകത്തിലെ 20 ബയോഡൈവേഴ്സിറ്റി ഹോട്ട്സ്പോട്ടുകളിൽ പശ്ചിമഘട്ടവും ഉൾപ്പെടുന്നു. യൂറോപ്പിലെ ആൽപ്സുമായി താരതമ്യപ്പെടുത്താവുന്ന തരത്തിലാണ് പശ്ചിമഘട്ടത്തിന്റെ പ്രധാന്യം.
- സംസ്ഥാനത്തിന്റെ വടക്കേയറ്റത്ത് കടൽത്തീരത്തുനിന്ന് 12 കി.മീ. കിഴക്കായി കാണുന്ന ഗിരിനിരകൾ കോഴിക്കോടിനു കിഴക്കുള്ള വാവൽമലവരേയും തീരത്തിനു സമാന്തരമായി തുടരുന്നു. തുടർന്ന് കിഴക്കോട്ട് തിരിയുന്ന മലനിരകൾ പിന്നീട് കുറച്ച് വടക്കോട്ട് തിരിഞ്ഞശേഷം തെക്കോട്ട് നീളുന്നു. ഇതവസാനിക്കുന്നത് പാലക്കാട് പാതയ്ക്ക് വടക്കുള്ള, വടമലയിലാണ്. പാലക്കാട് പാതയ്ക്ക് തെക്കുള്ള തെന്മലയും വടമലപോലെ ചെങ്കുത്താണ്. ആനമല പ്രദേശത്താണ് ഇതിന്റെ തുടർച്ചയായുള്ള മലനിരകൾ ഏറ്റവും ഉയരത്തിലെത്തുന്നത്. ആനമലയ്ക്ക് തെക്കുള്ള ഹൈറേഞ്ച് മേഖലയിൽ 2000 മീറ്ററിലേറെ ഉയരമുള്ള 14 കൊടുമുടികളുണ്ട്. പാലക്കാട് ചുരത്തിന്റെ കിഴക്കുഭാഗം മുതൽ തിരുവനന്തപുരത്തിന്റെ തെക്കുവരെ തെക്കൻ സഹ്യാദ്രി നീണ്ടുകിടക്കുന്നു. ഈ മലനിരയുടെ വടക്ക്പടിഞ്ഞാറൻ ഭാഗത്ത് നെല്ലിയാമ്പതി പീഠതലവും മദ്ധ്യഭാഗത്ത് പെരിയാർ പീഠഭൂമിയും തെക്ക് അഗസ്ത്യമലനിരയുമാണ്. അഗസ്ത്യമലനിരയുടെ ഏറ്റവും കൂടിയ ഉയരം 1869 മീ ആണ് (തിരുവനന്തപുരം ജില്ല). തെക്കോട്ട് പോകുന്തോറും മലകളുടെ ഉയരം കുറയുന്നു.
- ഏതാണ്ട് 30 കി.മീ. വീതിയിൽ കിഴക്കു പടിഞ്ഞാറായി 80 കി.മീ.ലേറെ നീണ്ടുകിടക്കുന്ന പാലക്കാട് ചുരമാണ്. പശ്ചിമഘട്ടത്തിനു കുറുകെയുള്ള ഏറ്റവും പ്രധാനപ്പെട്ട മലമ്പാത. വടക്കുകിഴക്കൻ കാലവർഷവും വേനൽക്കാലത്ത് കോയമ്പത്തൂർ പ്രദേശത്തുനിന്നുമുള്ള ഉഷ്ണക്കാറ്റും ഈ വിടവിലൂടെ കേരളത്തിലെത്തുന്നു. പണ്ടുകാലംതൊട്ടേ കേരളവും ഇന്ത്യയിലെ മറ്റു പ്രദേശങ്ങളും പരസ്പരം ബന്ധപ്പെട്ടിരുന്നത് പാലക്കാട് ചുരത്തിലൂടെയാണ്. പെരിയാർ പീഠത്തിനുതെക്ക് പുനലൂരിനെ ചെങ്കോട്ടയുമായി ബന്ധിപ്പിക്കുന്ന ആര്യങ്കാവ് ചുരമാണ് പശ്ചിമഘട്ടത്തിനു കുറുകെയുള്ള മറ്റൊരു പ്രധാന മലമ്പാത. പാലക്കാട്, ആര്യങ്കാവ് ചുരങ്ങൾ, റോഡ്, റെയിൽ മാർഗങ്ങളിലൂടെ കേരളത്തെയും തമിഴ്നാടിനേയും ബന്ധിപ്പിക്കുന്നു. പ്രാചീനകാലം മുതൽക്കേയുള്ള സുപ്രധാന വാണിജ്യമാർഗമായ മൂന്നാർ–ബോഡിനായ്ക്കന്നൂർ (മധുര ജില്ല) പാത, കുമിളി–കമ്പം പാത എന്നിവ കേരളത്തെയും തമിഴ്നാടിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന മറ്റുപാതകളിൽ ചിലതാണ്. കേരളത്തെ കർണാടകത്തിലെ കൂർഗുമായി ബന്ധിപ്പിക്കുന്ന മലമ്പാതയാണ് പേരമ്പാടി ചുരം. വയനാടിനെ മൈസൂറുമായി ബന്ധിപ്പിക്കുന്ന ചുരമാണ് താമരശ്ശേരി. പേരിയ ചുരം കേരളത്തെയും മൈസൂറിനെയും ബന്ധിപ്പിക്കുന്നു. കർക്കൂർ ചുരം നീലഗിരി ജില്ലയെ കേരളവുമായി യോജിപ്പിക്കുന്നു.
- സമുദ്രനിരപ്പിൽനിന്ന് 25 അടി മുതൽ 250 അടിവരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഇടനാട് കേരളത്തിന്റെ വിസ്തൃതിയുടെ 41.76 ശതമാനമാണ്. 16,230.5 ച.കി.മീ. വിസ്തീർണ്ണമുള്ള ഇടനാട് ഏലവും തേയിലയുമൊഴികെയുള്ള കൃഷിയ്ക്ക് അനുയോജ്യമാണ്. പശ്ചിമഘട്ടത്തിൽ നിന്നും പുറപ്പെടുന്ന നദികൾ ഈ പ്രദേശത്തെ ഫലഭൂയിഷ്ടമാക്കുന്നു.
- 3979 ച.കി.മീ. വിസ്തീർണ്ണമുള്ള തീരപ്രദേശം കേരളത്തിന്റെ വിസ്തൃതിയുടെ 10.24% കൈയടക്കുന്നു. കേരളത്തിന്റെ പടിഞ്ഞാറൻ തീരത്ത് സമുദ്രനിരപ്പിൽ നിന്നും 25 അടിവരെ ഉയർന്ന പ്രദേശമാണ് തീരദേശം. കായലുകളും നദീമുഖങ്ങളും മണൽത്തിട്ടകളും ഈ പ്രദേശത്തിന്റെ പ്രത്യേകതകളാണ്. പ്രധാനകൃഷി നെല്ലും തെങ്ങുമാണ്. കേരളത്തിലെ ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ തീരദേശത്തിന്റെ പരിധിയിലാണ്. കേരളതീരത്തൊട്ടാകെ ഇടവപ്പാതിക്കാലത്ത് ശക്തമായ കടലാക്രമണം അനുഭവപ്പെടുന്നു.
- കേരളത്തിന്റെ തീരദേശത്തിന്റെ നീളം 590 കി.മീ.ആണ് (ഇന്ത്യയുടേത് 7516.6 കി.മീ). എന്നാൽ, തെക്കു വടക്കു നീളം 560 കിലോമീറ്ററും കിഴക്കു പടിഞ്ഞാറ് ശരാശരി വീതി 60 കിലോമീറ്ററുംആണ്. ഇടുക്കി, എറണാകുളം ജില്ലകളിലാണ് ശരാശരി വീതി ഏറ്റവും കൂടുതൽ (124 കി.മീ.)
- കേരളത്തിലെ 9 ജില്ലകൾക്കാണ് കടൽത്തീരമുള്ളത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നിവ കടൽത്തീരമുള്ള ജില്ലകളാണ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, പാലക്കാട്, വയനാട് എന്നിവയ്ക്ക് കടൽത്തീരമില്ല. കടൽത്തീരമില്ലാത്തതും മറ്റു സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടാത്തതുമായ ഏക ജില്ല കോട്ടയമാണ്. രണ്ടു സംസ്ഥാനങ്ങളുമായി–തമിഴ്നാടും കർണാടകവും–അതിർത്തി പങ്കിടുന്ന ഏക ജില്ല വയനാടാണ്. കോഴിക്കോട്, എറണാകുളം, കോട്ടയം, ആലപ്പുഴ എന്നീ നാലു ജില്ലകൾക്കൊഴികെ മറ്റു പത്ത് ജില്ലകൾക്ക് അന്തർ സംസ്ഥാന അതിർത്തിയുണ്ട്. കേരളത്തിലെ ഒരു ജില്ലയുമായി മാത്രം അതിർത്തി പങ്കിടുന്ന ജില്ലകൾ തിരുവനന്തപുരവും കാസർകോടുമാണ്. മലമ്പ്രദേശമില്ലാത്ത ജില്ല ആലപ്പുഴയാണ്. ഇടുക്കിയെയും വയനാടിനെയും മലയോര ജില്ലകളായി പരിഗണിക്കുന്നു. മലമ്പ്രദേശം ഏറ്റവും കൂടുതൽ ഇടുക്കിയിലാണ്.
- കടൽത്തീരത്തിന്റെ ദൈർഘ്യം ഏറ്റവും കൂടുതൽ കണ്ണൂർ ജില്ലയ്ക്കാണ്. കൊല്ലം ജില്ലയ്ക്കാണ് കടൽത്തീരത്തിന്റെ ദൈർഘ്യം ഏറ്റവും കുറവ്.

# Chemistry

* ജർമേനിയം കണ്ടുപിടിച്ചത് ClemensAlexander Winkler.
* ഇന്റഗ്രേറ്റഡ് സർക്യൂട്ടുകൾ നിർമിക്കാൻ ഉപയോഗിക്കുന്ന അർധചാലകമാണ് (Semi conductor) ജർമേനിയം.
* വജ്രത്തിനുസമാനമായ പരൽഘടനയുള്ള മൂലകമാണ് ജർമേനിയം.
* ഏറ്റവും കൂടുതൽ അടിച്ചുപരത്താൻ (malleable) കഴിയുന്ന ലോഹം സ്വർണമാണ്.
* പ്ലാറ്റിനം കഴിഞ്ഞാൽ ഏറ്റവും പ്രതിപ്രവർത്തനം കുറഞ്ഞ ലോഹമാണ് സ്വർണം.
* ഹിരണ്യ എന്ന പ്രാചീനനാമം ഉണ്ടായിരുന്ന ലോഹമാണ് സ്വർണം.
* പ്ലാറ്റിനം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വലിച്ചുനീട്ടാൻ (ductile) കഴിയുന്ന ലോഹം സ്വർണമാണ്.
* പ്രകൃതിയിൽ സ്വതന്ത്രാവസ്ഥയിൽ കാണുന്ന ലോഹമാണ് സ്വർണം.
* 22 കാരറ്റ് സ്വർണമാണ് 916 ഗോൾഡ് എന്നറിയപ്പെടുന്നത്. ഇതിൽ 22 ഭാഗം സ്വർണവും 2 ഭാഗം ചെമ്പോ വെള്ളിയോ ആയിരിക്കും. സ്വർണാഭരണങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള മാർഗമാണ് ഹാൾ മാർക്കിംഗ്. ഇന്ത്യയിൽ ഹാൾ മാർക്കിംഗ് നടപ്പാക്കുന്ന സ്ഥാപനമാണ് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ്.
* ലാറ്റിൻ ഭാഷയിൽ സ്വർണത്തിന്റെ പേര് Aurum. അണുസംഖ്യ 79. പ്രതീകം Au.
* പ്രഭാതത്തിന്റെ യവനദേവതയാണ് അറോറ. ഇതിൽനിന്നാണ് സ്വർണത്തിന് പ്രതീകം ലഭിച്ചത്.
* സ്വർണം, പ്ലാറ്റിനം, വെള്ളി എന്നിവ ഉത്കൃഷ്ട ലോഹങ്ങൾ (precious metals) എന്നറിയപ്പെടുന്നു.
* സ്വർണത്തിന്റെ ദ്രവണാങ്കം 1064 ഡിഗ്രി സെൽഷ്യസും തിളനില 2807 ഡിഗ്രി സെൽഷ്യസുമാണ്.
* സ്വർണത്തോട് ചെമ്പ് ചേർത്താൽ ചുവപ്പ് കലർന്ന മഞ്ഞ നിറം കിട്ടും. പലേഡിയം ചേർത്താൽ വെളുപ്പ് നിറം കിട്ടും. ഇരുമ്പ് ചേർത്താൽ പച്ച കലർന്ന മഞ്ഞ നിറമാകും. ബിസ്മത്ത് ചേർത്താൽ കറുപ്പുനിറം ലഭിക്കും.
* കൊളോയ്ഡൽ ഗോൾഡ് ചേർത്താൽ ഗ്ലാസിന് ചുവപ്പു നിറം ലഭിക്കും.
* ഏറ്റവും കുറഞ്ഞ ദ്രവണാങ്കമുള്ള (melting point) മൂലകം ഹീലിയമാണ്. സൂര്യനിൽ ഏറ്റവും കൂടുതലുള്ള രണ്ടാമത്തെ മൂലകമാണ് ഹീലിയം. ഇത് ബലൂണുകൾ നിറയ്ക്കാൻ ഉപയോഗിക്കുന്നു. വിമാനങ്ങളുടെ ടയറിൽ നിറയ്ക്കുന്ന വാതകവും ഹീലിയമാണ്.
* ഓക്സിജനൊപ്പം അക്വാലങ്സിൽ ഉപയോഗിക്കുന്ന വാതകം ഹീലിയമാണ്.
* ന്യൂക്ലിയർ ഫ്യൂഷന്റെ ഫലമായി സൂര്യനിൽ രൂപംകൊള്ളുന്ന വാതകം ഹീലിയം. പ്രപഞ്ചത്തിൽ ഏറ്റവും കൂടുതലുള്ള നിഷ്ക്രിയ വാതകമാണിത്.
* കാലാവസ്ഥാ നിരീക്ഷണ ബലൂണുകളിൽ ഉപയോഗിക്കുന്ന വാതകം ഹീലിയമാണ്.
* ഹീലിയം, നിയോൺ, ആർഗൺ, ക്രിപ്റ്റൺ, സെനൺ, റാഡോൺ എന്നിവയാണ് നിഷ്ക്രിയ വാതകങ്ങൾ അഥവാ അപൂർവ വാതകങ്ങൾ. ഇവ നോബിൾ ഗ്യാസ് എന്നും അറിയപ്പെടുന്നു. നിഷ്ക്രിയ വാതകങ്ങളുടെ ഓക്സീകരണാവസ്ഥ (oxidation state) പൂജ്യമാണ്. നോബിൾ ഗ്യാസസ് കണ്ടുപിടിച്ചത് വില്യം റാംസേ.
* പ്രപഞ്ചത്തിൽ ഏറ്റവും കൂടുതലുള്ള മൂലകമാണ് ഹൈഡ്രജൻ. കാവൻഡിഷാണ് ഹൈഡ്രജൻ കണ്ടുപിടിച്ചത്. ലാവോസിയർ പേരു നൽകി. ന്യൂട്രോണില്ലാത്ത ഏക മൂലകം ഹൈഡ്രജനാണ്. ഏറ്റവും ഭാരം കുറഞ്ഞ മൂലകവും ഏറ്റവും സാന്ദ്രത കുറഞ്ഞ വാതകവും ഹൈഡ്രജനാണ്. എല്ലാ ആസിഡുകളിലും അടങ്ങിയിട്ടുള്ള മൂലകമാണിത്.
* ഹൈഡ്രജൻ വാതകത്തിന് നിറമില്ല. ഏറ്റവും ചെറിയ ആറ്റം ഹൈഡ്രജന്റെതാണ്.
* ഹൈഡ്രജൻ വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുന്ന പ്രക്രിയയാണ് Bosch Process.
* സൂര്യനിൽ ഏറ്റവും കൂടുതലുള്ള മൂലകം ഹൈഡ്രജനാണ്. ഹൈഡ്രജൻ ബോംബ് കണ്ടുപിടിച്ചത് എഡ്വേർഡ് ടെല്ലർ.
* പെട്രോളിലെ ഘടകമൂലകങ്ങൾ ഹൈഡ്രജനും കാർബണും. ശിലാതൈലം (rock oil) , കറുത്ത സ്വർണം എന്നീ പേരുകളിലറിയപ്പെടുന്നത് പെട്രോളിയമാണ്. ഫോസിലുകളിൽനിന്നാണ് പെട്രോളിയം രൂപംകൊള്ളുന്നത്.
* ഒക്ടേൻ നമ്പർ എഞ്ചിനുകളിൽ പെട്രോൾ കത്തുന്നതിന്റെ ക്ഷമത സൂചിപ്പിക്കുന്നു. പെട്രോളിന്റെ അപസ്ഫോടനം കുറയ്ക്കാൻവേണ്ടി പെട്രോളിനോട് ചേർത്തിരുന്ന സംയുക്തമാണ് ടെട്രാ ഈഥൈൽ ലെഡ്. ഇത് ചേർക്കാത്ത പെട്രോളാണ് അൺലെഡഡ് പെട്രോൾ.
* നല്ല പെട്രോളിന്റെ ഒക്ടേൻ നമ്പർ 80–ന് മുകളിൽ ആയിരിക്കും. ഡീസലിന്റെ ഗുണമേന്മ അളക്കുന്നത് സീറ്റേൺ (Cetane) നമ്പരിലാണ്.
* വളരെ തണുപ്പുള്ള രാജ്യങ്ങളിൽ വാഹനങ്ങളുടെ റേഡിയേറ്ററുകളിൽ ജലം തണുത്ത് ഐസാവാതിരിക്കാൻ ഉപയോഗിക്കുന്ന പദാർഥമാണ് എഥിലീൻ ഗ്ലൈക്കോൾ.
* പെട്രോൾ എഞ്ചിൻ കണ്ടുപിടിച്ചത് കാൾ ബെൻസ്, ഡീസൽ എഞ്ചിൻ –റുഡോൾഡ് ഡീസൽ.
* പെട്രോളിയം ഇന്ധനങ്ങൾ കത്തുന്നതിന്റെ ഫലമായി പ്രധാനമായും പുറത്തുവരുന്ന വാതകമാണ് കാർബൺ ഡയോക്സൈഡ്.
* പെട്രോളിയത്തിന്റെ അസംസ്കൃതരൂപമാണ് ക്രൂഡ് ഓയിൽ. ക്രൂഡ് ഓയിലിൽനിന്ന് പെട്രോൾ, ഡീസൽ തുടങ്ങിയ ഘടകങ്ങൾ വേർതിരിക്കുന്ന പ്രക്രിയയാണ് Fractional distillation. പെട്രോൾ, ഡീസൽ എന്നിവയാണ് മിനറൽ ഓയിൽ എന്നറിയപ്പെടുന്നത്. ഡീസലിന്റെ മറ്റൊരു പേരാണ് ഗ്യാസ് ഓയിൽ. പെട്രോളിന്റെ മറ്റൊരു പേരാണ് ഗ്യാസോലൈൻ. ഈഥൈൽ ആൾക്കഹോൾ പെട്രോളിയത്തിനൊപ്പം ചേർത്തുണ്ടാക്കുന്നതാണ് ഗ്യാസോഹോൾ.

# നിറങ്ങൾ

* നിറങ്ങളെക്കുറിച്ചുള്ള പഠനമാണ് ക്രൊമാറ്റോളജി.
* മഴവില്ലിലെ നിറങ്ങൾ വയലറ്റ്, ഇൻഡിഗോ,നീല, പച്ച,മഞ്ഞ,ഓറഞ്ച്,ചുവപ്പ് എന്നിവയാണ്.
* ടെലിവിഷനിലെ പ്രാഥമിക വർണങ്ങൾ ചുവപ്പ്, പച്ച, നീല എന്നിവയാണ്. പെയിന്റിലെ (Pigments) പ്രാഥമിക വർണങ്ങൾ ചുവപ്പ്, മഞ്ഞ, നീല എന്നിവയാണ്. അച്ചടിയിലെ പ്രാഥമിക വർണങ്ങൾ സിയാൻ (Cyan), മജന്ത (Magenta), മഞ്ഞ (Yelloe), കറുപ്പ് (Black) എന്നിവയാണ്.
* കണ്ണിലെ റോഡ് കോശങ്ങൾ മങ്ങിയ വെളിച്ചത്തിൽ കാണാൻ സഹായിക്കുന്നു. നിറങ്ങൾ തിരിച്ചറിയാൻ സഹായിക്കുന്നത് കോൺ കോശങ്ങളാണ്.
* സോപ്പുകുമിളയിലെ മനോഹരവർണങ്ങൾക്കു കാരണമായ പ്രതിഭാസമാണ് ഇന്റർഫെറൻസ്.
* വജ്രം,ഹൈഡ്രജൻ വാതകം,ജലം എന്നിവയ്ക്ക് നിറമില്ല.

### കറുപ്പ്

* ബഹിരാകാശ സഞ്ചാരിക്ക് ആകാശം കറുപ്പു നിറത്തിൽ കാണപ്പെടും
* എല്ലാ നിറങ്ങളെയും ആഗിരണം ചെയ്യുന്ന പ്രതലം കറുപ്പ് നിറത്തിൽ കാണപ്പെടുന്നു
* പച്ച ഇല ചുവന്ന പ്രകാശത്തിൽ കറുപ്പ് നിറത്തിൽ കാണപ്പെടും
* അന്തരീക്ഷമില്ലെങ്കിൽ ആകാശത്തിന്റെ നിറം കറുപ്പാണ്.
* ചന്ദ്രനിൽനിന്ന് നോക്കിയാൽ ആകാശം കറുപ്പ് നിറത്തിൽ കാണപ്പെടും
* പ്രപഞ്ചത്തിന്റെ നിറം കറുപ്പാണ്.
* അച്ചടി രംഗത്ത് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന നിറം കറുപ്പാണ്.
* ഏറ്റവും കൂടുതൽ താപം ആഗിരണം ചെയ്യാൻ കഴിവുള്ള നിറം കറുപ്പാണ്.
* പൂവുകൾക്ക് പൊതുവേ കാണപ്പെടാത്ത നിറമാണ് കറുപ്പ്.
* ആസ്ട്രോണമിയിൽ ബ്ളാക്ക് ഡ്വാർഫ് എന്നറിയപ്പെടുന്നത് കത്തിയമർന്ന നക്ഷത്രമാണ്.
* ഭൂപടങ്ങളിൽ റോഡുകളെ സൂചിപ്പിക്കുന്ന നിറം കറുപ്പാണ്.

### വെളുപ്പ്

* താപം ഏറ്റവും കുറച്ചു ആഗിരണം ചെയ്യുന്നത് വെളുപ്പ് നിറമുള്ള പ്രതലമാണ്.
* പ്രകാശത്തിലെ എല്ലാ ഘടകവർണങ്ങളെയും ആഗിരണം ചെയ്യുന്ന പ്രതലത്തിന്റെ നിറം വെളുപ്പായിരിക്കും.
* പ്രാഥിമിക വർണങ്ങൾ ചേർന്നാൽ കിട്ടുന്ന നിറം വെളുപ്പാണ്.

### നീല

* ഓസോണിന്റെ നിറം ഇളം നീലയാണ്. ഹൈഡ്രജൻ വേപ്പർ ലാമ്പിന്റെ നിറം നീലയാണ്.
* ഏറ്റവും ചൂടു കൂടുതലുള്ള നക്ഷത്രത്തിന്റെ നിറം നീലയാണ്.
* ഭൂപടത്തിൽ സമുദ്രങ്ങളെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന നിറം നീലയാണ്. കടുംനീല ആഴംകൂടിയ ഭാഗങ്ങളെയും ഇളംനീല ആഴംകുറഞ്ഞ ഭാഗങ്ങളെയും സൂചിപ്പിക്കുന്നു.
* പച്ചയും നീലയും ചേർത്താൽ സിയൻ നിറം കിട്ടും. നീല, ചുവപ്പ് നിറങ്ങൾ ചേർത്താൽ മജന്ത നിറം കിട്ടും. നീല, മഞ്ഞ നിറങ്ങൾ ചേർത്താൽ പച്ച നിറം കിട്ടും.
* ആകാശം നീലനിറത്തിൽ കാണപ്പെടുന്നതിനു കാരണം വിസരണം എന്ന പ്രതിഭാസമാണ്.

### പച്ച

* ഹരിതകത്തിന്റെ നിറം പച്ചയാണ്.
* ഓപ്പറേഷൻ തിയേറ്ററിൽ ഡോക്ടർമാർ ഉപയോഗിക്കുന്ന ഡ്രസിന്റെ നിറം പച്ചയാണ്.
* ട്രാഫിക് സിഗ്നലിൽ ഏറ്റവും അടിയിലുള്ള നിറം പച്ചയാണ്. അപായമില്ലാതെ മുന്നോട്ടു പോകാം എന്ന് സൂചിപ്പിക്കുന്ന ട്രാഫിക് സിഗ്നൽ പച്ചയാണ്.
* ക്ലോറിൻ വേപ്പർ ലാമ്പിന്റെ നിറം പച്ചയാണ്.
* മഴവില്ലിന്റെ നടുക്കുള്ള നിറം പച്ചയാണ്.
* ഫെറസ് സൽഫേറ്റിന്റെ നിറം പച്ചയാണ്.
* നവരത്നങ്ങളിലൊന്നായ മരതകത്തിന്റെ നിറം പച്ചയാണ്. ക്രോമിയം, വനേഡിയം എന്നീ ലോഹങ്ങളുടെ സാന്നിധ്യം കൊണ്ടാണ് മരതകത്തിന് പച്ചനിറം.
* നേരിയ വിഷാംശമാണുള്ളത് എന്ന് സൂചിപ്പിക്കാൻ കീടനാശിനിയുടെ പാക്കറ്റിലെ ത്രികോണത്തിന്റെ നിറം പച്ചയാണ്.
* ബേരിയം സൽഫേറ്റ് ചേർത്താൽ മത്താപ്പിന്റെ നിറം പച്ചയാണ്.
* പരിസ്ഥിതി സംരക്ഷണത്തെ സൂചിപ്പിക്കുന്ന നിറം പച്ചയാണ്.
* ഭൂപടങ്ങളിൽ വനപ്രദേശങ്ങളെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന നിറം പച്ചയാണ്.
* കണ്ണിന് ഏറ്റവും ആയാസരഹിതമായ നിറം പച്ചയാണ്.
* രോഗികളെ റിലാക്സ് ചെയ്യിക്കാൻ കഴിയുമെന്നതിനാൽ ആശുപത്രികളിൽ ഉപയോഗിക്കുന്ന നിറമാണ് പച്ച.

### ചുവപ്പ്

* മാണിക്യത്തിന്റെ (റൂബി) നിറം ചുവപ്പാണ്.
* മാരകവിഷമടങ്ങിയിട്ടുണ്ട് എന്ന് കാണിക്കാൻ കീടനാശിനികളുടെ കവറിലെ ത്രികോണചിഹ്നത്തിന്റെ നിറം ചുവപ്പായിരിക്കും.
* ആസിഡിന്റെ സാന്നിധ്യം ലിറ്റ്മസ് പേപ്പറിനെ ചുവപ്പ് നിറമാക്കും.
* വൈദ്യുത കണക്ഷനിൽ ഫേസ് ലൈൻ ആയി ഉപയോഗിക്കുന്ന കേബിളിന്റെ നിറം ചുവപ്പാണ്.
* തരംഗദൈർഘ്യം ഏറ്റവും കൂടുതലുള്ള നിറം ചുവപ്പാണ്.
* മഴവില്ലിൽ ഏറ്റവും പുറത്തായി കാണുന്ന നിറം ചുവപ്പാണ്.
* ട്രാഫിക് സിഗ്നലിൽ ഏറ്റവും മുകളിൽ കാണുന്ന നിറം ചുവപ്പാണ്.
* പ്രകാശസംശ്ലേഷണം ഏറ്റവും ഊർജസ്വലമായി നടക്കുന്നത് ചുവപ്പ് നിറത്തിലാണ്.

### മഞ്ഞ

* ചുവപ്പും പച്ചയും കൂടിച്ചേരുമ്പോൾ ഉണ്ടാകുന്ന നിറമാണ് മഞ്ഞ.
* സോഡിയം വേപ്പർ ലാമ്പ് മഞ്ഞ നിറത്തിൽ പ്രകാശിക്കും.
* ട്രാഫിക് സിഗ്നലിൽ മധ്യഭാഗത്ത് കാണുന്ന നിറം മഞ്ഞയാണ്.
* മഞ്ഞുവീഴ്ചയുള്ള സമയത്ത് വാഹനങ്ങളിൽ ഉപയോഗിക്കുന്ന ലാമ്പിന്റെ നിറം മഞ്ഞയാണ്.
* സയന്റിഫിക് ലബോറട്ടറികളിൽ അപകടത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന നിറം മഞ്ഞയാണ്.

# ഒറ്റത്തവണ രജിസ്ട്രേഷൻ– സംശയങ്ങളും മറുപടികളും

**ആർ.മനോജ്**
സിസ്റ്റം മാനേജർ, കേരള പബ്ലിക് സർവീസ് കമ്മിഷൻ



കേരള പബ്ലിക് സർവീസ് കമ്മിഷൻ 2012 ജനുവരി 1 മുതൽ ഒറ്റത്തവണ രജിസ്ട്രേഷൻ സമ്പ്രദായം നടപ്പിലാക്കി. വിജ്ഞാപനം ചെയ്യുന്ന തസ്തികകൾക്ക് അപേക്ഷ സമർപ്പിക്കുവാനാഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ പബ്ലിക് സർവീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in ലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ ചെയ്യേണ്ടതുണ്ട്. രജിസ്ട്രേഷൻ നടത്തിയ ഉദ്യോഗാർത്ഥികൾക്ക് അവരുടെ യൂസർ ഐഡിയും പാസ്‌വേർഡും നൽകി രജിസ്ട്രേഷൻ പോർട്ടലിൽ ലോഗിൻ ചെയ്ത് അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. നിലവിൽ 31 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പ്രസ്തുത പോർട്ടലിലൂടെ ര




ജിസ്റ്റർ ചെയ്തിട്ടുണ്ട്. 4628 കാറ്റഗറി നമ്പരുകളിലായി വിവിധ സംസ്ഥാന/ജില്ലാതല തസ്തികകളിലേക്കായി 2 കോടിയോളം അപേക്ഷകൾ ഒറ്റത്തവണ രജിസ്ട്രേഷൻ പോർട്ടലിലൂടെ സമർപ്പിക്കപ്പെട്ടിട്ടുണ്ട്.

## എന്താണ് ഒറ്റത്തവണ രജിസ്ട്രേഷൻ?

അപേക്ഷാ സമർപ്പണം മുതൽ പി.എസ്.സി. ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന സേവനങ്ങളെല്ലാം തന്നെ ഏകജാലകത്തിലൂടെ നൽകുന്നതിനുള്ള സംവിധാനമാണ് ഒറ്റത്തവണ രജിസ്ട്രേഷൻ. ഓരോ ഘട്ടത്തിലേയും സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ തൽസ്ഥിതി ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈ




ലിലൂടെ അറിയുവാൻ കഴിയും. പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റ്, ഇന്റർവ്യൂ മെമ്മോ, പ്രാക്ടിക്കൽ ടെസ്റ്റ് മെമ്മോ, തുടങ്ങിയവയെല്ലാം ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെ ഡൗൺലോഡ് ചെയ്ത് ഹാജരാക്കേണ്ടതാണ്.

## ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് കരുതേണ്ടത്?

ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തുവാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ പറയുന്ന കാര്യങ്ങൾ കൈയ്യിൽ കരുതിയതിനുശേഷം വേണം രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ആരംഭിക്കുവാൻ

(1) സമീപകാലത്തെടുത്ത വ്യക്തമായി പേരും ഫോട്ടോ എടുത്ത തീയതിയും രേഖപ്പെടുത്തിയ പാസ്പോർട്ട് സൈസ് വലിപ്പത്തിലുള്ള (150px X 200px) സ്കാൻ ചെയ്ത ഫോട്ടോഗ്രാഫ്. ഫോട്ടോയുടെ ഫയൽ വലിപ്പം 30KB യിൽ കവിയാൻ പാടില്ല.




(2) 150px X 100px വലിപ്പത്തിൽ സ്കാൻ ചെയ്തെടുത്ത കൈയ്യൊപ്പ് വളരെ വ്യക്തതയുള്ളതായിരിക്കണം. കൈയ്യൊപ്പിന്റെ ഫയൽ വലിപ്പം 30KB യിൽകവിയാൻ പാടില്ല.



(3) ജനനത്തീയതി, സമുദായം, തിരിച്ചറിയൽ രേഖ എന്നിവയുടെ വിവരങ്ങൾ

(4) യോഗ്യത തെളിയിക്കുന്ന പ്രമാണങ്ങളുടെ വിശദവിവരങ്ങൾ




## ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തുവാൻ എന്താണ് ചെയ്യേണ്ടത്?

കേരള പി.എസ്.സി. യുടെ ഔദ്യോഗിക വെബ്സൈറ്റായ




Login Screen




First Login Screen




www.keralapsc.gov.in സന്ദർശിച്ച് അതിലെ One Time Registration എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

## ഒരു ഉദ്യോഗാർത്ഥിക്ക് ഒന്നിലേറെ രജിസ്ട്രേഷൻ നടത്തുവാൻ കഴിയുമോ?

ഒരു ഉദ്യോഗാർത്ഥി ഒരു കാരണവശാലും ഒന്നിലേറെ രജിസ്ട്രേഷൻ നടത്താൻ പാടുള്ളതല്ല. ഒന്നിലേറെ രജിസ്ട്രേഷൻ നടത്തുന്നത് ശിക്ഷാർഹമായ കുറ്റമാണ്.

## അപേക്ഷ സമർപ്പിക്കുന്നതിനു മുൻപായി എന്തെല്ലാം വിവരങ്ങളാണ് പ്രൊഫൈലിൽ രേഖപ്പെടുത്തേണ്ടത്?

1 Personal Details
Name, Date of Birth, Gender, Religion, Caste, Sub Caste, Father's Name, Mother's Name, Nationality, State, Native District, Taluk, Local Body, Native Village, Identification mark etc.




2 Educational Qualifications
Qualifications, Register No., Percentage of marks, Month & Year of passing etc.





3 Address
Permanent and Communication Address
4 ID Proof Details
5 Mobile No, Land phone No, Email ID
6 Languages known, Mother tongue
7 Weightages and preferences if any
8 Physical Fitness



9 Experience if any
10 Employment Details if any
11 Declarations







## രജിസ്ട്രേഷൻ പൂർത്തിയായിക്കഴിഞ്ഞാൽ തസ്തികകൾക്ക് അപേക്ഷ സമർപ്പിക്കുന്നത് എങ്ങനെയാണ്?

പി.എസ്.സി. വിജ്ഞാപനം ചെയ്തിട്ടുള്ള തസ്തികകൾക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. അതിനായി ഒറ്റത്തവണ രജിസ്ട്രേഷൻ പേജിൽ യൂസർ ഐഡിയും, പാസ്‌വേർഡും നൽകി അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്യണം. അവരുടെ ഹോം പേജിൽ വലുത് വശത്തായി ദൃശ്യമാകുന്ന Notification എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ നിലവിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സംസ്ഥാന/ജില്ലാതലമുൾപ്പെടെയുള്ള വിവിധ വിഭാഗങ്ങളുടെ ലിങ്കുകൾ സ്ക്രീനിൽ തെളിയും. അതിൽ അപേക്ഷ സമർപ്പിക്കേണ്ട വിഭാഗം തിരഞ്ഞെടുത്താൽ ടി വിഭാഗത്തിൽ വിജ്ഞാപനം ചെയ്തിട്ടുള്ള വിവിധ കാറ്റഗറി നമ്പരുകളിലെ തസ്തികകളുടെ ലിസ്റ്റ് സ്ക്രീനിൽ തെളിയും. അതിൽ ഓരോ തസ്തികകളുടേയും വലതു ഭാഗത്തായി Check Eligibility എന്ന ബട്ടൺ കാണാം. ഉദ്യോഗാർത്ഥി പ്രസ്തുത തസ്തികയ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ യോഗ്യനാണോ എന്ന് ടി ബട്ടൺ ക്ലിക്ക് ചെയ്ത് പരിശോധിക്കാവുന്നതാണ്. ഉദ്യോഗാർത്ഥി പ്രസ്തുത തസ്തികയ്ക്ക് അനുസരിച്ചുള്ള യോഗ്യത നേടിയതും അത് പ്രൊഫൈലിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ വ്യക്തിയാണെങ്കിൽ Apply Now ബട്ടൺ തെളിയും അല്ലാത്ത പക്ഷം Ineligible ബട്ടൺ ആയിരിക്കും ദൃശ്യമാകുക. യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് Apply Now ബട്ടൺ ക്ലിക്ക് ചെയ്ത് അപേക്ഷ സമർപ്പണവുമായി മുന്നോട്ടുപോകാവുന്നതാണ്. ഉദ്യോഗാർത്ഥി പ്രൊഫൈലിൽ രേഖപ്പെടുത്തിയിട്ടുള്ള യോഗ്യതയും വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയും താരതമ്യം ചെയ്താണ് രജിസ്ട്രേഷൻ സംവിധാനം ഉദ്യോഗാർത്ഥി ടി തസ്തികയ്ക്ക് യോഗ്യനാണോ എന്ന് പരിശോധിക്കുന്നതും Apply Now ബട്ടൺ ദൃശ്യമാകുന്നതും. ആയതിനാൽ അപേക്ഷ സമർപ്പിക്കുന്നതിനു മുൻപായി ഉദ്യോഗാർത്ഥി യോഗ്യതകൾ ഉൾപ്പെടെയുള്ള എല്ലാ വിവരങ്ങളും പൂർണ്ണമായും പ്രൊഫൈലിൽ രേഖപ്പെടുത്തേണ്ടതാണ്.












(ശേഷം പേജ് 32ൽ)

# Previous Questions

1. 'ബംഗ്റ' ഏതു സംസ്ഥാനത്തെ നൃത്ത രൂപമാണ്?
(എ) അസം (ബി) പഞ്ചാബ്
(സി) കർണാടകം (ഡി) ഗുജറാത്ത്
2. 'യൂറോപ്പിന്റെ പടക്കളം' എന്നറിയപ്പെടുന്ന രാജ്യം:
(എ) പോളണ്ട് (ബി) തുർക്കി
(സി) റഷ്യ (ഡി)ബെൽജിയം
3. 'റിബോഫ്ളാവിൻ' ഏതു വിറ്റാമിന്റെ രാസനാമം:
(എ) വിറ്റാമിൻ എ (ബി) വിറ്റാമിൻ സി
(സി) വിറ്റാമിൻ ബി–2
(ഡി) വിറ്റാമിൻ ഡി
4. 'വൾക്കനൈസേഷൻ' നടത്തുമ്പോൾ റബ്ബറിൽ ചേർക്കുന്നത്:
(എ) മഗ്നീഷ്യം (ബി) ഗന്ധകം
(സി) ഇരുമ്പ് (ഡി) ചെമ്പ്
5. 'ലോറസ് അവാർഡ്' ഏതു രംഗവുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) സിനിമ (ബി) സാഹിത്യം
(സി) സംഗീതം (ഡി) സ്പോർട്സ്
6. പിതാവിനെ വധിച്ച് അധികാരമേറ്റ രാജാവ്?
(എ) ബിന്ദുസാരൻ(ബി) അജാതശത്രു
(സി) സമുദ്രഗുപ്തൻ
(ഡി) ബിംബിസാരൻ
7. ഭരണഘടനയുടെ ഏതു ഭാഗത്താണ് 'മൗലിക ചുമതലകൾ' ഉൾപ്പെടുത്തിയിരിക്കുന്നത്?
(എ) ആറ് (ബി) മൂന്ന്
(സി) രണ്ട് (ഡി) നാല് എ
8. ക്രൂസ്ഫെൽറ്റ്–ജേക്കബ് രോഗത്തിന്റെ മറ്റൊരു പേര്:
(എ) ചിക്കൻ ഗുനിയ
(ബി) അൽഷിമേഴ്സ്
(സി) ഭ്രാന്തിപ്പശു രോഗം
(ഡി) ഡെങ്കിപ്പനി
9. അന്തരീക്ഷത്തിലെ ഏതു പാളിയിലാണ് ഓസോൺ ഉള്ളത്?
(എ) സ്ട്രാറ്റോസ്ഫിയർ
(ബി) ട്രോപ്പോസ്ഫിയർ
(സി) എക്സോസ്ഫിയർ
(ഡി) തെർമോസ്ഫിയർ
10. മീനച്ചിലാർ ഏതു ജില്ലയിലെ പ്രധാനനദിയാണ്?
(എ) കണ്ണൂർ (ബി) കാസർകോട്
(സി) കോട്ടയം (ഡി) കൊല്ലം
11. ഏറ്റവും വേഗത്തിൽ വളരുന്ന പുൽവർഗ സസ്യം:
(എ) നെല്ല് (ബി) മുള
(സി) രാമച്ചം (ഡി) കറുക
12. പരുത്തിക്കൃഷിക്ക് അനുയോജ്യമായ മണ്ണ്:
(എ) ക്ഷാരമണ്ണ് (ബി) ലാറ്ററൈറ്റ്
(സി) എക്കൽമണ്ണ് (ഡി) കറുത്തമണ്ണ്
13. പലസ്തീൻ വിമോചന സംഘടന രൂപംകൊണ്ട വർഷം:
(എ) 1966 (ബി) 1964
(സി) 1963 (ഡി) 1967
14. ബി.സി.ആറാംശതകത്തിൽ ഉത്തരേന്ത്യയിലുണ്ടായിരുന്ന മഹാജനപദങ്ങളിൽ ഏറ്റവും പ്രബലം?
(എ) കാശി (ബി) കോസലം
(സി) കുരു (ഡി) മഗധം
15. ബംഗാളിൽ ദ്വിഭരണം നടപ്പിൽ വരുത്തിയത് :
(എ) റോബർട്ട് ക്ലൈവ്(ബി) വാറൻ ഹേസ്റ്റിങ്സ്
(സി) വില്യം ബെന്റിക്(ഡി) ഡൽഹൗസി പ്രഭു
16. ബംഗാളിലെ ഭക്തിപ്രസ്ഥാനത്തിനു രൂപം നൽകിയത്:
(എ) നാമദേവ് (ബി) രാമാനന്ദൻ
(സി) ചൈതന്യ (ഡി) കബീർ
17. ഏതു വിളയെ ബാധിക്കുന്ന രോഗമാണ് ദ്രുതവാട്ടം?
(എ) നെല്ല് (ബി) കുരുമുളക്
(സി) ഏലം (ഡി) തെങ്ങ്
18. കലിക്കറ്റ് സർവകലാശാലയുടെ പ്രഥമ വൈസ് ചാൻസലർ:
(എ) ടി.എൻ.ജയചന്ദ്രൻ
(ബി) പ്രൊഫ. എം.എം.ഗനി
(സി) ഡോ.ജോൺ മത്തായി
(ഡി) ഡോ.എം.വി.പൈലി
19. കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷന്റെ ആസ്ഥാനം:
(എ) പുനലൂർ (ബി) കോട്ടയം
(സി) തൃശ്ശൂർ (ഡി) അങ്കമാലി
20. ദേശീയോദ്ഗ്രഥനത്തിനുള്ള ഇന്ദിരാഗാന്ധി അവാർഡ് ആദ്യമായി നേടിയത്:
(എ) ലതാ മങ്കേഷ്കർ(ബി) നൗഷാദ്
(സി) സ്വാമി രംഗനാഥാനന്ദ
(ഡി) വിശ്വനാഥൻ ആനന്ദ്
21. അയിത്തോച്ചാടനനിയമം പാർലമെന്റ് പാസാക്കിയ വർഷം:
(എ) 1947 (ബി) 1950
(സി) 1951 (ഡി) 1955
22. 'സ്നെല്ലൻസ് ചാർട്ട്' എന്തു പരിശോധിക്കാൻ ഉപയോഗിക്കുന്നു?
(എ) ശ്രവണശേഷി(ബി) രക്തസമ്മർദ്ദം
(സി) കാഴ്ചശക്തി(ഡി) ഹൃദയമിടിപ്പ്
23. നിയമവിരുദ്ധമായ നടപടികൾ കണ്ടാൽ സ്വയം കേസെടുക്കാൻ മജിസ്ട്രേറ്റിന് അധികാരം നൽകുന്ന വകുപ്പ്:
(എ) ക്വാവറണ്ടോ
(ബി) ഹേബിയസ് കോർപ്പസ്
(സി) അലിബി
(ഡി) സുവോമോട്ടോ
24. 1937 വരെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആസ്ഥാനമായിരുന്നത്?
(എ) ന്യൂഡൽഹി (ബി) കൊൽക്കത്ത
(സി) ചെന്നൈ (ഡി) പൂനെ
25. ഇന്ത്യയിൽനിന്നുമുള്ളവർക്ക് മിസ് യൂണിവേഴ്സ്, മിസ് വേൾഡ് പട്ടങ്ങൾ ഒരുമിച്ച് ലഭിച്ച വർഷം?
(എ) 1993 (ബി) 1995
(സി) 1994 (ഡി) 1992
26. ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എവിടെയാണ് സ്ഥാപിക്കപ്പെട്ടത്?
(എ) തമിഴ്നാട് (ബി) കേരളം
(സി) ഹരിയാന (ഡി) ഉത്തർപ്രദേശ്
27. ഏതു ലോഹത്തിന്റെ അയിരാണ് ഗലീന?
(എ) പ്ലാറ്റിനം (ബി) ചെമ്പ്
(സി) ലെഡ് (ഡി) സിങ്ക്
28. ഒന്നാം ലോകമഹായുദ്ധത്തിനും രണ്ടാം ലോകമഹായുദ്ധത്തിനും ഇടയിലുള്ള ഇടവേള എത്ര വർഷം?
(എ) 21 (ബി) 23
(സി) 19 (ഡി) 17
29. ഖരാവസ്ഥയിൽനിന്നും ദ്രാവകമാകാതെ നേരിട്ട് വാതകമാകുന്ന പ്രക്രിയ?
(എ) ഓക്സിഡേഷൻ
(ബി) സബ്ലിമേഷൻ
(സി) ലീച്ചിങ് (ഡി) ലിക്വേഷൻ
30. സഫേദ് മുസ്‌ലിയുടെ ഏതു ഭാഗമാണ് ഔഷധനിർമാണത്തിന് ഉപയോഗിക്കുന്നത്?
(എ) കിഴങ്ങ് (ബി) ഇല
(സി) വിത്ത് (ഡി) പൂവ്
31. സൗരയൂഥം ഉൾപ്പെടുന്ന ഗാലക്സിയുടെ പേര്?
(എ) മിൽക്കി വേ (ബി) പ്രോക്സിമ
(സി) ആൽഫ (ഡി) ഹീലിയോസ്
32. ചലിപ്പിക്കാൻ കഴിയുന്ന, മുഖത്തെ ഏക അസ്ഥി:
(എ) മാക്സില്ല (ബി) കീഴ്ത്താടിയെല്ല്
(സി) ടെമ്പറൽ (ഡി) ഫ്രോന്റൽ
33. കേരളത്തിൽ എവിടെയാണ് സെന്റ് ഏഞ്ചലോ കോട്ട?
(എ) പള്ളിപ്പുറം (ബി) ബെയ്ക്കൽ
(സി) അഞ്ചുതെങ്ങ് (ഡി) കണ്ണൂർ
34. ജോൺ രാജാവ് മാഗ്നകാർട്ടയിൽ ഒപ്പുവെച്ച വർഷം?
(എ) 1512 (ബി) 1815
(സി) 1152 (ഡി) 1215
35. 'മൂർത്തിദേവി അവാർഡ്' ഏതു മേഖലയിലാണ് നൽകുന്നത്?
(എ) വൈദ്യശാസ്ത്രം (ബി) ശാസ്ത്രം
(സി) സാമൂഹിക സേവനം
(ഡി) പത്രപ്രവർത്തനം
36. ആരുടെ ചരമദിനമാണ് 'വായനാദിന'മായി ആചരിക്കുന്നത്?
(എ) സർദാർ കെ.എം.പണിക്കർ
(ബി) എസ്.കെ.പൊറ്റക്കാട്ട്
(സി) പി.എൻ.പണിക്കർ
(ഡി) എ.ആർ.രാജരാജവർമ
37. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി:
(എ) നന്ദാദേവി (ബി) കാരക്കോറം–2
(സി) എവറസ്റ്റ് (ഡി) കാഞ്ചൻജംഗ
38. 'തത്ത്വചിന്തകനായ ഇന്ത്യൻ പ്രസിഡന്റ്' എന്നറിയപ്പെട്ടത്:
(എ) സക്കീർ ഹുസൈൻ
(ബി) ഡോ.രാജേന്ദ്രപ്രസാദ്
(സി) എസ്.രാധാകൃഷ്ണൻ
(ഡി) സഞ്ജീവ റെഡ്ഡി
39. ഐക്യരാഷ്ട്രസഭയുടെ ആസ്ഥാനം:
(എ) വാഷിങ്ടൺ ഡി.സി.
(ബി) ന്യൂയോർക്ക്
(സി) ടോക്കിയോ (ഡി) ലണ്ടൻ
40. ഏതു നേതാവിന്റെ ഉപദേശപ്രകാരമാണ് കെ.കേളപ്പൻ ഗുരുവായൂരിലെ സത്യാഗ്രഹം അവസാനിപ്പിച്ചത്?
(എ) ജവാഹർലാൽ നെഹ്റു
(ബി) വിനോബാ ഭാവെ
(സി) ഗാന്ധിജി
(ഡി) സി.രാജഗോപാലാചാരി
41. പുരാതന ഇന്ത്യയിലെ, ഹോസ്റ്റൽ സംവിധാനമുണ്ടായിരുന്ന ആദ്യ സർവകലാശാല:
(എ) തക്ഷശില (ബി) സാരനാഥ്
(സി) നളന്ദ (ഡി) ബനാറസ്
42. ദേശീയ മനുഷ്യാവകാശ കമ്മിഷന്റെ പ്രഥമ ചെയർമാൻ:
(എ) രംഗനാഥ് മിശ്ര
(ബി) വെങ്കടചെല്ലയ്യ
(സി) ജീവൻ റെഡ്ഡി
(ഡി) ബി.പി.മണ്ഡൽ
43. ബോർഡോ മിശ്രിതം കണ്ടുപിടിച്ചതാര്?
(എ) ഫ്ളമിങ്(ബി) പോൾ എർലിക്
(സി) മില്ലാർഡെറ്റ്
(ഡി) ആൽഫ്രഡ് വുളർ
44. 'കോട്ടുക്കോണം' ഏതു വിളയുടെ ഇനമാണ്?
(എ) മാവ് (ബി) തെങ്ങ്
(സി) പ്ളാവ് (ഡി) റബ്ബർ
45. ഭൂഗോളത്തിന്റെ ആകെ വിസ്തീർണത്തിന്റെ എത്ര ശതമാനമാണ് ഇന്ത്യ?
(എ) 0.42 (ബി) 0.75
(സി) 0.57 (ഡി) 0.32
46. ഒരു പ്രാവശ്യം ഹൃദയമിടിക്കുന്നതിനാവശ്യമായ സമയം:
(എ) 0.8 സെക്കന്റ് (ബി) 0.5 സെക്കന്റ്
(സി) 1.2 സെക്കന്റ് (ഡി) 0.4 സെക്കന്റ്
47. 'ഓൾ ഇന്ത്യാ വാർ മെമ്മോറിയൽ' ഇപ്പോൾ എന്തുപേരിലറിയപ്പെടുന്നു?
(എ) ഗേറ്റ് വേ ഓഫ് ഇന്ത്യ
(ബി) ലാഹോർ ഗേറ്റ്
(സി) ഇന്ത്യാഗേറ്റ് (ഡി) റെഡ് ഫോർട്ട്
48. ഏതു വംശത്തിലെ ഏറ്റവും പ്രഗല്ഭനായ രാജാവായിരുന്നു രുദ്രദാമൻ?
(എ) മൗര്യവംശം (ബി) ഗുപ്തവംശം
(സി) കുശാനവംശം (ഡി) ശകവംശം
49. താഴെപ്പറയുന്നവയിൽ ഏതാണ് ഗ്ലാസിന് കടുംനീലനിറം നൽകുന്നത്?
(എ) കുപ്രിക് ഓക്സൈഡ്
(ബി) കോബാൾട്ട് ഓക്സൈഡ്
(സി) ഫെറസ് ഓക്സൈഡ്
(ഡി) നിക്കൽ ഓക്സൈഡ്
50. ഭരണഘടനയുടെ എത്രാമത്തെ ഷെഡ്യൂളിലാണ് കേന്ദ്ര–സംസ്ഥാനങ്ങൾ തമ്മിലുള്ള അധികാരവിഭജനം ഏർപ്പെടുത്തുന്ന മൂന്ന് ലിസ്റ്റുകളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത്?
(എ) ഒന്നാമത്തെ (ബി) രണ്ടാമത്തെ
(സി) അഞ്ചാമത്തെ(ഡി) ഏഴാമത്തെ
51. ഭഗീരഥിയും അളകനന്ദയും സന്ധിക്കുന്ന സ്ഥലം:
(എ) പ്രയാഗ് (ബി) ദേവപ്രയാഗ്
(സി) വാരണസി (ഡി) ഡെറാഡൂൺ
52. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുനസ്സംഘടനാസമയത്ത് തമിഴ്നാടിനോട് ചേർക്കപ്പെട്ട താലൂക്ക് അല്ലാത്തത്?
(എ) കൽക്കുളം (ബി) ദേശിങ്ങനാട്
(സി) വിളവൻകോട്(ഡി) അഗസ്തീശ്വരം
53. ഭൂചലനങ്ങളുടെ തീവ്രത തരംതിരിച്ച ആദ്യശാസ്ത്രജ്ഞൻ:
(എ) റോമർ (ബി) ആൽഫ്രഡ് വെഗ്നർ
(സി) ചാൾസ് എഫ് റിക്ടർ
(ഡി) ലിവിങ്സ്റ്റൺ
54. കേരള സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ ആസ്ഥാനം:
(എ) തിരുവനന്തപുരം
(ബി) എറണാകുളം
(സി) കണ്ണൂർ (ഡി) കോഴിക്കോട്
55. പ്രഥമ ഇ.എം.എസ്.മന്ത്രിസഭയിൽ(1957–59) അംഗമായിരുന്ന താഴെപ്പറയുന്നവരിൽ സ്വതന്ത്രസ്ഥാനാർഥിയല്ലാതിരുന്ന വ്യക്തി:
(എ) സി.അച്യുതമേനോൻ
(ബി) ഡോ.എ.ആർ.മേനോൻ
(സി) ജോസഫ് മുണ്ടശ്ശേരി
(ഡി) വി.ആർ.കൃഷ്ണയ്യർ
56. ഇന്ത്യയിൽ ഏറ്റവും വടക്കുള്ള തലസ്ഥാന നഗരം:
(എ) ശ്രീനഗർ (ബി) ജമ്മു
(സി) ചണ്ഡിഗഢ്(ഡി) ഡെറാഡൂൺ
57. പാൻക്രിയാസിന്റെ പ്രവർത്തനത്തെ ബാധിക്കുന്ന രോഗമാണ്:
(എ) ഡിഫ്ത്തീരിയ (ബി) മീസിൽസ്
(സി) ന്യൂമോണിയ(ഡി) ഡയബറ്റിസ്
58. 'എം.ആർ.എഫ്.' ഏത് ഉല്പന്നവുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ഗ്യാസ് (ബി) ടയർ
(സി) ബാറ്ററി (ഡി) പെട്രോൾ
59. 'അഡിസൺസ് രോഗം' ഏതവയവത്തെ ബാധിക്കുന്നു?
(എ) അഡ്രീനൽ ഗ്രന്ഥി
(ബി) തൈറോയ്ഡ് ഗ്രന്ഥി
(സി) പിറ്റ്യൂറ്ററി ഗ്രന്ഥി
(ഡി) പീനിയൽ ഗ്രന്ഥി
60. കേരള സംസ്ഥാനം രൂപവത്കരണത്തിന്റെ 25 വർഷം പൂർത്തിയാക്കിയ 1981 നവംബർ ഒന്നിന് മുഖ്യമന്ത്രി ആരായിരുന്നു?
(എ) സി.അച്യുതമേനോൻ
(ബി) എ.കെ.ആന്റണി
(സി) ഇ.കെ.നായനാർ
(ഡി) പ്രസിഡന്റ്ഉ ഭരണം
61. വെള്ളം തണുത്തിരിക്കുന്നത് ഏതു തരം പാത്രത്തിൽ സംഭരിക്കുമ്പോഴാണ്?
(എ) മൺപാത്രം (ബി) ലോഹപാത്രം
(സി) പ്ളാസ്റ്റിക് പാത്രം
(ഡി) ഗ്ലാസ് പാത്രം
62. പാഴ്സികളുടെ പുരാതന അഗ്നിക്ഷേത്രങ്ങളുള്ള ഉഡ്വാഡ ഏതു സംസ്ഥാനത്താണ്?

(എ) മഹാരാഷ്ട്ര (ബി) ഗുജറാത്ത്
(സി) ഗോവ (ഡി) മധ്യപ്രദേശ്

63. കുമാരനാശാന്റെ 'വീണപൂവ്' ഏതു പത്രത്തിലാണ് ആദ്യം പ്രസിദ്ധീകരിച്ചത്?
(എ) മിതവാദി (ബി) സമദർശി
(സി) ദീപിക (ഡി) വിവേകോദയം

64. വൈക്കം മുഹമ്മദ് ബഷീറിന്റെ ആദ്യനോവൽ:
(എ) മതിലുകൾ (ബി) പ്രേമലേഖനം
(സി) ബാല്യകാലസഖി
(ഡി) പാത്തുമ്മയുടെ ആട്

65. 'കൊടൈക്കനാൽ' ഏതു മലനിരകളിലാണ്?
(എ) കാരക്കോറം (ബി) ആരവല്ലി
(സി) പളനി മലനിരകൾ (ഡി) നീലഗിരി

66. ഒന്നാം പഞ്ചവത്സരപദ്ധതിയുടെ കാലാവധി:
(എ) 1951–56 (ബി) 1950–55
(സി) 1952–57 (ഡി) 1947–52

67. ചിറകുകളില്ലാത്ത ഒരു ഷഡ്പദം:
(എ) വണ്ട് (ബി) ശലഭം
(സി) മൂട്ട (ഡി) ചീവീട്

68. ഇന്ത്യയുടെ 'ജൊവാൻ ഓഫ് ആർക്ക്' എന്നു വിശേഷിപ്പിക്കുന്നതാരെ?
(എ) ഝാൻസി റാണി
(ബി) സരോജിനി നായിഡു
(സി) ഇന്ദിരാഗാന്ധി
(ഡി) റസിയാ ബീഗം

69. മലയാളത്തിലെ ആദ്യത്തെ മഹാകാവ്യമായ 'രാമചന്ദ്രവിലാസം' രചിച്ചതാര്?
(എ) അഴകത്ത് രാമക്കുറുപ്പ്
(ബി) വൈക്കത്ത് പാച്ചുമൂത്തത്
(സി) അഴകത്ത് പദ്മനാഭക്കുറുപ്പ്
(ഡി) ചെറുശ്ശേരി

70. കൃത്രിമമഴ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ലവണം:
(എ) സിൽവർ നൈട്രേറ്റ്
(ബി) സിൽവർ അയഡൈഡ്
(സി) സോഡിയം ക്ലോറൈഡ്
(ഡി) സോഡിയം അയഡൈഡ്

71. പാലിനെ തൈരാക്കുന്ന ബാക്ടീരിയ:
(എ) വിബ്രിയോ
(ബി) സ്ട്രെപ്റ്റോകോക്കസ്
(സി) ലാക്ടോബാസില്ലസ്
(ഡി) ഇതൊന്നുമല്ല

72. ഡെങ്കിപ്പനി പരത്തുന്നത്:
(എ) കൊതുക് (ബി) എലി
(സി) എലിച്ചെള്ള് (ഡി) മൂട്ട

73. മനുഷ്യന്റെ ഒരു വൃക്കയുടെ ശരാശരി ഭാരം---- ഗ്രാം ആണ്:
(എ) 430 (ബി) 630
(സി) 230 (ഡി) 130

74. 'സുവർണ മയൂരം' ഏതുമായി ബന്ധപ്പെട്ട അവാർഡാണ്?
(എ) സാഹിത്യം (ബി) സിനിമ
(സി) സംഗീതം (ഡി) ചിത്രകല

75. 'ഇന്ത്യാഗേറ്റ്' രൂപകല്പന ചെയ്തത്:
(എ) ലെ കർബ്യുസിയർ
(ബി) വില്യം എമേഴ്സൺ
(സി) ഹെർബെർട്ട് ബേക്കർ
(ഡി) എഡ്വിൻ ലുട്യൻസ്

76. പദവിയിലിരിക്കെ അന്തരിച്ച, കേരളത്തിലെ ആദ്യത്തെ മന്ത്രി:
(എ) വി.കെ.വേലായുധൻ
(ബി) വി.കെ.രാജൻ
(സി) പി.ടി.ചാക്കോ
(ഡി) വി.കെ.വേലപ്പൻ

77. 'കാലത്തിന്റെ കപോലത്തിലെ കണ്ണുനീർത്തുള്ളി' എന്ന് താജ്മഹലിനെ വിശേഷിപ്പിച്ചത്:
(എ) ഷാജഹാൻ (ബി) ഉസ്താദ് ഇസ
(സി) രബീന്ദ്രനാഥ് ടാഗോർ
(ഡി) മുഹമ്മദ് ഇക്ബാൽ

78. ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള കേന്ദ്ര ഭരണ പ്രദേശം:
(എ) ചണ്ഡിഗഢ് (ബി) ഡൽഹി
(സി) ലക്ഷദ്വീപ് (ഡി) പോണ്ടിച്ചേരി

79. താഴെപ്പറയുന്നവയിൽ ഭരണഘടനാപദവിയല്ലാത്തത് ഏത്?
(എ) ചീഫ് ഇലക്ഷൻ കമ്മീഷണർ
(ബി) സ്പീക്കർ
(സി) ഗവർണർ (ഡി) ആസൂത്രണകമ്മീഷൻ ഉപാധ്യക്ഷൻ

80. കാളപ്പോര് ഏതുരാജ്യത്തെ ദേശീയ കായിക വിനോദമാണ്?
(എ) ജപ്പാൻ (ബി) കാനഡ
(സി) റഷ്യ (ഡി) സ്പെയിൻ

81. പ്രഥമ ലോകകപ്പ് ക്രിക്കറ്റ് മത്സരത്തിൽ വിജയിച്ച രാജ്യം?
(എ) വെസ്റ്റ് ഇൻഡീസ് (ബി) യു.കെ.
(സി) ഇന്ത്യ (ഡി) പാകിസ്താൻ

82. ഭാരതരത്ന ബഹുമതിക്കർഹനായ വ്യവസായി?
(എ) ജി.ഡി.ബിർള (ബി) ജെ.ആർ.ഡി.ടാറ്റ
(സി) ധിരുഭായി അംബാനി
(ഡി)രത്തൻ ടാറ്റ

83. ഏതു വർഷമാണ് 'സംക്ഷേപവേദാർഥം'പ്രസിദ്ധപ്പെടുത്തിയത്?
(എ) 1789 (ബി) 1762
(സി) 1771 (ഡി)1772

84. ഡെങ്കിപ്പനിക്കു കാരണം ?
(എ) ബാക്ടീരിയ (ബി) വൈറസ്
(സി) ഫംഗസ് (ഡി) പ്രോട്ടോസോവ

85. ഇന്ത്യയിലെ ആദ്യത്തെ ജൂതപ്പള്ളി ഏതു സംസ്ഥാനത്താണ് നിർമിക്കപ്പെട്ടത്?
(എ) കേരളം (ബി) മഹാരാഷ്ട്ര
(സി) തമിഴ്നാട് (ഡി) പശ്ചിമ ബംഗാൾ

86. ശ്രീബുദ്ധൻ ഇഹലോകവാസം വെടിഞ്ഞ സ്ഥലം?
(എ) ലുംബിനി (ബി) കുശിനഗരം
(സി) ഗയ (ഡി) സാരനാഥ്

87. 'താൻസൻ സമ്മാനം'നൽകുന്നത് ഏതു സംസ്ഥാനത്തെ ഗവൺമെന്റാണ്?
(എ) തമിഴ്നാട് (ബി) മധ്യപ്രദേശ്
(സി) കർണാടകം (ഡി) ബീഹാർ

88. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സ്ഥാപിതമായ വർഷം :
(എ) 1957 (ബി) 1964
(സി) 1956 (ഡി) 1967

89. കോൺസ്റ്റാന്റിനോപ്പിളിന്റെ ഇപ്പോഴത്തെ പേര്:
(എ) ഓസ്ലോ (ബി) അങ്കാറ
(സി) ടോക്കിയോ (ഡി) ഇസ്താൻബുൾ

90. 'യോമിയുരി ഷിംബുൺ' ഏതുരാജ്യത്തെ പത്രമാണ്?
(എ) ചൈന (ബി) തായ്‌ലൻഡ്
(സി) ജപ്പാൻ (ഡി) മ്യാൻമർ

91. ഏതു സംസ്ഥാനം വിഭജിച്ചാണ് ജാർഖണ്ഡ് സംസ്ഥാനം രൂപവത്കരിച്ചത്?
(എ) മധ്യപ്രദേശ് (ബി) ബീഹാർ
(സി) ഉത്തർ പ്രദേശ് (ഡി) ഒറീസ്സ

92. ഇന്ത്യയിൽ മുസ്ലിം ലീഗ് സ്ഥാപിതമായ വർഷം:
(എ) 1906 (ബി) 1907
(സി) 1885 (ഡി) 1916

93. കേരളനിയമസഭയിൽ ഏറ്റവും കൂടുതൽ പ്രാവശ്യം കാസ്റ്റിങ് വോട്ട് പ്രയോഗിച്ച സ്പീക്കർ:
(എ) വക്കം പുരുഷോത്തമൻ
(ബി) വി.എം.സുധീരൻ
(സി) എ.സി.ജോസ്
(ഡി) എം.വിജയകുമാർ

94. 'ദ്വിരാഷ്ട്ര സിദ്ധാന്തം' ആവിഷ്കരിച്ചത്:
(എ) മഹാത്മാഗാന്ധി
(ബി) മുഹമ്മദലി ജിന്ന
(സി) ജവാഹർലാൽ നെഹ്റു
(ഡി) മൗലാനാ ആസാദ്

95. അടിമവംശം സ്ഥാപിച്ചത്:
(എ) ഇൽത്തുമിഷ്
(ബി) കുത്തബ്ദ്ദീൻ ഐബക്
(സി) റസിയാ ബീഗം
(ഡി) ബാൽബൻ

96. ഗാന്ധി സമാധാന സമ്മാനത്തിനർഹനായ ആദ്യത്തെ ഭാരതീയൻ:
(എ) വിനോബാഭാവെ
(ബി) ജയപ്രകാശ് നാരായൺ
(സി) ബാബാ ആംതെ
(ഡി) മദർ തെരേസ

97. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പട്ട് ഉൽപാദിപ്പിക്കുന്ന സംസ്ഥാനം:
(എ) രാജസ്ഥാൻ (ബി) ഗുജറാത്ത്
(സി) കേരളം (ഡി) കർണാടകം

98. 'ജ്ഞാനപ്പാന' രചിച്ചത്:
(എ) പൂന്താനം (ബി) ചെറുശ്ശേരി
(സി) കുഞ്ചൻ നമ്പ്യാർ
(ഡി) മേൽപ്പുത്തൂർ

99. 1857ലെ കലാപകാലത്ത് ബ്രിട്ടീഷിന്ത്യയിൽ ഗവർണർ ജനറലായിരുന്നത്:
(എ) കാനിങ് പ്രഭു
(ബി) ഡൽഹൗസി പ്രഭു
(സി) വില്യം ബെന്റിക് പ്രഭു
(ഡി) വാറൻ ഹേസ്റ്റിംഗ്സ് പ്രഭു

100. ഏതു രാജ്യത്തെ ലിപിയായിരുന്നു 'ഹീറോഗ്ലിഫിക്സ്'?
(എ) ഇറാക്ക് (ബി) ഇറാൻ
(സി) ചൈന (ഡി) ഈജിപ്ത്

## Answers

1(b) 2(d) 3(c) 4(b) 5(d) 6 (b) 7(d) 8 (c) 9 (a) 10(c) 11(b) 12(d) 13(b) 14(d) 15(a) 16(c) 17(b) 18(b) 19(d) 20(c)2 1 (d) 22(c) 23 (d) 24 (b) 25(c)2 6(b) 27(c) 28(a) 29(b) 30(a) 31(a) 32(b) 33(d) 34(d) 35(d)36(c)37(c) 38(c) 39(b) 40(c) 41(c) 42 (a) 43(c) 44 (a) 45(c) 46(a) 47 (c) 48(d)49(b) 50(d) 51(b) 52(b) 53(c) 54(b) 55(a) 56(a) 57(d) 58(b) 59(a) 60(d)61(a) 62(b) 63(a)64(c) 65(c) 66(a) 67(c)68(a) 69(c) 70(b) 71(c) 72(a) 73(d)74(b)75(d) 76(d) 77 (c) 78(b) 79(d)80(d) 81(a)82(b) 83(d)84(b) 85(a)86 (b) 87(b) 88 (a) 89 (d) 90(c) 91(b) 92(a) 93(c) 94(b) 95(b) 96(c) 97(d) 98(a) 99(a) 100(d)

# മലയാള സാഹിത്യം

❖ മറക്കുടയ്ക്കുള്ളിലെ മഹാനരകം രചിച്ചതാര് എം.ആർ.ബി. എന്നറിയപ്പെടുന്ന മുല്ലമംഗലത്ത് രാമൻ ഭട്ടതിരിയാണ്.

❖ പാടാത്ത പൈങ്കിളി, ഒരു കുടയും കുഞ്ഞുപെങ്ങളും ഉൾപ്പെടെ 180–ഓളം കൃതികളെഴുതിയ മലയാള സാഹിത്യകാരനാണ് മുട്ടത്തു വർക്കി. പാടാത്ത പൈങ്കിളി, ഇണപ്രാവുകൾ, വെളുത്ത കത്രീന, മയിലാടുംകുന്ന്, കരകാണാക്കടൽ, അക്കരപ്പച്ച എന്നീ നോവലുകൾ സിനിമയാക്കിയിട്ടുണ്ട്. പൈങ്കിളി സാഹിത്യം എന്ന വിഭാഗത്തിലെ പ്രമുഖ സാഹിത്യകാരൻമാരിലൊരാളായിരുന്നു മുട്ടത്തു വർക്കി. ആദ്യത്തെ മുട്ടത്തുവർക്കി അവാർഡ് ലഭിച്ചത് ഒ.വി. വിജയനാണ് (1992).

❖ വിക്ടർ യൂഗോയുടെ ലെ മിറാബ്ലെ എന്ന ഫ്രഞ്ചുനോവൽ പാവങ്ങൾ എന്ന പേരിൽ മലയാളത്തിലേക്ക് തർജമ ചെയ്തത് നാലപ്പാട്ടു നാരായണ മേനോനാണ്. അദ്ദേഹം രചിച്ച വിലാപ കാവ്യമാണ് കണ്ണുനീർത്തുള്ളി. രതിസാമ്രാജ്യം എന്നൊരു പുസ്തകവും അദ്ദേഹം എഴുതിയിട്ടുണ്ട്.

❖ മലയാളത്തിലെ ആദ്യത്തെ രാഷ്ട്രീയ നോവൽ കെ.നാരായണക്കുരുക്കൾ രചിച്ച 'പാറപ്പുറം' ആണ്.

❖ ആദ്യ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡിന് അർഹമായത് ആർ.നാരായണപ്പണിക്കരുടെ ഭാഷാസാഹിത്യചരിത്രം എന്ന ഗ്രന്ഥമാണ്. നവയുഗഭാഷാനിഘണ്ടു രചിച്ചത് ആർ.നാരായണപ്പണിക്കരാണ്.

❖ പ്രശസ്ത കവയിത്രി ബാലാമണിയമ്മയെക്കുറിച്ച് മകൾ നാലപ്പാട്ട് സുലോചന രചിച്ച പുസ്തകമാണ്–പേനയാൽ തുഴഞ്ഞ ദൂരങ്ങൾ. നാലപ്പാട്ട് സുലോചനയും സഹോദരി മാധവിക്കുട്ടിയും ചേർന്നെഴുതിയ നോവലാണ്–കവാടം.

❖ എൻ.എൻ.പിള്ളയുടെ ആത്മകഥയുടെ പേരാണ് ഞാൻ.

❖ സഫലമീയാത്ര രചിച്ചത് എൻ.എൻ.കക്കാട് (1927–1987) ആണ്. നാരായണൻ നമ്പൂതിരി കക്കാട് എന്നാണ് മുഴുവൻ പേര്. ശലഭഗീതം, പാതാളത്തിന്റെ മുഴക്കം, വജ്രകുണ്ഡലം, നന്ദി തിരുവോണമേ നന്ദി, പകലറുതിക്ക് മുമ്പ് എന്നിവ അദ്ദേഹത്തിന്റെ ശ്രദ്ധേയമായ രചനകളാണ്.

❖ ചെറുകഥകളിലൂടെ ശ്രദ്ധേയനായ മലയാള സാഹിത്യകാരനാണ് ടി.പദ്മനാഭൻ. ഒരു നായയുടെ ആത്മകഥയുടെ രൂപത്തിൽ എഴുതപ്പെട്ട ശേഖൂട്ടി എന്ന കഥ എഴുതിയത് ടി.പദ്മനാഭനാണ്. പുഴ കടന്ന് മര



ങ്ങളുടെ ഇടയിലേക്ക് എന്ന കഥ ടി.പദ്മനാഭൻ രചിച്ചതാണ്. 1931–ൽ കണ്ണൂരിലാണ് ടി.പദ്മനാഭൻ ജനിച്ചത്. എഫ്.എ.സി.ടിയിൽ ഉദ്യോഗസ്ഥനായിരുന്നു. പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, കടൽ, ഗൗരി തുടങ്ങിയവ ടി.പദ്മനാഭന്റെ പ്രസിദ്ധമായ കഥകളാണ്. സാക്ഷി എന്ന രചനയ്ക്ക് 1973–ൽ പ്രഖ്യാപിച്ച കേരള സാഹിത്യ അക്കാദമി അവാർഡും 1995–ൽ കടലിന് ലഭിച്ച ഓടക്കുഴൽ അവാർഡും ഗൗരിക്ക് 1996–ൽ പ്രഖ്യാപിച്ച കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും അദ്ദേഹം നിരസിക്കുകയുണ്ടായി.

❖ കേരള സാഹിത്യ അക്കാദമിയുടെ പ്രഥമ സെക്രട്ടറിയായ പാലാ നാരായണൻ നായരാണ് കേരളം വളരുന്നു എന്ന കൃതി രചിച്ചത് (1948). ഈ കൃതി അദ്ദേഹത്തിനെ മഹാകവിത്വത്തിലേക്കുയർത്തി. അമൃതകല, ശാന്തി–വൈഖരി,കസ്തൂർബ, ആലിപ്പഴം,അന്ത്യപൂജ എന്നിവയാണ് മറ്റു പ്രസിദ്ധ രചനകൾ.

❖ എം.പി.നാരായണപിള്ളയാണ് പരിണാമം എന്ന നോവലെഴുതിയത്.

❖ വാടകയ്ക്ക് ഒരു ഹൃദയം, രതിനിർവേദം, പെരുവഴിയമ്പലം, കള്ളൻ പവിത്രൻ, ഇതാ ഇവിടെ വരെ എന്നിവ പത്മരാജന്റെ പ്രധാന കൃതികളാണ്. പത്മരാജൻ രചിച്ച ഉദകപ്പോള എന്ന നോവലിന്റെ ചലച്ചിത്രാവിഷ്കാരമാണ് 'തൂവാനത്തുമ്പികൾ'.

# മലയാളം

## 1

1. മകളുടെ മകൻ:
(എ) ജാമാതാവ് (ബി) ശ്വശ്രു
(സി) ദൗഹിത്രൻ (ഡി) സ്നുഷ
2. 'To throw cold water' എന്നതിനു സമാനമായ മലയാള പ്രയോഗം:
(എ) തണുത്ത വെള്ളം തളിച്ചു
(ബി) തണുപ്പൻ മട്ട്
(സി) നിരുത്സാഹപ്പെടുത്തുക
(ഡി) രഹസ്യം വെളിപ്പെടുത്തുക
3. ചാട്ടം എന്ന പദം ഏത് വിഭാഗത്തിൽപ്പെടുന്നു?
(എ) ഗുണനാമം (ബി) ക്രിയാനാമം
(സി) മേയനാമം (ഡി) സർവനാമം
4. 'വേദവാക്യം' എന്ന ശൈലിയുടെ അർത്ഥം:
(എ) ബൈബിളിൽ പരാമർശിച്ചിട്ടുള്ളത്
(ബി) പുരോഹിതന്റെ പ്രസംഗം
(സി) ലംഘിക്കാനാവാത്ത അഭിപ്രായം
(ഡി) പൊങ്ങച്ചം പറച്ചിൽ
5. 'First deserve and then desire' എന്നതിനോട് യോജിക്കുന്ന പഴഞ്ചൊല്ല്:
(എ) കൊക്കിലൊതുങ്ങാവുന്നതേ കൊത്താവൂ
(ബി) മിന്നുന്നതെല്ലാം പൊന്നല്ല
(സി) വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
(ഡി) വിത്തുഗുണം പത്ത്
6. 'കനകംമൂലം കാമിനിമൂലം കലഹം പലവിധമുലകിൽ സുലഭം' എന്നു രചിച്ചത്
(എ) കുഞ്ചൻ നമ്പ്യാർ (ബി) ചങ്ങമ്പുഴ
(സി) പൂന്താനം (ഡി) സുഗതകുമാരി
7. 'She decided to have a go at fashion industry' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ഫാഷൻ വ്യവസായം ഉപേക്ഷിക്കാൻ അവൾ തീരുമാനിച്ചു
(ബി) ഫാഷൻ വ്യവസായത്തിൽ ഒരു കൈ നോക്കാൻ അവൾ തീരുമാനിച്ചു
(സി) ഫാഷൻ വ്യവസായത്തിൽനിന്ന് പിൻമാറാൻ അവൾ തീരുമാനിച്ചു
(ഡി) ഫാഷൻ വ്യവസായത്തിൽത്തന്നെ തുടരാൻ അവൾ തീരുമാനിച്ചു
8. നിപാതത്തിന് ഉദാഹരണം:
(എ) എന്ന (ബി) കൊണ്ട്
(സി) ഉം (ഡി) അല്ല
9. തെറ്റായ വാക്യമേത്?
(എ) കുട്ടികളിൽ പലരും ജയിച്ചു
(ബി) കുട്ടികളിൽ തൊണ്ണൂറ് ശതമാനവും ജയിച്ചു
(സി) കുട്ടികളിൽ നൂറിന് തൊണ്ണൂറും പാസായിട്ടുണ്ട്
(ഡി) കുട്ടികളിൽ നൂറിന് തൊണ്ണൂറ് ശതമാനവും ജയിച്ചു
10. ആഹാരനീഹാരങ്ങൾ– ഇതിൽ നീഹാരം എന്നാൽ:
(എ) മഞ്ഞുതുള്ളി (ബി) വെള്ളം
(സി) വിസർജനം (ഡി) ഉറക്കം
11. മലയാള വാക്യങ്ങളുടെ പദക്രമം:
(എ) കർത്താവ്, കർമം, ക്രിയ
(ബി) ക്രിയ, കർമം, കർത്താവ്
(സി) കർത്താവ്, ക്രിയ, കർമം
(ഡി) കർമം, കർത്താവ്, ക്രിയ
12. 'ഭഗവത്ഗീത'യ്ക്ക് ആദ്യമായി മലയാള പരിഭാഷ രചിച്ചത്:
(എ) വള്ളത്തോൾ
(ബി) മാധവപ്പണിക്കർ
(സി) രാമപ്പണിക്കർ
(ഡി) ശങ്കരപ്പണിക്കർ
13. 'വികാസം' എന്നതിന്റെ വിപരീത പദം :
(എ) അവികാസം (ബി) വികാസരഹിതം
(സി) ചുരുങ്ങൽ (ഡി) സങ്കോചം
14. 'ചെല്ലം പെരുത്താൽ ചിതലരിക്കും' എന്ന ശൈലിയുടെ അർത്ഥം:
(എ) പണം അധികമുണ്ടായിട്ട് കാര്യമില്ല, ഉപകാരപ്പെടില്ല
(ബി) ചെലവുകൂടിയാൽ നശിച്ചുപോകും
(സി) മുറുക്കാൻ അധികം കഴിക്കരുത്, രോഗം വരും
(ഡി) രാജാവ് ദേഷ്യപ്പെട്ടാൽ സ്ഥിതി അപകടമാകും
15. അക്ഷരങ്ങൾ എഴുതിക്കാണിക്കാൻ ഉപയോഗിക്കുന്ന ചിഹ്നത്തിന് പറയുന്ന പേര്:
(എ) രോധിനി (ബി) അങ്കുശം
(സി) അല്പവിരാമം (ഡി) ലിപി
16. 'To grease the palm' എന്നതിന്റെ പൊരുൾ:
(എ) കൈയിൽ എണ്ണ പുരട്ടുക
(ബി) മെയ്‌വഴക്കം പ്രകടിപ്പിക്കുക
(സി) കൈക്കൂലി കൊടുക്കുക
(ഡി) അസാധ്യമായതിനു ശ്രമിക്കുക
17. ശുദ്ധനാമങ്ങൾ ഏത് വിഭക്തിയിൽപ്പെടും?
(എ) ഉദ്ദേശിക (ബി) ആധാരിക
(സി) സംയോജിക (ഡി) നിർദ്ദേശിക
18. പുരുഷനെ കുറിക്കാൻ ഉപയോഗിക്കുന്ന ലിംഗപ്രത്യയം:
(എ) അൻ (ബി) അൾ
(സി) ഈ (ഡി) ഓട്
19. 'യേശുദേവൻ' എന്ന പ്രശസ്തമായ ജീവചരിത്രകൃതി രചിച്ചത്:
(എ) ജോസഫ് മുണ്ടശ്ശേരി
(ബി) അയ്പ് പറമേൽ
(സി) കെ.പി.കേശവമേനോൻ
(ഡി) കേശവദേവ്
20. 'ഓടയിൽനിന്ന്' രചിച്ചത്:
(എ) കോവിലൻ (ബി) നന്ദനാർ
(സി) തകഴി (ഡി) കേശവദേവ്
21. തെറ്റായ രൂപമേത്?
(എ) പശ്ചാത്താപം (ബി) പ്രായശ്ചിത്തം
(സി) പശ്ചാത്തലം (ഡി) യാദൃശ്ചികം
22. ഒന്നിന്റെ പേരായ ശബ്ദത്തെ കുറിക്കുന്നത്:
(എ) ക്രിയ (ബി) ഭേദകം
(സി) നാമം (ഡി) വാചകം
23. 'ലിറ്റർ' എന്ന പദം ഏത് ഭാഷയിൽനിന്നാണ് മലയാളത്തിലെത്തിയത്?
(എ) ഗ്രീക്ക് (ബി) പോർച്ചുഗീസ്
(സി) സുറിയാനി (ഡി) പേർഷ്യൻ
24. 'കേരളം വളരുന്നു പശ്ചിമഘട്ടങ്ങളെ കേറിയും കടന്നുംചെന്നന്യമാം രാജ്യങ്ങളിൽ' എന്ന് രചിച്ചത്:
(എ) കുറ്റിപ്പുറത്ത് കേശവൻനായർ
(ബി) വള്ളത്തോൾ
(സി) പാലാ നാരായണൻനായർ
(ഡി) ബോധേശ്വരൻ
25. 'The staff speak as one man on this issue' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ഇക്കാര്യത്തിൽ ജീവനക്കാർ ഒരാളോടുമാത്രമാണ് സംസാരിച്ചത്
(ബി) ഈ പ്രശ്നത്തിൽ ജീവനക്കാർക്ക് ഏകാഭിപ്രായമാണ്
(സി) ഈ വിഷയത്തിൽ ജീവനക്കാരിൽ ഒരാളേ സംസാരിച്ചുള്ളൂ
(ഡി) ഈ കാര്യത്തിൽ ഒരാളുടെ അഭിപ്രായം ജീവനക്കാർ എല്ലാവരും സ്വീകരിച്ചു

### ഉത്തരം

1 (സി) 2(സി) 3 (ബി) 4 (സി) 5(എ) 6(എ) 7(ബി)8(സി) 9(ഡി) 10(സി) 11(എ) 12(ബി) 13(ഡി) 14(എ) 15(ഡി) 16(സി) 17(ഡി)18(എ) 19(സി) 20(ഡി) 21(ഡി) 22(സി) 23(എ) 24(സി) 25(ബി)

## 2

1. ശ്രീ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന കവി:
(എ) ചങ്ങമ്പുഴ(ബി) വൈലോപ്പിള്ളി
(സി) കുമാരനാശാൻ (ഡി) വള്ളത്തോൾ
2. ഉത്തമ പുരുഷന് ഉദാഹരണമാണ്:
(എ) ഞാൻ (ബി) നീ
(സി) താങ്കൾ (ഡി) അവൻ
3. തത്സമത്തിന് ഉദാഹരണമല്ലാത്തത്:
(എ) ബെഞ്ച് (ബി) സർക്കാർ
(സി) പട്ടൻ (ഡി) ഹാജർ
4. 'You had better consult a doctor' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ഡോക്ടറെ കാണുന്നതാണ് കൂടുതൽ അഭികാമ്യം
(ബി) ഡോക്ടറെ കാണുന്നത് ഗുണപ്രദമാണ്
(സി) ഡോക്ടറെ കണ്ടാൽ സ്ഥിതിമാറും
(ഡി) ഡോക്ടറെ കണ്ടാൽ അസുഖം ഭേദമാകും
5. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക– 'The Don flows home to the sea':
(എ) ഡോൺ ശാന്തമായൊഴുകുന്നു
(ബി) ഡോൺ സമുദ്രത്തിലേക്കൊഴുകുന്നു
(സി) ഡോൺ സമുദ്രത്തിലേക്ക് തന്നെ ഒഴുകുന്നു
(ഡി) ഡോൺ സമുദ്രഗൃഹത്തിലേക്കൊഴുകുന്നു
6. കേരള പത്രപ്രവർത്തക യൂണിയൻ പ്രസിഡന്റായിരുന്ന കവി:
(എ) ചങ്ങമ്പുഴ (ബി) കടമ്മനിട്ട
(സി) എൻ.വി.കൃഷ്ണവാര്യർ
(ഡി) ജി.ശങ്കരക്കുറുപ്പ്
7. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക– 'Sanskrit has enriched many Indian languages':
(എ) പല ഭാരതീയ ഭാഷകളെയും സംസ്കൃതം പരിപോഷിപ്പിച്ചിട്ടുണ്ട്
(ബി) പല ഭാരതീയ ഭാഷകളിലും സംസ്കൃതം കലർന്നിട്ടുണ്ട്
(സി) സംസ്കൃതം ഭാരതീയ ഭാഷകളിലെല്ലാം കലർന്നിരിക്കുന്നു
(ഡി) ഭാരതീയ ഭാഷ സംസ്കൃതഭാഷയിൽ കലർന്നിരിക്കുന്നു
8. 'Her efforts finally bore the fruit' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) അവളുടെ അധ്വാനങ്ങൾ ഒടുവിൽ വെറുതെയായി
(ബി) അവളുടെ പ്രയത്നമെല്ലാം ഒടുവിൽ ചതഞ്ഞ ഫലം പോലെയായി
(സി) അവളുടെ പ്രയത്നങ്ങൾ ഒടുവിൽ സഫലമായി
(ഡി) അവളുടെ തന്ത്രങ്ങൾ ഒടുവിൽ തിരിച്ചടിച്ചു
9. താഴെപ്പറയുന്നവയിൽ കെ.സുരേന്ദ്രൻ രചിച്ചത് അല്ലാത്തത്:
(എ) മരണം ദുർബലം
(ബി) കാട്ടുകുരങ്ങ് (സി) ഗുരുസാഗരം
(ഡി) ഗുരു
10. 'സൂതൻ' എന്ന പദത്തിന്റെ അർത്ഥം:
(എ) മകൻ (ബി) തേരാളി
(സി) രാജാവ് (ഡി) കുയിൽ
11. ഭക്തിയും വിഭക്തിയും എന്ന കവിതാനാമത്തിൽ വിഭക്തിയുടെ അർത്ഥം:
(എ) പാണ്ഡിത്യം (ബി) വ്യാകരണം
(സി) സംഗീതം (ഡി) ദേഹശുദ്ധി
12. 'Delay in the submission of the case is regretted' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ഈ കേസ് സമർപ്പിക്കുവാൻ താമസിച്ചതിൽ പശ്ചാത്താപിക്കുന്നു
(ബി) ഈ കാര്യം സമർപ്പിക്കുവാൻ കാലതാമസം വന്നുപോയതിൽ ഖേദിക്കുന്നു
(സി) കാലതാമസം വന്നുപോയ കാര്യം ശ്രദ്ധിക്കുക
(ഡി) താമസിച്ച ഈ പ്രശ്നം ക്ഷമിക്കേണ്ടതാണ്
13. സേതുവും പൂനത്തിൽ കുഞ്ഞബ്ദുള്ളയും ചേർന്നെഴുതിയ നോവൽ:
(എ) മരുന്ന്
(ബി) നവഗ്രഹങ്ങളുടെ തടവറ
(സി) അമാവാസി
(ഡി) പാണ്ഡവപുരം
14. 'മർക്കടമുഷ്ടി' എന്ന ശൈലിയുടെ അർത്ഥം:
(എ) പിടിവാശി
(ബി) കുരങ്ങനെപ്പോലെ
(സി) കുരങ്ങന്റെ കൈ
(ഡി) ദേഷ്യം
15. 'She soon picked up French' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) അവൾ ഫ്രഞ്ചുകാരിയാണ്
(ബി) അവൾ പെട്ടെന്ന് ഫ്രഞ്ച് പഠിച്ചെടുത്തു
(സി) അവൾ ഉടൻ ഫ്രാൻസിലേക്ക് പോയി
(ഡി) അവൾക്ക് വേഗം കാര്യം ബോധ്യപ്പെട്ടു
16. മലയാളത്തിലെ ആദ്യത്തെ സഞ്ചാര സാഹിത്യകൃതി:
(എ) വർത്തമാനപ്പുസ്തകം
(ബി) ബിലാത്തിവിശേഷം
(സി) കാപ്പിരികളുടെ നാട്ടിൽ
(ഡി) സിംഹഭൂമി
17. തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ കവി:
(എ) പൂന്താനം (ബി) കുഞ്ചൻ നമ്പ്യാർ
(സി) മേല്പ്പത്തൂർ (ഡി) ചെറുശ്ശേരി
18. ശരിയായ രൂപമേത്?
(എ) ആയുർവേദം
(ബി) അഷ്ഠവൈദ്യൻ
(സി) സായൂജ്യമാർഗം
(ഡി) എല്ലാം ശരിയാണ്
19. താഴെപ്പറയുന്നവയിൽ കേവല ക്രിയ ഏത്?
(എ) എരിക്കുക (ബി) പായിക്കുക
(സി) ഓടിക്കുക (ഡി) ഭരിക്കുക
20. ശുദ്ധമായ പ്രയോഗം ഏത്?
(എ) പുനർസൃഷ്ടി (ബി) പുനസ്രഷ്ടി
(സി) പുനസൃഷ്ടി (ഡി) പുന:സൃഷ്ടി
21. ആരുടെ തൂലികാനാമമാണ് ആഷാമേനോൻ?
(എ) ബാലഗോപാലൻ
(ബി) പി.സച്ചിദാനന്ദൻ
(സി) കെ.ശ്രീകുമാർ
(ഡി) ആർ.സുരേന്ദ്രൻ
22. 'സർക്കാർ' എന്ന പദം ഏത് ഭാഷയിൽ നിന്നാണ് മലയാളത്തിലെത്തിയത്?
(എ) പോർച്ചുഗീസ് (ബി) പ്രാകൃതം
(സി) അറബി (ഡി) പേർഷ്യൻ
23. വർണങ്ങൾ തമ്മിൽ ചേരുമ്പോൾ ഒരു വർണം ഇരട്ടിക്കുന്ന സന്ധിയാണ്:
(എ) ആദേശസന്ധി (ബി) ആഗമസന്ധി
(സി) ലോപ സന്ധി (ഡി) ദ്വിത്വസന്ധി
24. വിപ്ലവത്തിന്റെ ശുക്രനക്ഷത്രം എന്നു വിശേഷിപ്പിക്കപ്പെട്ട കവി:
(എ) ഇടശ്ശേരി (ബി) കുമാരനാശാൻ
(സി) വയലാർ രാമവർമ
(ഡി) പി.ഭാസ്കരൻ
25. നീലമേഘം– എന്നതിലെ സമാസം:
(എ) ദ്വന്ദ്വസമാസം (ബി) ബഹുവ്രീഹി
(സി) തത്പുരുഷൻ (ഡി) കർമധാരയൻ

### ഉത്തരം

1 (ബി) 2(എ) 3 (സി) 4 (എ) 5(ഡി) 6(സി) 7(എ) 8(സി) 9(സി) 10(ബി) 11(എ) 12(ബി) 13(ബി) 14(എ) 15(ബി) 16(എ) 17(ബി) 18(എ) 19(ഡി) 20(ഡി) 21(സി) 22(ഡി)23(ഡി) 24(ബി) 25(ഡി)



# ക്വിറ്റിന്ത്യ സമരം

**മുംബൈയിൽ ഗാന്ധിജി സമരാഹ്വാനം നടത്തി, മണിക്കൂറുകൾക്കുള്ളിൽ പ്രധാന നേതാക്കളെയെല്ലാം ബ്രിട്ടീഷുകാർ ഓപ്പറേഷൻ തണ്ടർബോൾട്ട് എന്ന നടപടിയിലൂടെ അറസ്റ്റുചെയ്ത് തടവിലാക്കി. മഹാരാഷ്ട്രയിലെ അഹമ്മദ് നഗർ കോട്ടയിലാണ് അവരെ കസ്റ്റഡിയിൽ സൂക്ഷിച്ചിരുന്നത്. ഗാന്ധിജിയെ അറസ്റ്റ് ചെയ്തത് 1942 ഓഗസ്റ്റ് എട്ടിനാണ്. സോഷ്യലിസ്റ്റ് നേതാക്കളായ ജയപ്രകാശ് നാരായൺ, റാം മനോഹർ ലോഹ്യ, അച്യുത് പട്വർധൻ, അരുണ അസഫ് അലി തുടങ്ങിയവർ സമരത്തിന് നേതൃത്വം പകർന്നു.**

## ക്വിറ്റിന്ത്യ സമരം (1942)

ക്രിപ്സ് ദൗത്യത്തിന്റെ പരാജയത്തെത്തുടർന്ന് കോൺഗ്രസിൽ അഭിപ്രായ സംഘട്ടനം നടന്നു. ഈ സമയത്ത് കോൺഗ്രസ് അധ്യക്ഷനായിരുന്ന മൗലാനാ ആസാദിന് യുദ്ധത്തിനുശേഷം ഇന്ത്യയ്ക്ക് പൂർണസ്വാതന്ത്ര്യം ലഭിക്കുമെന്നുറപ്പുണ്ടെങ്കിൽ ബ്രിട്ടീഷ് സർക്കാരുമായി സഹകരിക്കാം എന്ന നിലപാടാണ് ഉണ്ടായിരുന്നത്. കോൺഗ്രസിലെ ഇടതുപക്ഷത്തിന്റെ താൽപര്യം ബ്രിട്ടണെതിരെ തുറന്ന കലാപം സംഘടിപ്പിക്കണം എന്നായിരുന്നു. ഈയവസരത്തിൽ സ്വാതന്ത്ര്യം നേടിയെടുക്കാൻ ഒരു ബഹുജന നിയമലംഘന പ്രസ്ഥാനം തുടങ്ങാൻ ഗാന്ധിജി തീരുമാനിച്ചു. ‘ ക്വിറ്റ് ഇന്ത്യാ’ (ഇന്ത്യ വിടുക) എന്ന മുദ്രാവാക്യം മുൻനിർത്തി അദ്ദേഹം വിഭാവനം ചെയ്ത സമരമാണ് ക്വിറ്റിന്ത്യാസമരം (യൂസഫ് മെഹ്റലിയാണ് ഈ പ്രയോഗം ഗാന്ധിജിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചത് ). ഇന്ത്യയിൽ ഗാന്ധിജി സംഘടിപ്പിച്ചവയിൽ ഏറ്റവും അക്രമാസക്തമായ സമരമായി ഇത് മാറുകയുണ്ടായി. 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരശേഷമുണ്ടായ ഏറ്റവും വലിയ ജനകീയ മുന്നേറ്റമായും 25000-ത്തോളം പേർ മരണപ്പെട്ട ഈ സമരം കണക്കാക്കപ്പെടുന്നു. ഓഗസ്റ്റ് വിപ്ലവം എന്നുമറിയപ്പെട്ട ക്വിറ്റ് ഇന്ത്യ സമരകാലത്താണ് ഗാന്ധിജി തന്റെ പ്രസിദ്ധമായ ‘പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക’ എന്ന ആഹ്വാനം നടത്തിയത്. ഹിന്ദുമഹാസഭ, കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ, ലിബറൽ പാർട്ടി, മുസ്ലിം ലീഗ് തുടങ്ങിയ രാഷ്ട്രീയകക്ഷികൾ ക്വിറ്റ് ഇന്ത്യ സമരത്തെ അനുകൂലിച്ചില്ല. പ്രമുഖ കോൺഗ്രസ് നേതാവ് സി.രാജഗോപാലാചാരി ഈ സമരത്തിന് എതിരായിരുന്നു. യുദ്ധച്ചെലവുകളിൽനിന്ന് ലാഭമുണ്ടാക്കിയിരുന്ന ചില ബിസിനസുകാരും ക്വിറ്റിന്ത്യ സമരത്തോട് ആഭിമുഖ്യം പുലർത്തിയില്ല.

1942 ഓഗസ്റ്റ് 7, 8 തീയതികളിൽ മുംബൈയിലെ ഗോവാലിയ ടാങ്ക് എന്ന മൈതാനത്ത് ചേർന്ന അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണം അടിയന്തരമായി അവസാനിപ്പിച്ച് ഇന്ത്യക്ക് സ്വാതന്ത്ര്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചരിത്ര പ്രസിദ്ധമായ ക്വിറ്റ് ഇന്ത്യാ പ്രമേയം പാസാക്കി. ജവാഹർലാൽ നെഹ്റുവാണ് പ്രമേയത്തിന്റെ കരട് തയ്യാറാക്കിയത്.



## ഓപ്പറേഷൻ തണ്ടർബോൾട്ട്

മുംബൈയിൽ ഗാന്ധിജി സമരാഹ്വാനം നടത്തി, മണിക്കൂറുകൾക്കുള്ളിൽ പ്രധാന നേതാക്കളെയെല്ലാം ബ്രിട്ടീഷുകാർ ഓപ്പറേഷൻ തണ്ടർബോൾട്ട് എന്ന നടപടിയിലൂടെ അറസ്റ്റുചെയ്ത് തടവിലാക്കി. മഹാരാഷ്ട്രയിലെ അഹമ്മദ് നഗർ കോട്ടയിലാണ് അവരെ കസ്റ്റഡിയിൽ സൂക്ഷിച്ചിരുന്നത്. ഗാന്ധിജിയെ അറസ്റ്റ് ചെയ്തത് 1942 ഓഗസ്റ്റ് എട്ടിനാണ്. സോഷ്യലിസ്റ്റ് നേതാക്കളായ ജയപ്രകാശ് നാരായൺ, റാം മനോഹർ ലോഹ്യ, അച്യുത് പട്വർധൻ, അരുണ അസഫ് അലി തുടങ്ങിയവർ സമരത്തിന് നേതൃത്വം പകർന്നു. ക്വിറ്റിന്ത്യാ സമരകാലത്ത് രഹസ്യമായി പ്രവർത്തിച്ച സീക്രട്ട് കോൺഗ്രസ് റേഡിയോ എന്ന റേഡിയോ സ്റ്റേഷന്റെ സംഘാടക ഉഷാ മേത്തയായിരുന്നു. ഈ റേഡിയോ വഴി റാം മനോഹർ ലോഹ്യ സ്ഥിരമായി സംസാരിച്ചിരുന്നു. 1942 നവംബറിൽ പൊലീസ് കണ്ടെത്തി പിടിച്ചെടുക്കുംവരെ ഈ റേഡിയോ പ്രക്ഷേപണം നിലനിന്നു. നേതാക്കളുടെ അഭാവത്തിൽ ഓഗസ്റ്റ് 9-ന് മുംബൈയിലെ ഗോവാലിയ ടാങ്ക് മൈതാനത്ത് കോൺഗ്രസ് പതാക ഉയർത്തി പ്രക്ഷോഭം സമാരംഭിച്ച അരുണ അസഫ് അലിക്ക് ‘ക്വിറ്റിന്ത്യാ സമരത്തിന്റെ നായിക’ എന്ന അപരനാമം സ്വന്തമായി.

സമരം അടിച്ചമർത്താൻ ബ്രിട്ടീഷ് ഗവൺമെന്റ് മർദ്ദനനടപടികൾ അഴിച്ചുവിട്ടു. കോൺഗ്രസിനെ നിയമവിരുദ്ധ സംഘടനയായി പ്രഖ്യാപിച്ചു. നിരവധി സ്ഥലങ്ങളിൽ വെടിവയ്പുണ്ടായി. മരണസംഖ്യ 25000 ആയി. കാലക്രമേണ ഈ സമരം അലസിപ്പോകുകയാണുണ്ടായത്.



## ക്വിറ്റിന്ത്യാ സമരവും കമ്യൂണിസ്റ്റ് പാർട്ടിയുടെ നിലപാടും

ക്വിറ്റിന്ത്യസമരത്തെ എതിർക്കുന്ന നിലപാടാണ് കമ്യൂണിസ്റ്റ് പാർട്ടി തുടക്കം മുതൽ സ്വീകരിച്ചിരുന്നത്. കോൺഗ്രസ് യോഗത്തിൽ ക്വിറ്റിന്ത്യാ പ്രമേയം അവതരിപ്പിച്ചപ്പോൾത്തന്നെ കമ്യൂണിസ്റ്റ് ഗ്രൂപ്പിൽപ്പെട്ട 13 അംഗങ്ങൾ എതിർക്കുകയുണ്ടായി. 1941 ജൂണിൽ സോവിയറ്റ് യൂണിയൻ അച്ചുതണ്ടു ശക്തികൾക്കെതിരെ സഖ്യകക്ഷികളുടെ കൂട്ടത്തിൽചേർന്ന് രണ്ടാം ലോകമഹായുദ്ധത്തിൽ പ്രവേശിച്ചതോടെ സാമ്രാജ്യത്വയുദ്ധം ജനകീയ യുദ്ധമായി മാറിയെന്ന് കമ്യൂണിസ്റ്റുകൾ വിലയിരുത്തുകയും ബ്രിട്ടീഷ് ഗവൺമെന്റിന്റെ യുദ്ധയത്നങ്ങളുമായി സഹകരിക്കുക എന്ന നിലപാട് സ്വീകരിക്കുവാൻ തീരുമാനിക്കുകയുമുണ്ടായി. ബ്രിട്ടീഷ് ഗവൺമെന്റിനെ സഹായിക്കേണ്ടത് എല്ലാ പുരോഗമനശക്തികളുടെയും കർത്തവ്യമാണെന്ന് അവർ പ്രചാരണം നടത്തി. പി.സി.ജോഷി ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന ഇന്ത്യൻ കമ്യൂണിസ്റ്റുപാർട്ടിയുടെ മേലുള്ള നിരോധനം ഗവൺമെന്റ് നീക്കി. തുടർന്ന് കമ്യൂണിസ്റ്റ് പാർട്ടി പരസ്യമായ രാഷ്ട്രീയ പ്രവർത്തനത്തിലേർപ്പെട്ടാരംഭിച്ചു.

## ക്വിറ്റിന്ത്യാ സമരകാലത്തെ സമാന്തര സർക്കാരുകൾ

ക്വിറ്റിന്ത്യാ സമരകാലത്ത് രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ സമാന്തര സർക്കാരുകൾ എന്ന് പിൽക്കാലത്ത് വിശേഷിപ്പിക്കപ്പെട്ട ഭരണസംവിധാനങ്ങൾ ആവിർഭവിക്കുകയുണ്ടായി. ആദ്യത്തേത് 1942-ൽ ഉത്തർപ്രദേശിലെ ബലിയയിലാണ് നിലവിൽവന്നത്. സ്വയം ഒരു ഗാന്ധിയെന്ന് വിശേഷിപ്പിച്ച ചിട്ടു പാണ്ഡെ നേതൃത്വം നൽകിയ ‘സമാന്തര സർക്കാർ’ ഒരാഴ്ച മാത്രമേ പിടിച്ചുനിന്നുള്ളൂ.

ബംഗാളിലെ മിഡ്നാപ്പൂർ ജില്ലയിലെ താംലൂക്കിൽ 1942 ഡിസംബർ 17-ന് ജാതീയ സർക്കാർ നിലവിൽവന്നു. 1944 സെപ്തംബർവരെ അത് നിലനിന്നു.

മഹാരാഷ്ട്രയിലെ സത്താറയിലാണ് ഏറ്റവും കൂടുതൽകാലം നിലനിൽക്കുകയും ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കുകയും ചെയ്ത സമാന്തര സർക്കാർ രൂപംകൊണ്ടത്. 1942 ഓഗസ്റ്റ് മുതലുള്ള ആദ്യഘട്ടത്തിൽ സർക്കാരിന് നേതൃത്വം നൽകിയ വൈ.ബി.ചവാന് അച്യുത് പട്വർധനുമായും മറ്റ് ഒളിപ്രവർത്തകരുമായും ബന്ധമുണ്ടായിരുന്നു. 1942 അവസാനത്തോടെ ഒന്നാം ഘട്ടം അവസാനിച്ചു. 1943-ൽ ആരംഭിച്ച രണ്ടാം ഘട്ടത്തിൽ സമാന്തര സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട നേതാവ് നാനി പാട്ടീലായിരുന്നു. ●



ഉഷാ മേത്ത



അരുണ അസഫ് അലി

# പ്രാധാന്യമുള്ള ദിവസങ്ങൾ

**ഫെബ്രുവരി 2 ലോക തണ്ണീർത്തട ദിനം :** 1971 ഫെബ്രുവരി രണ്ടിനാണ് ഇറാനിയൻ നഗരമായ റംസാറിൽവച്ച് തണ്ണീർത്തട സംരക്ഷണം സംബന്ധിച്ച റംസാർ കൺവെൻഷൻ ഒപ്പുവച്ചത്.

**ഫെബ്രുവരി 4 ലോക കാൻസർ ദിനം:** 2000 ഫെബ്രുവരി നാലിനാണ് കാൻസറിനെതിരായ പ്രചാരണത്തിന്റെ ഭാഗമായ പാരീസ് ചാർട്ടർ സ്വീകരിക്കപ്പെട്ടത്.

പാരിസ് ചാർട്ടറിലാണ് ഫെബ്രുവരി 4 ലോക കാൻസർ ദിനമായി പ്രഖ്യാപിക്കപ്പെട്ടത്.

കാൻസറിനെക്കുറിച്ചും കാൻസർ വരാതെ തടയുന്നതിനെക്കുറിച്ചും അവ കണ്ടെത്തി ചികിത്സിക്കുന്നതിനെ സംബന്ധിച്ചും ജനങ്ങളെ ബോധവത്കരിക്കലാണ് കാൻസർ ദിനാചരണത്തിന്റെ ലക്ഷ്യം.

**ഫെബ്രുവരി 12 ചാൾസ് ഡാർവിൻ ദിനം:** 1809 ഫെബ്രുവരി 12–നാണ് ചാൾസ് ഡാർവിൻ ജനിച്ചത്.

**വാലന്റൈൻസ് ദിനം ഫെബ്രുവരി 14:** എ.ഡി.269–ൽ രക്തസാക്ഷിത്വംവരിച്ച വാലന്റൈൻ എന്ന ക്രൈസ്തവ പുരോഹിതന്റെ സ്മരണ പുതുക്കുന്ന വാലന്റൈൻസ് ദിനത്തിൽ പ്രണയിനികൾ പരസ്പരം സമ്മാനങ്ങളും ആശംസകളും കൈമാറുന്നു.

**ഫെബ്രുവരി 20 സാമൂഹികനീതി ദിനം :** എല്ലാ വർഷവും ഫെബ്രുവരി 20 ലോക സാമൂഹിക നീതി ദിനമായി ആചരിക്കപ്പെടുന്നതാണ് എന്ന പ്രഖ്യാപനം ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി നടത്തിയത് 2007 നവംബർ 26–നാണ്.

**ലോക മാതൃഭാഷാദിനം ഫെബ്രുവരി 21:** പടിഞ്ഞാറൻ പാകിസ്താനിലും കിഴക്കൻ പാകിസ്താനിലും ഉറുദു ഔദ്യോഗിക ഭാഷയായി നടപ്പാക്കാനുള്ള നടപടിയിൽ പ്രതിഷേധിച്ച് ബംഗാളി ഭൂരിപക്ഷ പ്രദേശമായ കിഴക്കൻ പാകിസ്താനിലെ (ഇപ്പോൾ ബംഗ്ലാദേശ്) വിദ്യാർഥികൾ 1952 ഫെബ്രുവരി 21–ന് ധാക്ക നഗരത്തിൽ പ്രതിഷേധമാർച്ച് നടത്തി. അതിനുനേരേ പൊലീസ് നടത്തിയ അക്രമത്തിൽ വിദ്യാർഥികൾ കൊല്ലപ്പെട്ടതിന്റെ സ്മരണയ്ക്കാണ് 2000 മുതൽ ആ തീയതി മാതൃഭാഷാ ദിനമായി എല്ലാ രാജ്യങ്ങളിലും ആചരിക്കാൻ യുനെസ്കോ ആഹ്വാനം ചെയ്തത്.

**ഫെബ്രുവരി 22 സ്കൗട്ട് ദിനം :** സ്കൗട്ട് പ്രസ്ഥാനത്തിന്റെ സ്ഥാപകനായ ബേഡൻ പവലിന്റെ ജന്മദിനം സ്കൗട്ട് ദിനമായി ആചരിക്കുന്നു.

**മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനം:** വനിതകളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള സമരങ്ങൾ പല യൂറോപ്യൻരാജ്യങ്ങളിലും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽത്തന്നെ ഉണ്ടായിരുന്നു.

അമേരിക്കയിൽ ഫെബ്രുവരിയിലെ അവസാനത്തെ ഞായറാഴ്ച ദേശീയ വനിതാ ദിനമായി ആചരിക്കാറുണ്ടായിരുന്നു.

1917–ൽ റഷ്യയിലെ സ്ത്രീകൾ അവരുടെ ആദ്യ അന്താരാഷ്ട്ര വനിതാദിനം ഫെബ്രുവരിയിലെ അവസാനത്തെ ഞായറാഴ്ച ആഘോഷിച്ചു. അന്ന് സെന്റ് പീറ്റേഴ്സ്ബർഗിൽ പ്രകടനം നടത്തി. ഗ്രിഗോറിയൻ കലണ്ടർ പ്രകാരം ആ തീയതി മാർച്ച് എട്ടായിരുന്നു.

1922 മുതൽ ചൈനയിലും 1936 മുതൽ സ്പെയിനിലും വനിതാദിനം വിപുലമായി ആഘോഷിച്ചു.

1977–ൽ ഐക്യരാഷ്ട്ര ജനറൽ അസംബ്ലി അംഗരാജ്യങ്ങളോട് മാർച്ച് 8 സ്ത്രീകളുടെ അവകാശങ്ങൾക്കും ലോകസമാധാനത്തിനും വേണ്ടിയുള്ള ദിനമായി ആചരിക്കുവാൻ ആവശ്യപ്പെട്ടതിനുശേഷമാണ് മാർച്ച് 8 വനിതാദിനമായി ആചരിക്കുന്ന സമ്പ്രദായം പാശ്ചാത്യരാജ്യങ്ങളിൽ വ്യാപകമായത്.

**മാർച്ച് 14 പൈ ദിനം:** ഗണിതശാസ്ത്രത്തിലെ പൈയുടെ വില 3.14 എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. അതിനാൽ എല്ലാ വർഷവും മൂന്നാം മാസം 14–ാം തീയതി (മാർച്ച് 14) പൈ ദിനമായി ആചരിക്കപ്പെടുന്നു.

**(തുടരും)**

# 3 മഹദ്വചനങ്ങൾ



* ശിലയെ ആരാധിച്ചാൽ ദൈവത്തെ കാണാമെങ്കിൽ ഞാൻ പർവതത്തെ ആരാധിക്കും– കബീർദാസ്
* രാമനും റഹിമും ഒരേ ദൈവത്തിന്റെ വ്യത്യസ്ത പേരുകളാണ് (“Ram and Rahim are different names of same god”)– കബീർദാസ്
* ജയ് ജവാൻ, ജയ് കിസാൻ (“Hail the soldier, Hail the farmer”)– ലാൽ ബഹാദൂർ ശാസ്ത്രി (1965–ലെ ഇന്തോ–പാക് യുദ്ധം നടന്നതും ഹരിതവിപ്ലവത്തിനു തുടക്കം കുറിച്ചതും ശാസ്ത്രിയുടെ കാലത്താണ്. സൈനികരുടെയും കർഷകരുടെയും സേവനം രാഷ്ട്രത്തിന് അനിവാര്യമാണെന്ന് സൂചിപ്പിക്കുന്ന വാക്കുകൾ)
* കടന്നുകയറ്റത്തെ ചെറുത്ത അതേ ധീരതയോടും നിശ്ചയദാർഢ്യത്തോടുംകൂടി നാമിനി സമാധാനത്തിനുവേണ്ടിയും പോരാടേണ്ടിയിരിക്കുന്നു ( “We have to now fight for peace with the same courage and determination as we fought against aggression”) – ലാൽ ബഹാദൂർ ശാസ്ത്രി



* എന്റെ ശരീരത്തിലേൽക്കുന്ന ഓരോ അടിയും ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ശവപ്പെട്ടിയിലെ ആണികളായി മാറും (“Every blow aimed at me is a nail in the coffin of British imperialism”) –ലാലാ ലജ്പത് റായി (1928 ഒക്ടോബർ 30ന് സൈമൺ കമ്മിഷനെതിരെ നടത്തിയ പ്രതിഷേധ മാർച്ചിനിടെ ലാലാ ലജ്പത്റായിയെ പൊലീസ് ലാത്തികൊണ്ട് ക്രൂരമായി നെഞ്ചിൽ അടിക്കുകയും അതിലേറ്റ പരിക്കുകൾകാരണം രോഗബാധിതനായ അദ്ദേഹം താമസിയാതെ നവംബർ 17ന് അന്തരിക്കുകയും ചെയ്തു.)
* സ്വാതന്ത്ര്യത്തിനുവേണ്ടി യാചിക്കുകല്ല വേണ്ടത്, അത് പിടിച്ചുവാങ്ങുകയാണ് വേണ്ടത്– ലാലാ ലജ്പത്റായി
* മനുഷ്യരെല്ലാം ഒരുപോലെയാണ്; ജന്മം കൊണ്ട് ആരും വിശുദ്ധരല്ല – മഹാത്മാ ഫൂലെ (സത്യശോധക് സമാജത്തിന്റെ സ്ഥാപകനായ ഇദ്ദേഹമാണ് ഡോ. അംബേദ്കറുടെ രാഷ്ട്രീയ ഗുരു. ഇന്ത്യൻ സാമൂഹിക വിപ്ലവത്തിന്റെ പിതാവ് എന്നാണ് ജീവചരിത്രകാരനായ Dhananjay Keer ഇദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്)
* മനുഷ്യന്റെ ആഗ്രഹം നിറവേറ്റാൻ ഭൂമിക്കു കഴിയും. എന്നാൽ അത്യാഗ്രഹം നിറവേറ്റാൻ കഴിയില്ല (Earth provides enough to satisfy every man's need, but not every man's greed.) – മഹാത്മാ ഗാന്ധി
* ഓരോ ഗ്രാമവും പൂർണഅധികാരമുള്ള ഒരു റിപ്പബ്ലിക്കോ പഞ്ചായത്തോ ആയിരിക്കണം– മഹാത്മാ ഗാന്ധി
* ഉപഭോക്താവ് നമുക്ക് ഏറ്റവും പ്രാധാന്യമുള്ള വ്യക്തിയാണ് (“ A customer is the most important person of our premises”) – മഹാത്മാ ഗാന്ധി
* അസ്പൃശ്യത നിലനിന്നാൽ ഹിന്ദുമതം മരിക്കും– മഹാത്മാ ഗാന്ധി
* ഞാൻ അപ്പം ചോദിച്ചു, കിട്ടിയത് കല്ലാണ് ("On bended knees I asked for bread and I have received stone instead")– മഹാത്മാ ഗാന്ധി (ഉപ്പുസത്യാഗ്രഹത്തിനു മുന്നോടിയായി ഗാന്ധിജി വൈസ്രോയി ഇർവിൻ പ്രഭുവിന് കത്തെഴുതിയെങ്കിലും അനുകൂല സമീപനം ഉണ്ടായില്ല. ആ അവസരത്തിൽ പറഞ്ഞ വാക്കുകളാണിത്).
* പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക (Do or Die)– മഹാത്മാ ഗാന്ധി (1942–ൽ ക്വിറ്റിന്ത്യാ സമരകാലത്ത് യൂസഫ് മെഹ്റലിയാണ് ഈ മുദ്രാവാക്യം ഗാന്ധിജിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചത്. 1928–ൽ സൈമൺ ഗോ ബാക്ക് എന്ന മുദ്രാവാക്യം ആവിഷ്കരിച്ചതും മെഹ്റലിയാണ്. )



* എന്റെ ജീവിതമാണ് എന്റെ സന്ദേശം (“ My message is my life’)– മഹാത്മാ ഗാന്ധി
* അനുകരണമാണ് ഏറ്റവും ആത്മാർത്ഥമായ മുഖസ്തുതി (“ Imitation is the sincerest flattery. ”) – മഹാത്മാ ഗാന്ധി
* ‘ഒന്നുകിൽ ഞാൻ ലക്ഷ്യം നേടി തിരിച്ചുവരും. പരാജയപ്പെട്ടാൽ ഞാനെന്റെ ജഡം സമുദ്രത്തിന് സംഭാവന നൽകും’ ("I shall return with what I want or my dead body will float in the ocean") – മഹാത്മാ ഗാന്ധി (1930–ൽ ദണ്ഡിയാത്ര ആരംഭിക്കുംമുമ്പ്)
* സത്യവും അഹിംസയുമാണ് എന്റെ ദൈവങ്ങൾ (“Truth and non-violence are my God”) – മഹാത്മാ ഗാന്ധി
* ദാരിദ്ര്യമാണ് കുറ്റങ്ങളുടെ അമ്മയെങ്കിൽ വിവേക ശൂന്യതയാണ് അവയുടെ അച്ഛൻ–മഹാത്മാ ഗാന്ധി
* ദുർബർക്ക് ഒരിക്കലും മാപ്പു നൽകാൻ കഴിയില്ല. ക്ഷമ കരുത്തരുടെ ലക്ഷണമാണ് (“ The weak can never forgive. Forgiveness is the attribute of the strong. ”) – മഹാത്മാ ഗാന്ധി
* എന്റെ ഭാഷ മനസ്സിലാകുന്നില്ലെന്ന് അദ്ദേഹം പറയുന്നു, എനിക്ക് അപരിചിതമായ ഭാഷയിലാണ് അദ്ദേഹം സംസാരിക്കുന്നതും. അത് സത്യമാകാം, അല്ലായിരിക്കാം. പക്ഷേ, ഹൃദയത്തിന്റെ ഐക്യത്തിന് ഭാഷ തടസ്സമല്ല. എനിക്കറിയാം, ഞാൻ പോയാൽ അദ്ദേഹം എന്റെ ഭാഷ സംസാരിക്കും (He says he does not understand my language, and that he speaks a language foreign to me. This may or may not be true. But language is no bar to a union of hearts. And I know this that when I am gone he will speak my language.)– മഹാത്മാ ഗാന്ധി (തന്റെ രാഷ്ട്രീയ പിൻഗാമി നെഹ്റുവായിരിക്കും എന്നു സൂചിപ്പിച്ചുകൊണ്ട് ഗാന്ധിജി 1940 കളിൽ നടത്തിയ പരാമർശം).
* തകർന്നുകൊണ്ടിരിക്കുന്ന ബാങ്കിൽനിന്നുള്ള പിൻതീയതിയിട്ട ചെക്ക് (“It is a post dated cheque on a crashing bank.”)– മഹാത്മാ ഗാന്ധി (ക്രിപ്സ് മിഷനെക്കുറിച്ച് 1942–ൽ നടത്തിയ പരാമർശം)
* അധികാരത്തിനെതിരെ കരുതിയിരിക്കുക, അത് ദുഷിപ്പിക്കും (‘Power corrupts. Do not let yourselves be entrapped by its pomp and pageantry. Remember you are in office to serve the poor in India’s villages.’)– മഹാത്മാ ഗാന്ധി (സ്വാതന്ത്ര്യ ലബ്ധിയുടെ സമയത്ത് തന്നെ സന്ദർശിച്ച് ആശിർവാദം വാങ്ങാനെത്തിയ നേതാക്കൾക്ക് നൽകിയ ഉപദേശം)
* ഹേ റാം– മഹാത്മാഗാന്ധി (അവസാന വാക്കുകൾ)

## കേരള ചരിത്രവും വർഷങ്ങളും-10

# വേലുത്തമ്പിയുടെ ജീവത്യാഗവും സ്വാതി തിരുനാളിന്റെ സിംഹാസനാരോഹണവും



**ബ്രിട്ടിഷുകാർക്കെതിരെ സമരാഹ്വാനവുമായി രംഗത്തെത്തിയ വേലുത്തമ്പി ഒടുവിൽ ആത്മഹത്യ ചെയ്തു. വയനാടൻ കാടുകളിൽ കുറിച്യരും ബ്രിട്ടിഷുകാർക്കെതിരെ പോരിനിറങ്ങി. കേണൽ മൺറോ തിരുവിതാംകൂറിൽ ദിവാനായി. ആധുനിക തിരുവിതാംകൂർ ചരിത്രത്തിൽ സുവർണകാലഘട്ടത്തിന് തുടക്കം കുറിച്ചുകൊണ്ട് സ്വാതി തിരുനാൾ സിംഹാസനസ്ഥനായി. കേരള ചരിത്രത്തിലെ സുപ്രധാന സംഭവങ്ങളിലൂടെ .....**

### കുണ്ടറ വിളംബരം

1809 – ബ്രിട്ടീഷുകാർക്കെതിരെ വേലുത്തമ്പി ദളവ കുണ്ടറ വിളംബരം പുറപ്പെടുവിച്ചു. (ജനുവരി 11). മദ്രാസ് ഗവൺമെന്റ് തിരുവിതാംകൂറിനെതിരെ യുദ്ധപ്രഖ്യാപനം നടത്തി (ജനവരി 15).

### കേണൽ ലീഗർ തിരുവനന്തപുരത്ത്

1809 – വേലുത്തമ്പിയെ കീഴടക്കാൻ കേണൽ ലീഗറുടെ നേതൃത്വത്തിൽ ഇംഗ്ലീഷ് സൈന്യം ആരുവാമൊഴിപ്പാതയിലൂടെ തിരുവിതാംകൂറിൽക്കടന്നു. വേലുത്തമ്പി പ്രതീക്ഷിച്ചതുപോലെയുള്ള സഹായം ഫ്രഞ്ചുകാരിൽനിന്ന് ലഭിച്ചില്ല. തുടർന്ന് ഉദയഗിരി, പദ്മനാഭപുരം, കുളച്ചൽ, നാഗർകോവിൽ, കോട്ടാർ, മാവേലിക്കര, പറവൂർ, കൊല്ലം എന്നീ സ്ഥലങ്ങളിൽവച്ചു നടന്ന എല്ലാ ഏറ്റുമുട്ടലുകളിലും വേലുത്തമ്പിയും തിരുവിതാംകൂർ സൈന്യവും പരാജയപ്പെട്ടു. 1809 ഫിബ്രവരി 18–ന് വേലുത്തമ്പി ബ്രിട്ടീഷുകാരോട് സന്ധിക്കപേക്ഷിച്ചെങ്കിലും അവർ അതിനു വിസമ്മതിച്ചു. ലീഗർ തിരുവനന്തപുരത്ത് പാപ്പനംകോട്ട് പാളയമടിച്ചു.

### ഉമ്മിണിത്തമ്പി തിരുവിതാംകൂർ ദിവാൻ

1809 – ഉമ്മിണിത്തമ്പി തിരുവിതാംകൂർ ദിവാനായി (മാർച്ച് 18). തിരുവിതാംകൂറിൽ 'കാവൽ' എന്ന പേരിൽ പൊലീസ് സംവിധാനത്തിനു തുടക്കം കുറിച്ചത് ഇദ്ദേഹമാണ്.

### പാലിയത്തച്ചന്റെ കൂറുമാറ്റവും നാടുകടത്തലും

1809 – സംരക്ഷണം ലഭിക്കുമെന്ന് ബ്രിട്ടീഷ് റസിഡന്റ് കേണൽ മെക്കാളെ ഉറപ്പുനൽകിയതിനെത്തുടർന്ന് പാലിയത്തച്ചൻ ബ്രിട്ടീഷ് വിരുദ്ധപക്ഷത്തുനിന്ന് കൂറുമാറി. ഇത് വേലുത്തമ്പിക്ക് കനത്ത ആഘാതമായി. കീഴടങ്ങിയ പാലിയത്തച്ചനെ (ഫിബ്രവരി 27) ബ്രിട്ടീഷുകാർ കൊച്ചിയിൽനിന്ന് മദ്രാസിലേക്ക് നാടുകടത്തി. പിൽക്കാലത്ത് സ്വതന്ത്രനാക്കപ്പെട്ടെങ്കിലും, കേരളത്തിലേക്കു അദ്ദേഹം തിരിച്ചുവന്നില്ല. 1832ൽ അവിടെവെച്ചുതന്നെ അന്തരിച്ചു.

### വേലുത്തമ്പിയുടെ ആത്മഹത്യ

1809 – ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ ധീരമായ ചെറുത്തുനിൽപിനൊടുവിൽ മണ്ണടി ക്ഷേത്രത്തിൽവച്ച് വേലുത്തമ്പി ആത്മഹത്യ ചെയ്തു. (1809 മാർച്ച് 29). 1765 മെയ് ആറിനാണ് വേലുത്തമ്പി(ചെമ്പകരാമൻ വേലായുധൻ) തലക്കുളത്ത് (ഇപ്പോൾ കന്യാകുമാരി ജില്ലയിൽ) ജനിച്ചത്.

### കൊച്ചിയിൽ പൂർണ ബ്രിട്ടീഷ് ആധിപത്യം

1809 –ഇംഗ്ളീഷുകമ്പനിയും കൊച്ചിരാജാവും തമ്മിലുണ്ടാക്കിയ ഉടമ്പടി പ്രകാരം കൊച്ചി ബ്രിട്ടീഷ് സൈന്യത്തിന്റെ സംരക്ഷണം അംഗീകരിക്കുകയും എല്ലാ ആഭ്യന്തര കാര്യങ്ങളിലും കമ്പനിയുടെ ഉപദേശം സ്വീകരിക്കുകയും ചെയ്തു. 1805–ൽ തിരുവിതാംകൂറിനെക്കൊണ്ട് സ്വീകരിപ്പിച്ച അതേ വ്യവസ്ഥകളാണ് ഈ സന്ധിയിലും ഉണ്ടായിരുന്നത്.

### കേണൽ ജോൺ മൺറോ റസിഡന്റ്

1810 – കേണൽ ജോൺ മൺറോ തിരുവിതാംകൂറിലും കൊച്ചിയിലും റസിഡൻറായി. രണ്ടു സ്ഥലത്തും നീതിന്യായ– ഭരണ സംവിധാനങ്ങൾ പരിഷ്കരിക്കുന്നതിൽ അദ്ദേഹം ഗണ്യമായ സംഭാവന നൽകി. തിരുവിതാംകൂറിൽ സെക്രട്ടറിയറ്റ് സമ്പ്രദായം ആരംഭിക്കാൻ മുൻകൈയെടുത്ത് മൺറോ ആയിരുന്നു. 1810 മെയ് മാസത്തിൽ അഞ്ചുതെങ്ങിന്റെ മേലധികാരം കൂടി റസിഡന്റിനു നൽകി (മുമ്പ് അവിടെ കൊമേഴ്സ്യൽ റസിഡന്റ് ഉണ്ടായിരുന്നു. തിരുവിതാംകൂറിലെ പൊളിറ്റിക്കൽ റസിഡന്റ് മദ്രാസ് ഗവൺമെന്റിന്റെ കീഴിലും അഞ്ചുതെങ്ങിലെ കൊമേഴ്സ്യൽ റസിഡന്റ് ബോംബെ ഗവൺമെന്റിന്റെ കീഴിലുമായിരുന്നു). തന്മൂലം മൺറോ തന്റെ ആസ്ഥാനം ആറ്റിങ്ങൽ–അഞ്ചുതെങ്ങ് റോഡിൽ ആറ്റിങ്ങൽനിന്ന് അഞ്ചുനാഴിക അകലെയുള്ള നിലയ്ക്കാമുക്ക് എന്ന സ്ഥലത്തേക്ക് മാറ്റി. 1858–ൽ ഈസ്റ്റിന്ത്യാക്കമ്പനി പ്രവർത്തനം നിർത്തിയതോടെ അഞ്ചുതെങ്ങുകോട്ട ഒരു പ്രേതഭൂമിയായി മാറി.

– തിരുവിതാംകൂറിൽ ഗൗരി ലക്ഷ്മിഭായി ഭരണമേറ്റെടുത്തു.

1811–14 കാലത്ത് കേണൽ മൺറോ റസിഡൻറ് പദവിക്കു പുറമെ ദിവാൻ പദവിയും വഹിച്ചു.

### കോട്ടയത്ത് സി.എം.എസ്.പ്രസ്

1811 – കോട്ടയത്ത് സി.എം.എസ്.പ്രസ് നിലവിൽ വന്നു.

– ഇന്ത്യയിൽ അച്ചടിച്ച ആദ്യത്തെ മലയാള പുസ്തകം ഫിലിപ്പോസ് റമ്പാൻെറ ' പുതിയ നിയമം' – ബോംബെയിലെ കൂറിയർ പ്രസിൽ അച്ചടിച്ചു.

– തിരുവിതാംകൂറിൽ കേണൽ മൺറോ ദേവസ്വം ഭരണം ഗവൺമെന്റിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ കൊണ്ടുവന്നു.

### കുറിച്യ ലഹള

1812 – വയനാട്ടിൽ കുറിച്യരുടെ ലഹള. ബ്രിട്ടീഷുകാർ നടപ്പാക്കാൻ ശ്രമിച്ച നികുതി വ്യവസ്ഥയാണ് ആദിവാദി വിഭാഗങ്ങളായ കുറിച്യരേയും കുറുമ്പരേയും ആയുധമെടുപ്പിച്ചത്. കുറിച്യർ അവരവരുടെ മലമ്പ്രദേശങ്ങളിൽ തങ്ങളുടെ കുലദൈവമായിരുന്ന പുൽപ്പള്ളി മുരിക്കൻമാരുടെ പേരിൽ ഇംഗ്ലീഷുകാരുടെ ചുരങ്ങളും കോട്ടകളും കൈയടക്കി (മാർച്ച് 25). കുടുതൽ സൈനികശേഷി സംഘടിപ്പിച്ച് ബ്രിട്ടീഷുകാർ ലഹള അടിച്ചമർത്തി.

### തിരുവിതാംകൂറിൽ അടിമക്കച്ചവട നിരോധനം

1812 – റാണി ലക്ഷ്മിഭായി തിരുവിതാംകൂറിൽ അടിമക്കച്ചവടം നിർത്തലാക്കി.

### മൺറോ കൊച്ചിയിലെ ആദ്യത്തെ ദിവാൻ

1812 – കേണൽ മൺറോ കൊച്ചിയിലെ ആദ്യത്തെ ദിവാനായി. 1818 വരെ അദ്ദേഹം ഈ പദവി വഹിച്ചു.

### സ്വാതിയുടെ ജനനം

1813 – റാണി ലക്ഷ്മീഭായിക്ക് ഒരു പുത്രൻ ജനിക്കുകയും (സ്വാതി തിരുനാൾ), ആ കുട്ടിയെ മഹാരാജാവായി പ്രഖ്യാപനം ചെയ്തുകൊണ്ട് റാണി ലക്ഷ്മീഭായി റീജന്റായി ഭരണം തുടരുകയും ചെയ്തു.

1814 – ആംഗ്ലോ–ഡച്ച് ഉടമ്പടി പ്രകാരം കൊച്ചി ബ്രിട്ടീഷുകാർക്ക് ലഭിച്ചു.

### കൊച്ചിയിൽ അടിമവ്യാപാര നിരോധനം

1814 – കൊച്ചി ദിവാൻ ശങ്കരവാര്യർ അടിമവ്യാപാരം നിരോധിക്കുകയും അടിമകളെ മോചിപ്പിക്കുകയും ചെയ്തുകൊണ്ട് കൽപന പുറപ്പെടുവിച്ചു.

### പാർവതീഭായി തിരുവിതാംകൂർ റാണി

1815 – പാർവതീഭായി തിരുവിതാംകൂറിൽ ഭരണമേറ്റു.

### ഇരയിമ്മൻ തമ്പി ആസ്ഥാനകവി

1815 – തിരുവിതാംകൂറിലെ ആദ്യത്തെ ആസ്ഥാനകവിയായി ഇരയിമ്മൻ തമ്പിയെ നിയമിച്ചു.

### ഊഴിയവേല നിരോധനം

1815 – കേണൽ മൺറോ ഊഴിയവേല (നിർബന്ധിപ്പിച്ചു പണിയെടുപ്പിക്കുന്ന സമ്പ്രദായം) നിർത്തലാക്കി .

1816 – തിരുവിതാംകൂറിൽ ധർമശാസ്ത്രങ്ങളെ അടിസ്ഥാനമാക്കി ചില നിയമങ്ങൾ നിലവിൽവന്നു.

### തിരുവിതാംകൂറിൽ പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതം

1817 – റാണി പാർവതിഭായി തിരുവിതാംകൂറിൽ പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതമാക്കുകയും സൗജന്യ വിദ്യാഭ്യാസപദ്ധതി ആവിഷ്കരിക്കുകയും ചെയ്തു. തിരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിൽ അവർ പ്രാദേശിക സ്കൂളുകൾ (വെർണാക്കുലാർ സ്കൂളുകൾ) സ്ഥാപിച്ചു.

1818 – റവ. ജെ ഡോസൻ മട്ടാഞ്ചേരിയിൽ ഗവ. സഹായത്തോടെ ഇംഗ്ലീഷ് വിദ്യാലയവും ഡിസ്പെൻസറിയും സ്ഥാപിച്ചു.

### ട്രാവൻകൂർ നായർ ബ്രിഗേഡ്

– തിരുവിതാംകൂറിലെ സൈന്യത്തെ ട്രാവൻകൂർ നായർ ബ്രിഗേഡ് എന്ന് നാമകരണം ചെയ്തു. ആദ്യകാലത്ത് നായർ സമുദായംഗങ്ങളെ മാത്രമേ ഉൾപ്പെടുത്തിയിരുന്നുള്ളൂ. പിൽക്കാലത്ത് ഇതര സമുദായംഗങ്ങളെയും ചേർത്തെങ്കിലും പേരിൽ വ്യത്യാസമുണ്ടായില്ല. 1954–ൽ ഇത് ഇന്ത്യൻ കരസേനയുടെ ഭാഗമാക്കി മദ്രാസ് റെജിമെന്റിന്റെ ഒമ്പതാം ബറ്റാലിയൻ എന്ന് നാമകരണം ചെയ്തു.

1819 – കേരളത്തിൽ 1817ലെത്തിയ ചാൾസ് മീഡ് എന്ന മിഷനറി 1818 മുതൽ നാഗർകോവിൽ കേന്ദ്രമാക്കി പ്രവർത്തനം തുടങ്ങി. അദ്ദേഹത്തിൻെറ ഭാര്യ യോഹന്ന സെലസ്റ്റീന 1819ൽ പെൺകുട്ടികൾക്കുവേണ്ടി ഒരു വിദ്യാലയം സ്ഥാപിച്ചു.

– കൊച്ചിയിൽ ദിവാൻ നഞ്ചപ്പയ്യയുടെ കാലത്ത് ഉപകോടതികൾ ജില്ലാക്കോടതികൾ ആക്കി മാറ്റി.

1820 – ഇംഗ്ലീഷുകാർ ഇടപ്പള്ളി കൊച്ചി രാജാവിൻെറ സംരക്ഷണത്തിലാക്കി. രാജാവ് നമ്പൂതിരിയായതുകൊണ്ടാണ് മാർത്താണ്ഡവർമ ആ നാട് പിടിച്ചടക്കാതിരുന്നത്.

### കോട്ടയത്ത് ഗ്രാമർ സ്കൂൾ

1821 – സിഎംഎസ് മിഷണറിമാർ (ചർച്ച് മിഷൻ സൊസൈറ്റി) കോട്ടയത്ത് ഒരു ഗ്രാമർ സ്കൂൾ സ്ഥാപിച്ചു. (1866 ൽ കോളേജായി ഉയർത്തപ്പെട്ടു). അവരുടെ ഭാര്യമാരുടെ നേതൃത്വത്തിൽ കോട്ടയത്ത് പെൺപള്ളിക്കൂടവും തുറന്നു.

– പന്തളം രാജ്യം തിരുവിതാംകൂറിൽ ലയിച്ചു.

– അടിമകളെ അവരുടെ ഉടമസ്ഥൻമാർ തന്നെ ശിക്ഷിക്കുന്നത് കുറ്റകരമാക്കിക്കൊണ്ട് ഒരു രാജകീയ വിളംബരം കൊച്ചി ദിവാൻ നഞ്ചപ്പയ്യ പ്രസിദ്ധപ്പെടുത്തി. നഞ്ചപ്പയ്യയുടെ ദിവാൻ ഭരണകാലത്തുണ്ടായ പ്രധാന നടപടികളിലൊന്നാണ് 1821–ൽ ആരംഭിച്ച് മൂന്നു കൊല്ലം കൊണ്ട് പൂർത്തിയായ നിലം കണ്ടെഴുത്ത്.

### ആദ്യമായി ചെറുകഥ വിവർത്തനം

1824 – മലയാളത്തിലേക്ക് ആദ്യമായി ചെറുകഥ വിവർത്തനം ചെയ്യപ്പെട്ടു– 'ചെറു പൈതങ്ങൾക്ക് ഉപകരാർഥം ഇംഗ്ലീഷിൽനിന്നു പരിഭാഷപ്പെടുത്തിയ കഥകൾ'. കേരളത്തിൽ ആദ്യമായി അച്ചടിച്ച മലയാള പുസ്തകം ഇതാണ്.

1825 – ഇടപ്പള്ളിയെ കൊച്ചി രാജ്യത്തോട് ചേർത്തതിൽ ഇടപ്പള്ളിത്തമ്പുരാൻ പ്രതിഷേധിച്ചതുകാരണം അതിനെ തിരുവിതാംകൂറിൻെറ ഭരണത്തിലേക്കു മാറ്റി.

– വെങ്കിടസുബ്ബയ്യർ കൊച്ചിയിൽ ദിവാൻസ്ഥാനം വഹിച്ചു. നീതിന്യായ ഭരണത്തിൽ ബ്രിട്ടീഷ് രീതി നടപ്പാക്കാൻ നാലു പുതിയ നിയമങ്ങൾ നടപ്പാക്കി. തഹസിൽദാർക്ക് പൊലീസ് അധികാരവും ജില്ലാക്കോടതികൾക്ക് ക്രിമിനൽ അധികാരവും നൽകി.

### സ്വാതി തിരുനാളിൻെറ സ്ഥാനാരോഹണം

1829 – തിരുവിതാംകൂറിൽ സ്വാതി തിരുനാൾ രാജാവിൻെറ സ്ഥാനാരോഹണം. ജനിക്കുന്നതിനുമുമ്പുതന്നെ 'രാജ്യത്തിൻെറ അടുത്ത ഭരണാധികാരി'യെന്ന് തീരുമാനിക്കപ്പെട്ടതിനാൽ 'ഗർഭശ്രീമാൻ' എന്നറിയപ്പെട്ടു.

– തിരുവനന്തപുരത്ത് പബ്ലിക് ലൈബ്രറി സ്ഥാപിതമായി. 1958ൽ പേര് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി എന്നാക്കി. 1988ൽ ലൈബ്രറിക്ക് ഒരു വകുപ്പിന്റെ പദവി നൽകി.



# യുണൈറ്റഡ് കിങ്ഡം–2

**ഏതു ദേശവും ഔന്നത്യം കൈവരിക്കുന്നത് അതിന്റെ ശ്രേഷ്ഠപൗരൻമാരുടെ പ്രവർത്തനങ്ങളിലൂടെയാണ്. മഹൽസന്താനസമ്പന്നമായൊരു ഭൂമികയാണ് ആംഗലദേശം. മേഖല ഏതുമാകട്ടെ–ഭരണമോ സാഹിത്യമോ ശാസ്ത്രമോ സൈനികമോ– തലയെടുപ്പുള്ള മഹാരഥൻമാരുടെ സാന്നിധ്യം ആ രാഷ്ട്രചരിത്രത്തിൽ നിതാന്തസാന്നിധ്യമാണ്. ലോകചരിത്രം അതിന്റെ താളുകളിൽ അഭിമാനപൂർവം പ്രദർശിപ്പിക്കുന്ന സവിശേഷവ്യക്തിത്വങ്ങളിൽ ചിലരെ പരിചയപ്പെട്ടുകൊണ്ട് ആംഗല സഞ്ചാരം മുന്നോട്ട്......**

## പ്രധാനപ്പെട്ട വസ്തുതകൾ

* കോണ്ടിനെന്റൽ യൂറോപ്പിന്റെ വടക്കുപടിഞ്ഞാറൻ തീരത്താണ് ബ്രിട്ടൺ സ്ഥിതി ചെയ്യുന്നത്.
* ഭരണഘടനാധിഷ്ഠിത രാജവാഴ്ച നിലനിൽക്കുന്ന ഒരു പാർലമെന്ററി സ്റ്റേറ്റാണ് യുണൈറ്റഡ് കിങ്ഡം.
* ഇംഗ്ലണ്ട്, സ്കോട്ലൻഡ്, വെയ്ൽസ്, നോർത്തേൺ അയർലൻഡ് എന്നീ നാലു ഘടകരാജ്യങ്ങൾ ചേർന്നതാണ് യുണൈറ്റഡ് കിങ്ഡം. യഥാക്രമം ലണ്ടൻ, എഡിൻബറോ, കാർഡിഫ്, ബെൽഫാസ്റ്റ് എന്നിവയാണ് ഈ രാജ്യങ്ങളുടെ തലസ്ഥാനങ്ങൾ.
* ഫോക്‌ലാൻഡ് ദ്വീപുകൾ, സെന്റ് ഹെലിന എന്നിവ ബ്രിട്ടന്റെ കീഴിലാണ്.
* ദക്ഷിണ അത്‌ലാന്റിക് സമുദ്രത്തിലാണ് സെന്റ് ഹെലിനയും ഫോക്‌ലാൻഡ് ദ്വീപുകളും. യഥാക്രമം ജെയിംസ് ടൗൺ, സ്റ്റാൻലി എന്നിവയാണ് തലസ്ഥാനങ്ങൾ.
* 1707–ലാണ് ഇംഗ്ലണ്ട് ആൻഡ് വെയിൽസിനോട് സ്കോട്ലൻഡ് കൂട്ടിച്ചേർന്ന് യുണൈറ്റഡ് കിങ്ഡം രൂപവത്കൃതമായത്. 1800–ൽ അയർലൻഡ് കൂടി ഇതോടൊപ്പം ചേർന്ന് യുണൈറ്റഡ് കിങ്ഡം ഓഫ് ഗ്രേറ്റ് ബ്രിട്ടൺ ആൻഡ് അയർലൻഡ് ആയി.
* എന്നാൽ, പ്രൊട്ടസ്റ്റന്റ് ഇംഗ്ലണ്ടിൽനിന്ന് സ്വാതന്ത്ര്യം നേടാൻ റോമൻ കത്തോലിക്കാ വിശ്വാസികളുടെ ആധിപത്യമുള്ള അയർലൻഡ് തീരുമാനിച്ചതോടെ അൽപകാലം രാജ്യത്ത് രക്തരൂക്ഷിത കലാപം അരങ്ങേറി. 1922–ൽ അയർലൻഡ് യൂണിയനിൽനിന്ന് വിട്ടുപോകുകയും 1949–ൽ സ്വതന്ത്രരാഷ്ട്രമാകുകയും ചെയ്തു. എന്നാൽ, പ്രൊട്ടസ്റ്റന്റ് മേധാവിത്വമുള്ള ആറ് വടക്കൻ കൗണ്ടികൾ ബ്രിട്ടണൊപ്പം തുടരാൻ തീരുമാനിക്കുകയും യുണൈറ്റഡ് കിങ്ഡം ഓഫ് ഗ്രേറ്റ് ബ്രിട്ടൺ ആൻഡ് നോർത്തേൺ അയർലൻഡ് നിലവിൽ വരികയും ചെയ്തു.
* ലണ്ടനാണ് യുണൈറ്റഡ് കിങ്ഡത്തിന്റെ തലസ്ഥാനം. ഔദ്യോഗിക ഭാഷ ഇംഗ്ലീഷ്. നാണയം പൗണ്ട് സ്റ്റെർലിങ്.
* ബ്രിട്ടന്റെ പതാകയാണ് യൂണിയൻ ജാക്ക്. 1:2 (വെർട്ടിക്കൽ: ഹൊറിസോണ്ടൽ) ആണ് ഇതിന്റെ അനുപാതം.
* അധോസഭയായ ഹൗസ് ഓഫ് കോമൺസും ഉപരിസഭയായ ഹൗസ് ഓഫ് ലോർഡ്സും (പ്രഭു സഭ) ചേർന്ന പാർലമെന്റാണ് നിയമനിർമാണസഭ. ലണ്ടനിലെ വെസ്റ്റ് മിൻസ്റ്റർ കൊട്ടാരത്തിലാണ് പാർലമെന്റ് സമ്മേളിക്കുന്നത്.
* 650 അംഗ ഹൗസ് ഓഫ് കോമൺസിൽ കേവല ഭൂരിപക്ഷത്തിനാവശ്യമായ സീറ്റുകളുടെ എണ്ണം 326 ആണ്. അഞ്ചുവർഷമാണ് അംഗങ്ങളുടെ കാലാവധി.
* ഹൗസ് ഓഫ് കോമൺസിൽ അംഗമാകുന്നതിനുള്ള കുറഞ്ഞ പ്രായം 18 വയസ്സാണ്. ഹൗസ് ഓഫ് ലോർഡ്സിന്റെ കാര്യത്തിൽ 21.
* ഹൗസ് ഓഫ് കോമൺസിൽ സ്പീക്കറും ഹൗസ് ഓഫ് ലോർഡ്സിൽ ലോർഡ് സ്പീക്കറും അധ്യക്ഷത വഹിക്കുന്നു. അംഗബലം 800 (ഇത് പലപ്പോഴും വ്യത്യാസപ്പെട്ടിട്ടുണ്ട്).
* ബ്രിട്ടീഷ് ന്യൂസ് ഏജൻസിയാണ് റോയിട്ടേഴ്സ്.
* ബ്രിട്ടീഷ് സൈനികരാണ് ടോമി അറ്റ്കിൻസ് എന്നറിയപ്പെടുന്നത്.
* ലണ്ടൻ ഓഹരി വിപണിയുടെ സൂചികയാണ് എഫ്.ടി.എസ്.ഇ.
* ഇംഗ്ലണ്ടിന്റെ ദേശീയ മൃഗം സിംഹമാണ്. റോസ് ആണ് ദേശീയ പുഷ്പം.
* ദേശീയ മരം ഓക്. സെന്റ് ജോർജാണ് ഇംഗ്ലണ്ടിന്റെ പേട്രൺ സെയിന്റ്.
* ഗോഡ് സേവ് ദ ക്വീൻ ആണ് യുണൈറ്റഡ് കിങ്ഡത്തിന്റെ ദേശീയ ഗാനം.
* ഇംഗ്ലണ്ടിന്റെ നാഷണൽ പേഴ്സണിഫിക്കേഷൻ (national personification) ആണ് ജോൺ ബുൾ എന്ന പദം.

## പ്രധാന വ്യക്തികൾ

* പാർലമെന്റും രാജാവും തമ്മിലുണ്ടായ അഭിപ്രായ വ്യത്യാസത്തിന്റെ ഫലമായി നടന്ന ആഭ്യന്തരയുദ്ധത്തിൽ കൊല്ലപ്പെട്ട രാജാവാണ് ചാൾസ് ഒന്നാമൻ (1649).
* വാട്ടർലൂ യുദ്ധത്തിൽ (1815) നെപ്പോളിയനെ തോൽപിച്ചശേഷം പിൽക്കാലത്ത് ബ്രിട്ടീഷ് പ്രധാനമന്ത്രിയായത് വെല്ലിങ്ടൺ പ്രഭുവാണ്. ആർതർ വെല്ലസ്ലി, ഡ്യൂക്ക് ഓഫ് വെല്ലിങ്ടൺ എന്നീ പേരുകളിലും ചരിത്രത്തിലറിയപ്പെടുന്ന ഇദ്ദേഹമാണ് അയൺ ഡ്യൂക്ക് എന്ന് വിശേഷിപ്പിക്കപ്പെട്ടത്. ഇന്ത്യയിൽ ഗവർണർ ജനറലായിരുന്ന റിച്ചാർഡ് കോളി വെല്ലസ്ലി പ്രഭു ഇദ്ദേഹത്തിന്റെ ജ്യേഷ്ഠ സഹോദരനായിരുന്നു. റിച്ചാർഡ് കോളി വെല്ലസ്ലി അറിയപ്പെടുന്ന മറ്റൊരു പേരാണ് മോർണിങ്ടൺ പ്രഭു.
* സൂയസ് കനാലിന് മേലുള്ള അന്താരാഷ്ട്ര നിയന്ത്രണം വീണ്ടെടുക്കാൻ ശ്രമം നടത്തിയ പ്രധാനമന്ത്രിയാണ് ആന്റണി ഈഡൻ.
* ഇന്ത്യയുടെ ചക്രവർത്തിനി പദം ഏറ്റെടുക്കണമെന്ന് വിക്ടോറിയ റാണിക്ക് ഉപദേശം നൽകിയ പ്രധാനമന്ത്രിയാണ് ബെഞ്ചമിൻ ദിസ്‌റയേലി.
* തന്റെ പ്രണയിനിക്കായി ബ്രിട്ടീഷ് സിംഹാസനം ഉപേക്ഷിച്ച രാജാവാണ് എഡ്വേർഡ് എട്ടാമൻ. അമേരിക്കക്കാരിയായ വാലിസ് സിംപ്സനെ വിവാഹം കഴിക്കാനാണ് അദ്ദേഹം 1936–ൽ സ്ഥാനത്യാഗം ചെയ്തത്.
* ജോർജ് അഞ്ചാമൻ, എഡ്വേർഡ് എട്ടാമൻ, ജോർജ് ആറാമൻ എന്നീ മൂന്ന് രാജാക്കൻമാർ ഭരണം നടത്തിയ വർഷമാണ് 1936.
* പത്രപ്രവർത്തക സമൂഹത്തെ ജനാധിപത്യത്തിലെ ഫോർത്ത് എസ്റ്റേറ്റ് എന്ന് വിശേഷിപ്പിച്ച ആംഗ്ലോ–ഐറിഷ് സ്റ്റേറ്റ്സ്മാനാണ് എഡ്മണ്ട് ബർക്.
* ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരകാലത്ത് (1857)ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്നത് പാൽമർസ്റ്റൺ.
* കോമൺവെൽത്തിന്റെ പിതാവ് എന്നു വിളിക്കപ്പെട്ട ബ്രിട്ടീഷ് പ്രധാനമന്ത്രിയാണ് ഹാരോൾഡ് വിൽസൺ.
* ആധുനിക പൊലീസിന്റെ പിതാവ് എന്നറിയപ്പെടുന്ന ബ്രിട്ടീഷ് പ്രധാനമന്ത്രിയാണ് റോബർട്ട് പീൽ.
* ബ്രിട്ടണിൽനിന്ന് സാഹിത്യ നൊബേൽ നേടിയവരാണ് റുഡ്യാർഡ് കിപ്ലിങ് (1907), ജോൺ ഗാൽസ്‌വർത്തി (1932), ടി. എസ്.ഏലിയറ്റ് (1948–ആർജിത പൗരത്വം), ബെർട്രാൻഡ് റസ്സൽ (1950), വിൻസ്റ്റൺ ചർച്ചിൽ (1953), വില്യം ഗോൾഡിങ് (1983), ഹാരോൾഡ് പിന്റർ (2005), ഡോറിസ് ലെസ്സിങ് (2007).
* യുണൈറ്റഡ് കിങ്ഡത്തിലെ രണ്ടാമത്തെ നൊബേൽ ജേതാവാണ് 1903–ൽ സമാധാന സമ്മാനം നേടിയ വില്യം റൻഡൽ ക്രീമർ.
* ഒളിവർ ക്രോംവെൽ ആണ് ലോർഡ് പ്രൊട്ടക്ടർ എന്നറിയപ്പെട്ടത്.
* ഏറ്റവും മഹാനായ ഇംഗ്ലീഷ് സാഹിത്യകാരനായി കണക്കാക്കപ്പെടുന്നത് വില്യം ഷേക്സ്പിയറാണ് (1564–1616). ഏവണിലെ രാജഹംസം എന്നറിയപ്പെട്ടു. ഭാര്യ ആൻ ഹാത്തവേ. സൂസന്നയും ഇരട്ടകളായ ഹാംനെറ്റും ജൂഡിത്തുമാണ് മക്കൾ. സ്റ്റ്രാറ്റ്ഫോർഡ്–അപ്പോൺ–ഏവണിലാണ് ജനനവും അന്ത്യനിദ്രയും.
* ഇംഗ്ലീഷ് കവിതയുടെ പിതാവ് എന്നറിയപ്പെടുന്നത് ജോഫ്രി ചൗസർ (1343–1400). കാന്റർബറി ടെയ്ൽസ് ആണ് പ്രധാന രചന.
* കവികളുടെ കവി എന്നറിയപ്പെട്ടത് എഡ്മണ്ട് സ്പെൻസർ (1552/1553–1599)ആണ്.
* ജോർജ് ഏലിയറ്റിന്റെ (1819–1880) യഥാർഥ പേര് മേരി ആൻ ഇവാൻസ്.
* എറിക് ബ്ലെയറിന്റെ തൂലികാ നാമമാണ് ജോർജ് ഓർവൽ (1903–1950). അനിമൽ ഫാം, 1984 എന്നിവ പ്രധാന കൃതികൾ.
* ഒളിവർ ട്വിസ്റ്റ്, ഡേവിഡ് കോപ്പർഫീൽഡ്, ഗ്രേറ്റ് എക്സ്പെക്ടേഷൻസ് എന്നിവ ചാൾസ് ഡിക്കൻസിന്റെ (1812–1870)രചനകളാണ്. ബോസ് എന്ന തൂലികാനാമം ഇദ്ദേഹത്തിന്റേതാണ്. വിക്ടോറിയൻ കാലഘട്ടത്തിലെ ഏറ്റവും മഹാനായ നോവലിസ്റ്റാണ് ഡിക്കൻസ്.
* ഫാർ ഫ്രം ദ മാഡിങ് ക്രൗഡ്, ദ മേയർ ഓഫ് കാസ്റ്റർബ്രിഡ്ജ് തുടങ്ങിയ പ്രശസ്ത നോവലുകൾ രചിച്ചത് തോമസ് ഹാർഡി (1840–1928) ആണ്.
* പ്രഭു പദവി ലഭിച്ച ആദ്യ ശാസ്ത്രജ്ഞനാണ് ഫ്രാൻസിസ് ബേക്കൺ (1561–1626).
* ഭൂഗുരുത്വ ബലം കണ്ടെത്തുകയും ചലന നിയമങ്ങൾ ആവിഷ്കരിക്കുകയും ചെയ്ത ഐസക് ന്യൂട്ടൻ (1642–1726) 1687–ൽ പ്രസിദ്ധീകരിച്ച കൃതിയാണ് പ്രിൻസിപ്പിയ. പ്രഭു പദവി ലഭിച്ച രണ്ടാമത്തെ ശാസ്ത്രജ്ഞനാണ് ന്യൂട്ടൺ. രാഷ്ട്രത്തിന്റെ ആദരത്തോടെ ശവമടക്കപ്പെട്ട ആദ്യ ശാസ്ത്രജ്ഞനാണ് അദ്ദേഹം. അന്ത്യവിശ്രമം വെസ്റ്റ്മിനിസ്റ്റർ ആബിയിലാണ്.
* പരിണാമ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ ചാൾസ് ഡാർവിൻ (1809–1882) തന്റെ വിഖ്യാതമായ ഓൺ ദ ഒറിജിൻ ഓഫ് സ്പീഷീസ് എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചത് 1859–ലാണ്. ഡാർവിൻ തന്റെ നിരീക്ഷണങ്ങൾക്കായി യാത്ര ചെയ്ത കപ്പലാണ് എച്ച്എംഎസ് ബീഗിൾ. അദ്ദേഹം പഠനങ്ങൾ നടത്തിയ ഗാലപ്പാഗോസ് ദ്വീപുകൾ ഇക്വഡോറിന്റെ അധീനതയിലാണ്. ന്യൂട്ടന്റെ ശവകുടീരത്തിന് സമീപമാണ് ഡാർവിന്റെ അന്ത്യവിശ്രമം. ഡാർവിൻ ജനിച്ച തീയതിയിൽ ജനിച്ച അമേരിക്കൻ പ്രസിഡന്റാണ് എബ്രഹാം ലിങ്കൺ.
* വിഖ്യാത ചലച്ചിത്ര പ്രതിഭയായ ചാർളി ചാപ്ലിൻ (1889–1977) ജനിച്ചത് ലണ്ടനിലാണെങ്കിലും അന്ത്യവിശ്രമം സ്വിറ്റ്സർലൻഡിലാണ്.
* ഡയാന രാജകുമാരി കാറപകടത്തിൽ മരിച്ചത് 1997–ലാണ്.
* ഒന്നാം എലിസബത്ത് റാണിയാണ് (1533–1603) കന്യകാ റാണി (മെയിഡൻ ക്വീൻ) എന്നറിയപ്പെടുന്നത്.

(തുടരും)



# ലോകപ്രശസ്ത പുരസ്കാരങ്ങൾ–3

## ഓസ്കർ അവാർഡ്

* അക്കാദമി അവാർഡ് എന്നും അറിയപ്പെടുന്ന ഓസ്കർ സിനിമാരംഗത്തെ ഏറ്റവും വിശിഷ്ടമായ പുരസ്കാരമാണ്. അമേരിക്കയിലെ അക്കാദമി ഓഫ് മോഷൻ പിക്ചർ ആർട്സ് ആന്റ് സയൻസസ് ആണ് പുരസ്കാരം നൽകുന്നത്. 1927, 1928 വർഷങ്ങളിലെ ചിത്രങ്ങളെ പരിഗണിച്ച് 1929ലാണ് ആദ്യത്തെ അവാർഡ് സമ്മാനിച്ചത്. ഹോളിവുഡിലെ ഹോട്ടൽ റൂസ്‌വെൽറ്റായിരുന്നു വേദി. സെഡ്രിക് ഗിബ്ബൺസാണ് ഓസ്കർ ശില്പം രൂപകൽപന ചെയ്തത്.
* ഓസ്കർ നൽകുന്ന വിവിധ വിഭാഗങ്ങൾ ഇവയാണ്.
* Best Actor in a Leading Role, Best Actor in a Supporting Role, Best Actress in a Leading Role, Best Actress in a Supporting Role, Best Adapted Screenplay, Best Animated Feature, Best Animated Short Film, Best Art Direction, Best Cinematography,Best Costume Design, Best Director, Best Documentary Feature, Best Documentary Short Subject, Best Film Editing, Best Foreign Language Film,Best Makeup, Best Original Score, Best Original Screenplay, Best Original Song, Best Original Story,Best Picture,Best Sound Editing,Best Sound Mixing,Best Visual Effects.
* ഓസ്കർ നേടിയ ആദ്യ ചിത്രം Wings. സംവിധാനം William Wellman.
* ഓസ്കർ നേടിയ ആദ്യനടൻ എമിൽ ജാന്നിംഗ്സ്. The Way of All Flesh, The Last Command എന്നീ ചിത്രങ്ങളിലെ പ്രകടനമാണ് ഇദ്ദേഹത്തെ അവാർഡിനർഹനാക്കിയത്.
* ഓസ്കർ നേടിയ ആദ്യനടി ജാനറ്റ് ഗെയ്നർ. Seventh Heaven (1927), Sunrise: A Song of Two Humans (1927) , Street Angel (1928). എന്നീ ചിത്രങ്ങളിലെ അഭിനയം പരിഗണിച്ചായിരുന്നു അവാർഡ്.
* ഓസ്കർ നേടിയ ആദ്യ സംവിധായകൻ ലെവിസ് മൈൽസ്റ്റോൺ. ചിത്രം Two Arabian Knights.
* ഏറ്റവും കൂടുതൽ ഓസ്കർ നേടിയത് വാൾട്ട് ഡിസ്നിയാണ് (1901–1966). നാല് ഓണററി പുരസ്കാരങ്ങൾ ഉൾപ്പെടെ 26 ഓസ്കറാണ് അദ്ദേഹം നേടിയത്. ഏറ്റവും കൂടുതൽ ഓസ്കാർ നോമിനേഷനുകൾ നേടിയ വ്യക്തിയും അദ്ദേഹമാണ് (59). ആദ്യ ഓസ്കാർ 1932–ൽ നേടിയ വാൾട്ട് ഡിസ്നിയെത്തേടി അവസാനത്തെ ഓസ്കർ മരണാനന്തര ബഹുമതിയായി എത്തിയത് 1969ലാണ്.
* ഏറ്റവും കൂടുതൽ ഓസ്കറിന് അർഹയായ വനിത വസ്ത്രാലങ്കാര വിദഗ്ധയായ എഡിത്ത് ഹെഡ് ആണ് (8).
* ഏറ്റവും കൂടുതൽ ഓസ്കർ നേടിയ സിനിമാതാരം കാതറിൻ ഹെപ്ബേൺ എന്ന നടിയാണ് (4). അഭിനയത്തിന് ഏറ്റവും കൂടുതൽ ഓസ്കർ നോമിനേഷൻ ലഭിച്ചിട്ടുള്ള താരം മെറിൽ സ്ട്രീപ്പ് എന്ന നടിയാണ്. പതിനഞ്ചു നോമിനേഷനുകളിൽനിന്ന് രണ്ട് അവാർഡുമാത്രമേ അവർക്ക് ലഭിച്ചുള്ളു.
* ഏറ്റവും കൂടുതൽ ഓസ്കർ നേടിയ ചിത്രങ്ങൾ– Ben-Hur (1959), Titanic (1997), and The Lord of the Rings: The Return of the King (2003). 11 അവാർഡുകൾവീതം നേടി.
* പതിനൊന്ന് നോമിനേഷനുകളിൽനിന്ന് 11 ഓസ്കർ നേടിയ *The Lord of the Rings: The Return of the King* ആണ് ഓസ്കറിന്റെ ചരിത്രത്തിൽ ഏറ്റവും മികച്ച നേട്ടം കൊയ്ത ചിത്രം. ടൈറ്റിനിക്കിന് 14 നോമിനേഷനുകളും ബെൻഹറിന് 12 നോമിനേഷനുകളും ഉണ്ടായിരുന്നു.
* All About Eve (1950) , Titanic (1997) എന്നിവയാണ് ഏറ്റവും കൂടുതൽ നോമിനേഷനുകൾ ലഭിച്ചിട്ടുള്ള ചിത്രങ്ങൾ (14).
* നൊബേൽ സമ്മാനം, ഓസ്കർ എന്നിവ നേടിയ ഏക വ്യക്തി ജോർജ് ബെർണാഡ് ഷാ ആണ് (1925, 1938). പിഗ്മാലിയൻ എന്ന ചിത്രത്തിന്റെ തിരക്കഥയാണ് ബെർണാഡ് ഷായെ ഓസ്കറിനർഹനാക്കിയത്.
* ഇന്ത്യയിൽനിന്ന് ആദ്യമായി ഓസ്കർ നേടിയത് ഭാനു അത്തയ്യ എന്ന വനിതയാണ്. 1982ൽ ഗാന്ധി എന്ന ചിത്രത്തിലെ വസ്ത്രാലങ്കാരമാണ് (Costume Designing) അവരെ അവാർഡിനർഹയാക്കിയത്. റിച്ചാർഡ് അറ്റൻബറോ സംവിധാനം ചെയ്ത ഗാന്ധി എട്ട് ഓസ്കറുകളാണ് നേടിയത്.

ഈ ചിത്രത്തിൽ ഗാന്ധിയുടെ വേഷം ചെയ്ത ബെൻ കിംഗ്സ്‌ലി (യഥാർഥ പേര് കൃഷ്ണ ഭാൻജി) മികച്ച നടനുള്ള അവാർഡിനർഹനായി. ഈ ചിത്രത്തിൽ ജവാഹർലാൽ നെഹ്റുവിന്റെ വേഷമിട്ടത് റോഷൻ സേത്താണ്. രോഹിണി ഹത്തംഗഡി കസ്തൂർബാ ഗാന്ധിയായും സയിദ് ജഫ്രി വല്ലഭായ് പട്ടേലായും അഭിനയിച്ചു. ജിന്നയായി അലിക് പദംസിയും രംഗത്തെത്തി.

* ഓണററി ഓസ്കർ നേടിയ ഇന്ത്യക്കാരനാണ് സത്യജിത് റേ (1992). ചലച്ചിത്ര നിർമാണത്തിന് അർപ്പിച്ച സമഗ്രസംഭാവന പരിഗണിച്ചായിരുന്നു ഈ ആദരം.
* രണ്ട് ഓസ്കർ (Best Original Score, Best Original Song) ഒരുമിച്ചുനേടിയ ആദ്യ ഇന്ത്യക്കാരനാണ് എ.ആർ. റഹ്മാൻ (പൂർണനാമം അല്ലാ രാഖ റഹ്മാൻ. ആദ്യകാല പേര് എ.എസ്.ദിലീപ് കുമാർ). ചിത്രം സ്ലംഡോഗ് മില്യണർ(2009). അതേ ചിത്രത്തിലെ Sound Mixing ന് റസൂൽ പൂക്കുട്ടി ഓസ്കർ നേടിയ ആദ്യ മലയാളിയായി. കൊല്ലം ജില്ലയിലെ അഞ്ചൽ സ്വദേശിയാണിദ്ദേഹം.
* ഓസ്കറിന് നാമനിർദേശം ലഭിച്ച (1958) ആദ്യ ഇന്ത്യൻ ചിത്രം മെഹ്ബൂബ് ഖാൻ നിർമാണവും സംവിധാനവും നിർവഹിച്ച മദർ ഇന്ത്യയാണ് (1957 ഒക്ടോബർ 25നാണ് ചിത്രം റിലീസ് ചെയ്തത്) . Best Foreign Language Film എന്ന വിഭാഗത്തിലാണ് പരിഗണിക്കപ്പെട്ടത്. ഫെഡറിക്കോ ഫെല്ലിനി സംവിധാനം ചെയ്ത Nights of Cabiria എന്ന ചിത്രത്തോട് ഒരു വോട്ടിന് അവാർഡ് നഷ്ടമായി.
* രാജീവ് അഞ്ചൽ സംവിധാനം ചെയ്ത ഗുരുവാണ് ഓസ്കാർ നാമനിർദ്ദേശം ലഭിച്ച ആദ്യ മലയാള ചിത്രം (1997).
* ഓസ്കർ അവാർഡ് നേടിയ ആദ്യ സംവിധായികയാണ് കാതറിൻ ബിഗലോ.

# കേരള നവോത്ഥാനം

## നായർ സർവീസ് സൊസൈറ്റി

* നായർ സമുദായത്തിന്റെ ഉദ്ധാരണം ലക്ഷ്യമിട്ട് 1914 ഒക്ടോബർ 31ന് ചങ്ങനാശ്ശേരി പെരുന്നയിൽ മന്നത്തു പദ്മനാഭന്റെ വസതിയിൽ നായർ സർവീസ് സൊസൈറ്റിയുടെ ആദ്യരൂപമായ നായർ സമുദായ ഭൃത്യജന സംഘം രൂപംകൊണ്ടു.
* ഗോപാലകൃഷ്ണ ഗോഖലെയുടെ സെർവന്റ്സ് ഓഫ് ഇന്ത്യ സൊസൈറ്റിയുടെ മാതൃകയിലാണ് സംഘടന സ്ഥാപിച്ചത്. കെ. കേളപ്പനായിരുന്നു ആദ്യ പ്രസിഡന്റ്. മന്നത്ത് പദ്മനാഭൻ ആദ്യ സെക്രട്ടറിയായി.
* മന്നം രംഗത്തു വരുന്നതിനുമുമ്പ് നായർ സമുദായത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിച്ച രണ്ടു വ്യക്തികളാണ് സി.വി.രാമൻ പിള്ളയും സി.കൃഷ്ണപിള്ളയും. 'മലയാളിസഭ'യെന്നും പിന്നീട് 'കേരളീയ നായർ സംഘടന' എന്ന പേരിലും അറിയപ്പെട്ടിരുന്ന സംഘടനയിലാണ് അവർ പ്രവർത്തിച്ചിരുന്നത്.
* മന്നത്ത് പദ്മനാഭനും ആദ്യകാലത്ത് കേരളീയ നായർ സംഘടനയുമായി സഹകരിച്ചു പ്രവർത്തിക്കുകയാണ് ചെയ്തത്.
* കപ്പന കണ്ണൻ മേനോന്റെ സഹായത്തോടെ മന്നം തൃശ്ശൂരിലെ വടക്കാഞ്ചേരിയിൽ 'ഉത്തര കേരള നായർ സമാജം' സ്ഥാപിച്ചു. തിരുവനന്തപുരം, ചങ്ങനാശ്ശേരി, തൃശ്ശൂർ ,മലബാർ എന്നീ പ്രദേശങ്ങളിലെ നായർ സംഘടനകളെ സുസംഘടിതമാക്കി നായർ ഭൃത്യജനസംഘത്തിൽ ലയിപ്പിച്ച് പ്രവർത്തനം സമസ്തകേരളാടിസ്ഥാനത്തിലാക്കി.
* 1915ലാണ് നായർ ഭൃത്യജനസംഘം നായർ സർവീസ് സൊസൈറ്റിയായി മാറിയത്. ഈ പേരു നിർദ്ദേശിച്ചത് കെ.പരമുപിള്ളയാണ്.
* ജാതിവ്യത്യാസം ഇല്ലാതാക്കുക, നായർ സമുദായാംഗങ്ങൾക്കിടയിൽ പ്രചാരത്തിലുള്ള താലികെട്ടു കല്യാണം, തിരണ്ടുകുളി തുടങ്ങിയ അനാചാരങ്ങൾ അവസാനിപ്പിക്കുക, നായർ സമുദായത്തെ കൂട്ടുകുടുംബ സമ്പ്രദായത്തിൽനിന്ന് രക്ഷിക്കുക എന്നിവയായിരുന്നു സംഘടനയുടെ പ്രധാന ലക്ഷ്യങ്ങൾ.
* കോട്ടയം ജില്ലയിലെ കറുകച്ചാലിലാണ് എൻ.എസ്.എസിന്റെ ആദ്യ സ്കൂൾ സ്ഥാപിച്ചത് (1915).കെ.കേളപ്പനായിരുന്നു ഹെഡ്മാസ്റ്റർ. ആദ്യ എൻ.എസ്.എസ്. കോളേജ് തുടങ്ങിയത് 1947 ജൂലായിൽ പെരുന്നയിലാണ്. ടി.കെ.നാരായണയ്യരായിരുന്നു ആദ്യ പ്രിൻസിപ്പാൾ.
* എൻ.എസ്.എസിന്റെ മുഖപത്രമായി 1919ൽ കറുകച്ചാലിൽനിന്ന് 'സർവീസ്' മാസിക പ്രസിദ്ധീകരണമാരംഭിച്ചു. നായർ സമുദായാംഗങ്ങൾക്കിടയിൽ ഉപജാതി വ്യത്യാസങ്ങളില്ലാതാക്കുന്നതിലും നായർ റഗുലേഷന് അനുകൂലമായ അഭിപ്രായം സംഘടിപ്പിക്കുന്നതിലും 'സർവീസ്' പങ്കുവഹിച്ചു.
* ചങ്ങനാശ്ശേരി പെരുന്നയിലാണ് എൻ.എസ്.എസ്. ആസ്ഥാനം. എൻ.എസ്.എസ്. സ്ഥാപകനായ മന്നത്ത് പദ്മനാഭന്റെ സമാധിയും പെരുന്നയിലാണ്.
* എൻ.എസ്.എസ് രൂപം നൽകിയ രാഷ്ട്രീയപ്രസ്ഥാനമാണ് എൻ.ഡി.പി. (നാഷണൽ ഡമോക്രാറ്റിക് പാർട്ടി).
* വിദ്യാലയങ്ങളും കലാലയങ്ങളും ആശുപത്രികളും ഹോസ്റ്റലുകളുമായി പടർന്നു പന്തലിച്ചിട്ടുള്ള എൻ.എസ്.എസ്. ഇന്ന് കേരളത്തിൽ ഏറ്റവും വലിയ കോർപ്പറേറ്റ് മാനേജുമെന്റുകളിലൊന്നാണ്.
* സംഭാവനകൾ സ്വീകരിച്ചും ഉൽപന്നപ്പിരിവുനടത്തിയുമാണ് മന്നം സംഘടനയെ ഇത്തരത്തിൽ വളർത്തിയത്. ഉൽപന്നപിരിവിന് വീടുവീടാന്തരം കയറിയിറങ്ങുമ്പോൾ പാടാനായി പന്തളം കെ.പി.രാമൻപിള്ള രചിച്ചതാണ് 'അഖിലാണ്ഡമണ്ഡലം അണിയിച്ചൊരുക്കി' എന്ന പ്രസിദ്ധമായ പ്രാർഥനാഗാനം.
* കരയോഗമാണ് എൻ.എസ്.എസ്. പ്രസ്ഥാനത്തിന്റെ അടിസ്ഥാന ഘടകം. 58 താലൂക്ക് യൂണിയനുകളിലായി 5300 കരയോഗങ്ങൾ എൻഎസ്എസിനുണ്ട്.



കെ. കേളപ്പൻ



മന്നത്ത് പദ്മനാഭൻ

## യോഗക്ഷേമസഭ

* യോഗക്ഷേമസഭ രൂപംകൊണ്ടത് 1908 മാർച്ചിൽ ശിവരാത്രിദിവസം ചെറുമുക്ക് വൈദികന്റെ ഭവനത്തിൽവച്ചാണ്. നമ്പൂതിരിമാരുടെ ഇടയിൽ ആധുനിക വിദ്യാഭ്യാസം പ്രചരിപ്പിക്കുകയായിരുന്നു യോഗക്ഷേമസഭയുടെ മുഖ്യലക്ഷ്യം.
* നമ്പൂതിരി സമുദായത്തിന്റെ വിവാഹരീതി പരിഷ്കരിക്കുന്നതിനും അവരുടെ വനിതകളുടെ പാരതന്ത്ര്യങ്ങൾ ഇല്ലാതാക്കുന്നതിനും ഈ സംഘടന കാര്യമായ സേവനം ചെയ്തു.
* ഇ.എം.എസ്. നമ്പൂതിരിപ്പാട്, വി.ടി.ഭട്ടതിരിപ്പാട് തുടങ്ങിയവർ ഈ പ്രസ്ഥാനത്തിന്റെ ആദ്യകാല നേതാക്കളാണ്.
* സംഘടനയുടെ ആഭിമുഖ്യത്തിൽ 1911–ൽ യോഗക്ഷേമം മാസികയും 1920–ൽ ഉണ്ണി നമ്പൂതിരി മാസികയും ആരംഭിച്ചു. യോഗക്ഷേമസഭയുടെ ആഭിമുഖ്യത്തിലുള്ള വിദ്യാഭ്യാസ പരിഷ്കരണപരിപാടികൾക്കു പണം സമ്പാദിക്കാനായി വി.ടി.യുടെ നേതൃത്വത്തിൽ 1931ൽ (കൊല്ലവർഷം 1106 മീനം 23) തൃശ്ശൂരിൽനിന്ന് വടക്കോട്ട് നടത്തിയ യാചനായാത്രകൊണ്ട് പ്രവർത്തനത്തിനു സഹായകമായ കുറേ പണം നേടി.
* യോഗക്ഷേമസഭയുടെ വനിതാവിഭാഗമായിരുന്നു അന്തർജന സമാജം. ഇവർ പാലിയം സമരത്തിൽ പങ്കെടുക്കുകയുമുണ്ടായി. ●

# General English

## 1

1. Leather goods are made in:
   (a) Brewery (b) Kiln
   (c) Mill (d) Tannery
2. Which one of the following is not a palindrome?
   (a) Noon (b) Deed
   (c) smiles (d) Shahs
3. The plural form of 'Ox':
   (a) Ox (b) Oxes
   (c) Oxen (d) Oxii
4. The word 'Xanthic' means:
   (a) Reddish (b) Yellowish
   (c) Blackish (d) None of these
5. Select the correctly spelt word:
   (a) Voluntier (b) Voluntear
   (c) Volunteer (d) Volanteer
6. 'Valetudinarian' means:
   (a) Seeking to recover health
   (b) One who wandering idly
   (c) One has age above eighty
   (d) A strict disciplinarian
7. The word 'Covenant' means:
   (a) Agreement (b) Enemy
   (c) Advice (d) Secret
8. The noun form of 'endure':
   (a) Endurably (b) Endurable
   (c) Enduring (d) Endurance
9. Choose the correctly spelt word:
   (a) Enginier (b) Engeneer
   (c) Engineer (d) Engineir
10. A statement with a hidden meaning:
    (a) Enigma (b) Acknowledgement
    (c) Oath (d) Pangram
11. Select the mis-spelt word:
    (a) Enmity (b) Enterpreneur
    (c) Equivalent (d) Etiquette
12. 'Hard cash' means:
    (a) Ready money (b) foreign currency
    (c) Loan with high rate of interest
    (d) Borrowed money
13. The opposite of 'import' is:
    (a) Expert (b) Port
    (c) Export (d) None of these
14. The water tank _____ and much water was wasted.
    (a) overflowed (b) overloaded
    (c) overflew (d) overtook
15. Which of the following word is wrongly spelt?
    (a) Anarchy (b) Slunk
    (c) Trespass (d) Hilareous
16. The word 'anticipate' means:
    (a) Accompany (b) Satisfy
    (c) Foresee (d) Divide
17. She bought a present for her mother. The direct object in this sentence is:
    (a) She (b) Her mother
    (c) bought (d) a present
18. Choose the correct sentence:
    (a) He came back yesterday
    (b) He has come back yesterday
    (c) He is coming back yesterday
    (d) He comes back yesterday
19. I cannot bear people _____ are always complaining about this or that:
    (a) whom (b) who
    (c) that (d) which
20. Opposite of the word 'Perilous':
    (a) Safe (b) Natural
    (c) Contributory (d) Precarious
21. The workers _____ it since yesterday morning.
    (a) have been doing (b) did
    (c) are doing (d) have done
22. The meaning of 'Defer':
    (a) Disagree (b) Unlike
    (c) Postpone (d) Cancel
23. He did _____ useful thing, but _____ one man tribunal gave _____ verdict against it.
    (a) a,a,a (b) a,an,a
    (c) an,a,a (d) an,an,a
24. The son of your brother is your:
    (a) Brother- in-law (b) Niece
    (c) Son-in-law (d) Nephew
25. The meaning of 'weary':
    (a) causing tiredness (b) showing firmness
    (c) bearing marks (d) enthusiasm

### Answers

1 (d) 2(c) 3 (c) 4 (b) 5(c) 6(a) 7(a) 8(d) 9(c) 10(a) 11(b) 12(a)13(c) 14(a ) 15(d) 16(c) 17(d) 18(a) 19(b) 20(a) 21(a) 22(c) 23(a) 24(d) 25(a)

## 2

1. The meaning of 'Sanitise':
   (a) Pleasant (b) Disinfect
   (c) Pious (d) Crazy
2. 'To be above board' means:
   (a) to have a good height
   (b) to be honest in any business deal
   (c) to have no doubts (d) try to be beautiful
3. All of us must endeavour to ___ the miseries of poor.
   (a) augment (b) elaborate
   (c) discourage (d) mitigate
4. Lack of enough blood:
   (a) Allergy (b) Anaemia
   (c)Insomnia (d) Amnesia
5. If you run away from justice or law, you are called a____.
   (a) Cynic (b) Murderer
   (c) Usurer (d) Fugitive
6. The sound made by monkeys:
   (a) Chatter (b) Grunt
   (c) Bray (d) Yelp
7. 'To be at sea' means:
   (a) To punish (b) ill feeling
   (c) cause of dispute (d) Confused
8. A bad workman blames his _____.
   (a) stars (b) tools
   (c) master (d) wife
9. The noun form of 'applaud':
   (a) Applause (b) Applandment
   (c) Application (d) Appliancee
10. The man became nervous because it was the first speech delivered by him. Select the one word for the words underlined:
    (a) Maiden (b) Matin
    (c) Malign (d) Manacle
11. An object or portion serving as a sample:
    (a) Specification (b) Specimen
    (c) Spectacle (d) Spectre
12. Rao is 53. He'll be retiring from his job ____ two year's time.
    (a) at (b) on (c) in (d) about
13. Pick out the word which is closest in meaning to the word 'NOTION':
    (a) Rules (b) Clothes
    (c) Advice (d) Thoughts
14. Everybody's coming to the wedding, ______ ?
    (a) aren't they (b) isn't they
    (c) aren't he (d) isn't it
15. The meaning of 'Jittery':
    (a) Angry (b) Rash
    (c) Quarrelsome (d) Nervous
16. Don't look out of the window. Concentrate ___ your work.
    (a) at (b) with (c) on (d) by
17. Select the correctly spelt word:
    (a) Defination (b) Definition
    (c) Defenition (d) Defenetion
18. Choose the word opposite in meaning to the word 'DIVULGE':
    (a) Conceal (b) Disguise
    (c) Oppress (d) Reveal
19. Maya was wearing a silver ring ___ her little finger.
    (a) in (b) at (c) on (d) into
20. The house is empty. _____ lives there.
    (a) Nobody (b) Nothing
    (c) Anybody (d) Anything
21. Which is not an adjective synonym of SCEPTICAL:
    (a) Mistrustful (b) Suspicious
    (c) Unconvinced (d) Trusting
22. Pick out the word which does not agree with the group:
    (a) Encyclopaedia (b) Dictionary
    (c) Novel (d) Directory
23. Which is nearly opposite in meaning to the word 'Sure'?
    (a) Uncertain (b) Unfaithful
    (c) Indefinite (d) Promising
24. He said he was sorry ____ the situation, but there was nothing he could do.
    (a) at (b) about (c) with (d) from
25. There are a lot of fish ____ this river.
    (a) in (b) at (c) on (d) None of these

### Answers

1 (b) 2(b) 3 (d) 4 (b) 5(d) 6(a) 7(d) 8(b) 9(a) 10(a) 11(b) 12(c) 13(d) 14(a) 15(d) 16(c) 17(b) 18(a) 19(c) 20(a) 21(d) 22(c) 23(c) 24(b) 25(a)

# Quantitative Aptitude

1. A car travels from A to B in 50 kmph and B to A in 30 kmph. What is the average speed of the car in whole journey?
   (a) 40 (b) 35.5
   (c) 37.5 (d) 36.5
2. 10 men can complete a piece of work in 8 days. In how many days can 16 men complete that work?
   (a) 4 (b) 5
   (c) 6 (d) 7
3. Average of five consecutive odd numbers is 95. What is the fourth number in the descending order?
   (a) 91 (b) 95
   (c) 97 (d) 93
4. The difference between the squares of two numbers is 65 and the difference between the numbers is 5. Which is the larger number?
   (a) 9 (b) 12
   (c) 11 (d) 10
5. What is the cost price of an article if it is sold at 20% profit by giving a 20% discount on the given marked price of Rs.1200?
   (a)Rs.800 (b) Rs.960
   (c) Rs.1020 (d) Rs. 860
6. The sum of one half, one third and one fourth of a number exceeds the number by 10. The number is:
   (a) 430 (b) 220
   (c) 60 (d) 120
7. In order to keep the product of two numbers constant, what percentage should one be diminished if the other increases by 25%?
   (a) 25% (b) 20%
   (c) 5% (d)1/5%
8. One seventh of a number is 39. What will be 56% of that number?
   (a) 164.66 (b) 152.88
   (c) 178.22 (d) 182.44
9. 71% of a number is more than its 46% by 120. What is the 30% of that number?
   (a) 160 (b) 150
   (c) 148 (d) 144
10. A work can be completed in 12 days by 25 people. After working for 4 days, 5 people left the work and the remaining people completed the work. The total number of days to complete the work is:
    (a) 13 (b) 14
    (c) 16 (d) 17
11. The length of a rectangle is 25cms more than twice of its breadth. If the length of the rectangle is 85cms what is the area of the rectangle?
    (a) 2324 (b) 2505
    (c) 2550 (d) 2540
12. A sum of money is divided among P,Q,R and S in the ratio 3:2:1:4 respectively. If the entire sum of money divided is Rs.2850 more than the shares of R and S together, find the share of P?
    (a) Rs.2810 (b) Rs.1710
    (c) Rs.2120 (d) Rs.1050
13. Kamala got married 6 years ago. Today her age is 1.25 times her age at the time of her marriage. Her son's age is 1/10 times her present age. What is her son's age?
    (a) 2 (b) 3
    (c) 4 (d) 5
14. A sum of Rs. 10980 is to be divided amongst A,B and C in the ratio 7:3:5 respectively. What is the sum of B's and C's share?
    (a) Rs. 5685 (b) Rs. 5865
    (c) Rs. 5897 (d) Rs. 5856
15. The ratio between two numbers is 2:5. Their sum is 133. The small number is:
    (a) 38 (b) 95
    (c) 28 (d) 65
16. A person got Rs. 11700 as salary including 30 % D.A. What is his basic pay?
    (a) 7000 (b) 9100
    (c) 9000 (d) 9200
17. A dealer marks his goods at 40% above cost price and allows a discount of 20% on the marked price. The dealer has a :
    (a) loss of 20% (b) gain of 25%
    (c) loss of 12% (d) gain of 12%
18. How much time will it take for an amount of Rs.1250 to yield Rs.300 as interest at 6% per annum of simple interest?
    (a) 4 years (b) 3.5 years
    (c) 4.5 years (d) 5 years
19. The sides of a square is increased 3 times. How much times will the area be increased?
    (a) 6 (b) 9
    (c) 3 (d) 12
20. 28% members of a certain group are married. What is the respective ratio between the married members to the number of unmarried numbers?
    (a) 7:17 (b) 5:18
    (c) 7:18 (d) Cannot be determined
21. Which of the following fractions is the largest?
    (a) 7/10 (b) 4/5
    (c) 5/7 (d) 5/6
22. A train with speed 81 kmph passes a man with 6 seconds. Then the length of the train is:
    (a) 140m (b)135 m
    (c) 130m (d) 125m
23. A single person takes 3 minutes to write a letter. If 10 a.m. to 12:00 noon, 1960 letters are to be written, how many persons to be employed for this job?
    (a) 53 (b) 47
    (c) 51 (d) 49
24. The compound interest of Rs.30000 at 7% per annum is Rs.4347. The period was:
    (a) 3 years (b) 4 years
    (c) 2.5 years (d) 2 years
25. In an examination, 60% students are successful. If the number of successful students was 240, find the number of unsuccessful students:
    (a) 400 (b) 240
    (c) 160 (d) 144

### Answers

1 (c) 2(b) 3 (d) 4 (a) 5(a) 6(d) 7(b) 8(b) 9(d) 10(b) 11(c) 12(b) 13(b) 14(d) 15(a) 16(c) 17(d) 18(a) 19(b) 20(c) 21(d) 22(b) 23(d) 24(d) 25(c)

# Test of Reasoning

1. DXP,GWN,JVL,MUJ,?
   (a) PTG (b) PTH
   (c) OTH (d) OTG
2. Which is the one that does not belong to the group?
   (a) Knowledge (b) Learn
   (c) Study (d) Read
3. Find out the missing number:
   60,64,32,36,18,22,___
   (a) 20 (b) 12
   (c) 11 (d) 24
4. 'B' is A's sister, 'C' is B's mother. 'D' is C's father. 'E' is D's mother. How is 'B' related to 'E'?
   (a) Great grand-daughter(b) Grand-son
   (c) Great grandson (d) Grand-daughter
5. AMERICA=4, RUSSIA=3, Then Italy=?
   (a)3 (b) 5
   (c) 2 (d) None of these
6. Five students are sitting in a row. 'T' is in the north of 'Z'. 'M' is on the left of 'Z' but is on the right of 'L'. 'T' is on the left of 'Q'. Who is sitting first from the left?
   (a) Z (b) Q
   (c) T (d) L
7. Which is the one that does not belong to the group? Tea,Rubber,Cardomom,Chalk,Cinchona
   (a) Tea (b) Rubber
   (c) Cardomom (d) Chalk
8. TRUE: WUXH :: ADOPT:?
   (a) DGRSW (b) BRGSW
   (c) DGRTU (d) DHRSV
9. If 2+3=36,5+4=400,6+2=144, What is 5+5=?
   (a) 625 (b) 125
   (c) 100 (d) 1000
10. If '16' is related to '2', in the same way '81' is related to:
    (a) 7 (b) 6
    (c) 9 (d) 3
11. Ranjini travels 10km in the north, turns left and travels 4km and then again turns right and covers another 5 km and then turns right and travels another 4 km. How far is he from the starting point?
    (a) 5km (b) 10 km
    (c) 15 km (d) 19 km
12. If 'Mercury' is 'Neptune', then 'A' is equivalent to:
    (a) Z (b) P
    (c) M (d) None of these
13. If the word CHAIR is written EKENX, how would the word TABLE be written in that code?
    (a) VCEPJ (b) VDEPK
    (c) VDFQK (d) VEGQL
14. Which one of the given responses would be a meaningful words in ascending order? (1) Atomic age (2) Metallic age (3) Stone age (4) Alloys age
    (a) 1,3,4,2 (b) 3,2,4,1
    (c) 2,3,1,4 (d) 4,3,2,1
15. VXZ: JLN:: GIK:?
    (a) QSO (b) QRS
    (c) OQS (d) LMO
16. In a leap year there are 53 Mondays. Which day will also be 53 in numbers in that year?
    (a) Only Sunday (b) Sunday or Tuesday
    (c) Only Tuesday (d) Saturday
17. Select the related word from the alternatives: Water: Swim:: Land:?
    (a) Walk (b) Stand
    (c) Sit (d) Move
18. 6,__,15,27,51,99
    (a) 10 (b) 9
    (c) 11 (d) 12
19. Find out the odd word:
    (a) Withdrawl (b) Deduction
    (c) Deposit (d) Debit
20. ABZY:CDXW :: EFVU:?
    (a) IJRQ (b) KLPO
    (c) MNST (d) GHTS
21. Find out the set of numbers that does not belong to the group for lack of common property:
    (a) 22,4,5 (b) 34,4,8
    (c) 37,4,9 (d) 54,4,13
22. 'Iron' is related to 'Solid' in the same way as 'Mercury' is related to:
    (a) Solid (b) Plasma
    (c) Liquid (d) Vapour
23. Find the missing number:10,100,200,310,?
    (a) 400 (b) 410
    (c) 420 (d) 430
24. Find the odd one out:
    (a) Metre (b) Kilometre
    (c) Kilogram (d) Fee
25. If the word 'PEARL' is written as 'MBXOI', then how the word 'DIAMOND' would be written in that code?
    (a) AFXJLKA (b) AFXJKLA
    (c) AFXKLNA (d) KGYKMKB

## Answers

1 (b) 2(a) 3 (c) 4 (a) 5(c-the number of vowels) 6(d) 7(d) 8(a) 9(a- multiply and square) 10(d) 11(c) 12(a) 13(c) 14(b) 15(c) 16(b) 17(a) 18(b) 19(c) 20(d) 21(c) 22(c) 23(d) 24(c) 25(a)

# Fact Finder

* ലോക ജനസംഖ്യ 500 കോടി തികച്ച മാതേജ് ഗാസ്പർ എന്ന കുഞ്ഞ് ജനിച്ചത് സാഗ്രബിലാണ് (1987 ജൂലൈ). ലോക ജനസംഖ്യ 600 കോടി തികച്ച അഡ്നൻ മെവിക് എന്ന കുഞ്ഞ് ജനിച്ചത് 1999 ഒക്ടോബർ 12–ന് കൊസോവോയിലാണ്.
* 1951 ഏപ്രിൽ 14–ന് രൂപവത്കൃതമായ സതേൺ റെയിൽവേ ആണ് ഇന്ത്യയിലെ ആദ്യ റെയിൽവേ സോൺ.
* ഇന്ത്യയിലാദ്യമായി പൊലീസ് ഡോഗ് സ്ക്വാഡ് സ്ഥാപിക്കപ്പെട്ടത് മദ്രാസ് സംസ്ഥാനത്താണ് (1951).
* ഇന്ത്യയിലെ ആദ്യത്തെ കോൺഗ്രസിതര സർക്കാർ അധികാരത്തിൽവന്നത് ഐക്യ മുന്നണി നേതാവ് സർദാർ ഗ്യാൻസിങ് റ റിവാലയുടെ നേതൃത്വത്തിൽ പെപ്സുവിലാണ് (1952 ഏപ്രിൽ 22).
* കായികാഭ്യാസത്തിനുള്ള ഇന്ത്യയിലെ ആദ്യത്തെ ദേശീയ കോളേജ് സ്ഥാപിച്ചത് ഗ്വാളിയോറിലാണ് (1957).
* അടവി എന്ന പേരിൽ ഇക്കോ–ടൂറിസം പദ്ധതികൾ പത്തനംതിട്ട ജില്ലയിലും വയനാട് ജില്ലയിലും ഉണ്ട്.
* സിക്കിമുമായി അതിർത്തി പങ്കിടുന്ന ഏക ഇന്ത്യൻ സംസ്ഥാനം പശ്ചിമ ബംഗാളാണ്.
* ആന്ധ്രാ സംസ്ഥാനത്തിൻെറ ആദ്യ ഉപമുഖ്യമന്ത്രി നീലം സഞ്ജീവറെഡ്ഡി.
* സമ്പൂർണമായി വൈദ്യുതീകരിക്കപ്പെട്ട, കേരളത്തിലെ ആദ്യത്തെ ജില്ല പാലക്കാടും രണ്ടാമത്തേത് തൃശ്ശൂരുമാണ്.
* 'മഹാരാഷ്ട്രയിലെ സോക്രട്ടീസ്' എന്നറിയപ്പെട്ട ഗോപാലകൃഷ്ണ ഗോഖലെയെയാണ് ഗാന്ധിജി തൻെറ രാഷ്ട്രീയഗുരുവായി കണക്കാക്കിയത്. മിതവാദികളിൽ രാജകുമാരൻ (പ്രിൻസ് ഓഫ് മോഡറേറ്റ്സ്) എന്ന് വിശേഷിപ്പിക്കപ്പെട്ടതും ഗോഖലെയാണ്.
* കേരള മഹിളാ ഫെഡറേഷന്റെ ആദ്യ പ്രസിഡന്റ് കെ.ആർ.ഗൗരിയാണ്.
* കേരള മഹിളാ ഫെഡറേഷന്റെ ആദ്യ സെക്രട്ടറി സുശീലാ ഗോപാലനാണ്.
* കായംകുളം മണ്ഡലത്തിൽനിന്ന് കേരള നിയമസഭയിലേക്ക് 1957–ൽ തിരഞ്ഞെടുക്കപ്പെട്ട കെ.ഒ.അയിഷാ ബായിയാണ് കേരള നിയമസഭാംഗമായ ആദ്യ മുസ്ലിം വനിത.
* കേരളത്തിലെ ഏറ്റവും വലിയ റെസ്റ്റോറന്റ് നെറ്റ്വർക്കാണ് ഇന്ത്യൻ കോഫി ഹൗസ്.
* വനനശീകരണം നിരോധിച്ച ആദ്യ രാജ്യം നോർവേയാണ് (2016).
* ട്രാം സർവീസ് ഉണ്ടായിരുന്ന ഏക ദക്ഷിണേന്ത്യൻ നഗരം ചെന്നൈ ആണ്. 1895–ൽ ആരംഭിച്ച ഇലക്ട്രിക് ട്രാം സംവിധാനം 1953–ൽ നിർത്തലാക്കി.
* എസ്.എൻ.മുഖർജിയാണ് രാജ്യസഭയുടെ ആദ്യ സെക്രട്ടറി ജനറൽ.
* 1954 മാർച്ച് 12–ന് നിലവിൽവന്ന കേന്ദ്ര സാഹിത്യ അക്കാദമിയുടെ ആദ്യ പ്രസിഡന്റ് ജവാഹർലാൽ നെഹ്രുവായിരുന്നു.
* സാരനാഥ് റെയിൽവേ സ്റ്റേഷൻ രൂപകല്പന ചെയ്തിരിക്കുന്നത് സാഞ്ചി സ്തൂപം അവലംബമാക്കിയാണ്.
* പതിനാലാം ശതകത്തിൽ പൂർവഗംഗാ വംശത്തിന്റെ ഭരണകാലത്ത് നിർമിക്കപ്പെട്ട ബാരബതി കോട്ടയുടെ മാതൃകയിലാണ് കട്ടക് റെയിൽവേ സ്റ്റേഷൻ നിർമിച്ചിരിക്കുന്നത്.
* ചിത്രകോട്ട് വെള്ളച്ചാട്ടം ഛത്തിസ്ഗഢിലാണ്. ചിത്രകൂട് ജില്ല ഉത്തർ പ്രദേശിലാണ്.
* മൂഷകവംശത്തിലെ ഏറ്റവും മഹാനായ രാജാവ് വല്ലഭൻ രണ്ടാമനായിരുന്നു.
* കേരളത്തിലാദ്യമായി ഓടു ഫാക്ടറി സ്ഥാപിച്ചത് ബാസൽ മിഷൻകാരാണ്. ഇത് മാംഗ്ലൂർ പാറ്റേൺ എന്നറിയപ്പെടുന്നു. 1873–ൽ കോഴിക്കോട്ട് ഒരു ഓടുകമ്പനി സ്ഥാപിതമായി.
* ലാൽ ബഹാദൂർ ശാസ്ത്രി പ്രധാനമന്ത്രിയായിരിക്കെയാണ് 1965–ൽ നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ് സ്ഥാപിതമായത്.
* പാർലമെന്റ് പാസാക്കിയ ബിൽ പ്രസിഡന്റിന്റെ അനുമതിയ്ക്കായി സമർപ്പിച്ച അവസരത്തിൽ ഒപ്പിടാതെ തിരിച്ചയച്ച ആദ്യ സംഭവം ഉണ്ടായത് ഡോ.രാജേന്ദ്രപ്രസാദിന്റെ കാലത്താണ്. ഹിന്ദു കോഡ് ബിൽ തിരിച്ചയച്ച ഈ സംഭവത്തെത്തുടർന്നാണ് കേന്ദ്ര നിയമ മന്ത്രിയായിരുന്ന ഡോ.അംബേദ്കർ രാജിവച്ചത്. ഇത്തരത്തിലുള്ള രണ്ടാമത്തെ സംഭവം ഉണ്ടായത് സെയിൽസിങിന്റെ കാലത്താണ്. 1986–ൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ഇന്ത്യൻ പോസ്റ്റോഫീസ് അമെൻഡ്മെന്റ് ബില്ലാണ് മൂന്നുവർഷക്കാലത്തിനുശേഷം പ്രസിഡന്റ് ഒപ്പിടാതെ മടക്കിയത്.
* 1878–ൽ രാജമുന്ദ്രി സോഷ്യൽ റിഫോം അസോസിയേഷൻ സ്ഥാപിച്ചത് വീരേശലിംഗമാണ്.
* ഹിന്ദിയെ ഇന്ത്യയുടെ ദേശീയ ഭാഷയായി സ്വീകരിക്കണം എന്ന് നിർദ്ദേശിച്ച ബംഗാളി സാഹിത്യകാരനാണ് ഭുദേവ മുഖർജി.
* ഒന്നാം കേരള നിയമസഭയിൽ കെ.ആർ. ഗൗരി പ്രതിനിധാനം ചെയ്തിരുന്ന മണ്ഡലം ചേർത്തലയാണ്.
* അണുശക്തികൊണ്ട് പ്രവർത്തിക്കുന്ന ആദ്യത്തെ അന്തർവാഹിനിയായ നോട്ടിലസ് കടലിലിറക്കിയത് അമേരിക്കയിലെ കണക്ടിക്കട്ടിലാണ് (1954).
* കവ്വായി കായലിലെ ഏറ്റവും വലിയ ദ്വീപാണ് വലിയ പറമ്പ.
* തിരുവിതാംകൂറിൽ ഒളിവു ജീവിതം നയിക്കെ ഇ.കെ.നായനാർ പത്രപ്രവർത്തകനായി ജോലി ചെയ്തത് കേരള കൗമുദിയിലാണ്.
* കേരളത്തിലെ ഏറ്റവും തിരക്കേറിയ റെയിൽവേ കോറിഡോർ ആണ് ഷൊർണൂർ –കൊച്ചിൻ ഹാർബർ.
* ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് കോഴിക്കോട്ടാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജി തിരുവനന്തപുരം ജില്ലയിലെ വലിയമലയിലാണ്.
* ഇന്ത്യയിൽ ബാങ്കുകളുടെ സാമ്പത്തിക വർഷം ഏപ്രിൽ 1 മുതൽ അടുത്തവർഷം മാർച്ച് 31 വരെയാണ്. എന്നാൽ, റിസർവ് ബാങ്കിന്റെ കാര്യത്തിൽ ഇത് ജൂലൈ 1 മുതൽ ജൂൺ 30 വരെയാണ്.
* കേരളത്തിന്റെ വന്ദ്യ വയോധികൻ എന്നറിയപ്പെട്ടത് കെ.പി.കേശവമേനോൻ. ദക്ഷിണേന്ത്യയുടെ വന്ദ്യ വയോധികൻ ജി.സുബ്രമണ്യ അയ്യർ. ഇന്ത്യയുടെ വന്ദ്യ വയോധികൻ ദാദാഭായ് നവറോജി.
* ഇന്ത്യയിലെ ആദ്യത്തെ മൗണ്ടൻ റെയിൽവേ ഡാർജിലിങ് ആണ്.
* മൂഷകവംശം രചിച്ച അതുലന്റെ പുരസ്കർത്താവായിരുന്ന രാജാവാണ് ശ്രീകണ്ഠൻ.
* 1857–ലെ വിപ്ലവത്തിന്റെ വന്ദ്യ വയോധികൻ കൺവർ സിങ്. ബ്രിട്ടന്റെ വന്ദ്യവയോധികൻ വില്യം ഗ്ലാഡ്സ്റ്റൺ.
* യു.എസ്.എ.കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഒളിമ്പിക് മെഡലുകൾ നേടിയിട്ടുള്ള രാജ്യം റഷ്യയാണ്. യൂറോപ്യൻ രാജ്യങ്ങളിൽ റഷ്യയ്ക്കാണ് ഒന്നാം സ്ഥാനം.
* ഏഷ്യൻ രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ ഒളിമ്പിക് മെഡലുകൾ നേടിയിട്ടുള്ളത് ചൈനയാണ്. തൊട്ടുപിന്നിൽ ജപ്പാനാണ്.
* 1960, 1967, 1970 വർഷങ്ങളിൽ ഇ.എം.എസ്. കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത് പട്ടാമ്പി മണ്ഡലത്തിൽനിന്നാണ്. 1977–ലെ തിരഞ്ഞെടുപ്പിൽ അദ്ദേഹം ജയിച്ചത് ആലത്തൂരിൽനിന്നാണ്.
* 1996–ൽ മൂന്നാം പ്രാവശ്യം കേരള മുഖ്യമന്ത്രി സ്ഥാനത്തെത്തുമ്പോൾ ഇ.കെ.നായനാർ നിയമസഭാംഗമായിരുന്നില്ല. തുടർന്ന് തലശ്ശേരി ഉപതിരഞ്ഞെടുപ്പിലൂടെയാണ് അദ്ദേഹം നിയമസഭാംഗമായത്.
* തിയോസഫിക്കൽ സൊസൈറ്റിയിൽ പ്രവർത്തിക്കുകയും ബുദ്ധമതം സ്വീകരിച്ച് അനാഗരിക രാമൻ എന്ന പേരു സ്വീകരിക്കുകയും ചെയ്ത പ്രശസ്ത അഭിഭാഷകനാണ് മഞ്ചേരി രാമയ്യർ.
* സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ സ്ഥാപിതമായ വർഷമാണ് 1945.
* ഇ.കെ.നായനാർ മുഖ്യമന്ത്രിയായിരിക്കെയാണ് കണ്ണൂർ സർവകലാശാല ആരംഭിച്ചത്.
* ആദ്യത്തെ 3 ഡി ചിത്രമായ ബ്വാന ഡെവിൾ പ്രദർശിപ്പിച്ചത് അമേരിക്കയിലാണ് (1952).
* ഇന്ത്യയിൽ ആദ്യമായി വാർധക്യ കാല പെൻഷൻ നടപ്പിലാക്കിയ സംസ്ഥാനം ഉത്തർ പ്രദേശാണ് (1957).
* ആദ്യത്തെ സിനിമാസ്കോപ്പ് ചിത്രമായ ദ റോബ് പ്രദർശിപ്പിച്ചത് അമേരിക്കയിലാണ് (1953).ട്വന്റിയത് സെഞ്ച്വറി ഫോക്സ് സ്റ്റുഡിയോ ആണ് വികസിപ്പിച്ചെടുത്തത്.
* സി.ആർ.ദാസിന്റെ ഭാര്യ ബാസന്തിദേവിയും അനുജത്തി ഊർമിള ദേവിയുമാണ് നിസ്സഹകരണ പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റുവരിച്ച ആദ്യ വനിതകൾ.
* ആന്ധ്ര സംസ്ഥാന രൂപവത്കരണം സംബന്ധിച്ച അന്വേഷണം നടത്തിയത് ജസ്റ്റിസ് വാഞ്ചുവാണ് (1953).
* ഇന്ത്യയിലാദ്യമായി ഇരുനില ബസ് സർവീസ് ആരംഭിച്ചത് ചെന്നൈയിലാണ് (1953).
* അമരാവതി സ്തൂപത്തിലുള്ള പൂർണകുംഭമാണ് ആന്ധ്രപ്രദേശിന്റെ ഔദ്യോഗിക ചിഹ്നത്തിൽ കാണുന്നത്.
* വാറങ്കൽ കോട്ടയുടെ കവാടവും ചാർമിനാറുമാണ് തെലങ്കാനയുടെ ഔദ്യോഗിക ചിഹ്നത്തിൽ കാണുന്നത്.



**പരീക്ഷയും ആസൂത്രിതമായ സമീപനവും 2**

# പേരിലെന്തെല്ലാമിരിക്കുന്നു...

**ആർ.സി.സുരേഷ്കുമാർ** rcsk1234@gmail.com

**കേരളനും സിംഹളനും സിംഹളസിഹവും, പുലയരാജാവും പുലയൻ മത്തായിയും പുലയൻ അയ്യപ്പനും, കുമാരുവും കുമാരുഗുരുവും, ചിന്നസ്വാമിയും പെരിയ സ്വാമിയും ചോദ്യപേപ്പറുകളിൽ സജീവസാന്നിധ്യമാകുമ്പോൾ അതീവ ജാഗ്രത പുലർത്തിയില്ലെങ്കിൽ മാർക്ക് നഷ്ടമായേക്കാം. ചെല്ലമ്മ, തങ്കമ്മ, ജാനമ്മ, കുഞ്ഞമ്മ... തുടങ്ങി നവോത്ഥാന നായകൻമാരുടെ ജീവിതപങ്കാളികളുടെ പേരുകളും കൃത്യതയോടെ ഓർത്താലേ സ്കോർ ഉയർത്താനാകൂ.**

കേരളീയ നവോത്ഥാനം സംബന്ധമായ ചോദ്യങ്ങളിൽ നല്ലൊരു പങ്ക് പേരു സംബന്ധമായവയാണ്. കരുതലോടെ പഠിച്ചില്ലെങ്കിൽ തമ്മിൽ തിരിഞ്ഞു പോകാനുള്ള സാധ്യതയുണ്ട്. അതുകൊണ്ടുതന്നെ ചോദ്യം ലളിതമാണെന്ന് തോന്നിയാലും ഒരു വട്ടംകൂടി ആലോചിച്ചുമാത്രമേ ഉത്തരമെഴുതാവൂ.

ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ ആണ് ദൈവദാസൻ, സാക്ഷരതയുടെ പിതാവ് (15/2016/ഓ)എന്നീ അപരനാമങ്ങളിൽ അറിയപ്പെട്ടത്.

മുടിചൂടുംപെരുമാൾ എന്നത് വൈകുണ്ഠസ്വാമിക്ക് മാതാപിതാക്കൾ നൽകിയ പേരായിരുന്നു. എന്നാൽ യാഥാസ്ഥിതികരുടെ എതിർപ്പുകാരണം പേര് മുത്തുക്കുട്ടി (2/2015) എന്നാക്കി. പിൽക്കാലത്ത് അദ്ദേഹം മുത്തുക്കുട്ടി സ്വാമി (140/2015)എന്നും അറിയപ്പെട്ടു. സമ്പൂർണദേവൻ എന്നും (35/2014)വൈകുണ്ഠസ്വാമിയെ വിളിച്ചു.

തൈക്കാട് അയ്യയുടെ യഥാർഥ പേര് സുബ്ബരായൻ (55/2015) എന്നായിരുന്നു. തൈക്കാട് റസിഡൻസിയെ മാനേജായിരുന്ന അദ്ദേഹത്തെ സൂപ്രണ്ട അയ്യ എന്ന് വിളിച്ചത് സഹപ്രവർത്തകരാണ്. ഉയർന്ന ജാതിക്കാരായ ചില യാഥാസ്ഥിതികർ തൈക്കാട് അയ്യയെ പാണ്ടിപ്പറയൻ (26/2016/ഓൺലൈൻ) എന്നു വിളിച്ചു.

ബ്രഹ്മാനന്ദസ്വാമികളുടെ ചെറുപ്പത്തിലെ പേര് ഗോവിന്ദൻകുട്ടി എന്നായിരുന്നു. മുതിർപ്പോൾ കാരാട്ട് ഗോവിന്ദമേനോനായി. ആലത്തൂർ സ്വാമി (20/2015/ഓ), ആലത്തൂർ ശിവയോഗി എന്നീ പേരുകളിലും അറിയപ്പെടാൻ കാരണം അദ്ദേഹം ആലത്തൂർ കേന്ദ്രമാക്കി ആശ്രമം സ്ഥാപിച്ചതിനാലാണ്.

ചട്ടമ്പി സ്വാമികളുടെ ബാല്യകാല നാമം അയ്യപ്പൻ എന്നായിരുന്നു. കുഞ്ഞൻ എന്ന ഓമനപ്പേരുണ്ടായിരുന്നതിനാൽ പിൽക്കാലത്ത് കുഞ്ഞൻപിള്ള (42/2014)എന്നും അറിയപ്പെട്ടു. ക്ലാസിലെ മോണിട്ടർ ആയതിനാലാണ് ചട്ടമ്പി എന്നറിയപ്പെട്ടത്. സർവ വിദ്യാധിരാജൻ (31/2013), ഷൺമുഖദാസൻ, ശ്രീഭട്ടാരകൻ (21/2015/ഓ) എന്നീ പേരുകളിൽ അറിയപ്പെട്ടതും ചട്ടമ്പി സ്വാമികളാണ്.

നാരായണൻ എന്ന് യഥാർഥ പേരുണ്ടായിരുന്ന ശ്രീനാരായണഗുരുവിനെ ബാല്യകാലത്ത് നാണു (25/2016/ഓ)എന്നു വിളിച്ചിരുന്നു. ആധുനിക കേരള നവോത്ഥാനത്തിന്റെ പിതാവായി (155/2012)വാഴ്ത്തപ്പെടുന്ന ശ്രീനാരായണഗുരുവിനെ പെരിയ സ്വാമി എന്നു വിളിച്ചിരുന്നത് ഡോ.പൽപുവാണ്. അദ്ദേഹത്തിന് കുമാരനാശാൻ ചിന്ന സ്വാമിയും ആയിരുന്നു. ശ്രീനാരായണഗുരുവിനെ രണ്ടാം ബുദ്ധൻ (113/2015)എന്നു വിളിച്ചത് മഹാകവി ജി.ശങ്കരക്കുറുപ്പാണ്.

അയ്യങ്കാളിയെ പുലയ രാജാവ് (40/2014) എന്ന് വിശേഷിപ്പിച്ചത് 1937–ൽ തന്റെ അഞ്ചാമത്തെയും അവസാനത്തെയും മലയാളനാട് സന്ദർശനത്തിനെത്തിയ മഹാത്മാഗാന്ധിയാണ്. പുലയൻ അയ്യപ്പൻ എന്ന് സഹോദരൻ അയ്യപ്പനെ യാഥാസ്ഥിതികർ വിളിക്കാൻ കാരണം അദ്ദേഹം മിശ്രഭോജനം സംഘടിപ്പിച്ചതിനാലാണ്. പുലയൻ മത്തായി (40/2014)എന്നു വിളിക്കപ്പെട്ട സാമൂഹിക പരിഷ്കർത്താവ് പൊയ്കയിൽ അപ്പച്ചനാണ്. യോഹന്നാൻ ഉപദേശി, കുമാരഗുരുദേവൻ എന്നും വിളിച്ചത് ഇദ്ദേഹത്തെയാണ്.

ശ്രീനാരായണഗുരുവിനെ സ്വാമി വിവേകാനന്ദനുമായി കൂട്ടിച്ചേർക്കുന്ന കണ്ണി എന്നറിയപ്പെട്ടത് ഡോ.പൽപുവാണ്. ഈഴവ സമുദായത്തിന്റെ രാഷ്ട്രീയ പിതാവ് എന്നും (19/2016/ഓ.) വിലയിരുത്തപ്പെട്ട അദ്ദേഹത്തിന്റെ മുഴുവൻ പേര് പദ്മനാഭൻ പൽപു എന്നാണ്. 'തിരുവിതാംകൂറിലെ രാഷ്ട്രീയ പ്രക്ഷോഭങ്ങളുടെ പിതാവ്' (13/2015/ഓ.)എന്നു വിശേഷിപ്പിക്കപ്പെത് ജി.പി.പിള്ള എന്ന ജി. പരമേശ്വരൻ പിള്ളയാണ്. മലയാളി മെമ്മോറിയലിലെ ആദ്യ ഒപ്പുകാരൻ കെ.പി.ശങ്കരമേനോൻ ആണെങ്കിലും അതിനു പിന്നിലെ പ്രധാന മസ്തിഷ്കം ജി.പി.പിള്ളയായിരുന്നു. 'ഒരു രാജ്യസ്നേഹി' എന്ന തൂലികാനാമത്തിൽ 'മദിരാശി ടൈംസ്' എന്ന പത്രത്തിലും ജി.പി.എന്ന തൂലികനാമത്തിൽ വേസ്റ്റേൺ സ്റ്റാറിലും തിരുവിതാംകൂർ ഭരണത്തിനെതിരെ എഴുതിയതും മറ്റാരുമല്ല.

മിതവാദി പത്രത്തിന്റെ എഡിറ്ററായിരുന്നതിനാലാണ് സി.കൃഷ്ണനെ മിതവാദി കൃഷ്ണൻ എന്നു വിളിച്ചത്. കേരള കൗമുദി സ്ഥാപകനായ സി.വി.കുഞ്ഞുരാമനാണ് തീയൻ, സിംഹളൻ, ഭാഷാഭിമാനി, പി.കെ. എന്നീ വ്യാജനാമങ്ങളിൽ എഴുതിയത്. എന്നാൽ സിംഹള സിംഹം എന്നറിയപ്പെട്ടത് മുൻ തിരു–കൊച്ചി മുഖ്യമന്ത്രിയും സാമൂഹിക പരിഷ്കർത്താവുമായിരുന്ന സി.കേശവനാണ്.

ആശയ ഗംഭീരനെന്ന് നിരൂപകലോകം വാഴ്ത്തിയ കുമാരനാശാനെ ചെറുപ്പകാലത്ത് കുമാരു എന്നാണ് വിളിച്ചിരുന്നത്. കേരളത്തിലെ ഇസ്ലാമിക നവോത്ഥാനത്തിന്റെ പിതാവ് വക്കം മൗലവിയാണ്. വക്കം അബ്ദുൾ ഖാദർ മൗലവി (1873–1932) എന്നാണ് പൂർണനാമം. വക്കം അബ്ദുൾ ഖാദർ (1917–1943) എന്ന പേരിലുള്ള പ്രശസ്തനായ ഒരു സ്വാതന്ത്ര്യസമര സേനാനിയുമായി ഇദ്ദേഹത്തിന്റെ പേര് തിരിഞ്ഞുപോകരുത് (ഇന്ത്യൻ ഇൻഡിപെൻഡൻസ് ലീഗിൽ അംഗമായി സിംഗപ്പൂരിൽ പ്രവർത്തിച്ചിരുന്ന വക്കം അബ്ദുൾ ഖാദറിനെയാണ് ഇന്ത്യൻ നാഷണൽ ആർമി ഇന്ത്യയിലെ രഹസ്യ പ്രവർത്തനങ്ങൾക്ക് നിയോഗിച്ചത്. അന്തർ വാഹിനിയിൽ താനൂർ കടപ്പുറത്തിറങ്ങാൻ ശ്രമിക്കവേ, ഖാദർ ബ്രിട്ടീഷുകാരുടെ പിടിയിലായി. രാജ്യദ്രോഹക്കുറ്റത്തിന് വിചാരണ നേരിട്ട ഖാദറെ 1943 സെപ്തംബർ പത്തിന് മദ്രാസിൽ തൂക്കിക്കൊന്നു. കേരളത്തിലെ ഭഗത് സിങ് എന്നാണ് അപരനാമം)ഇനി, ചിറയിൻകീഴ് അബ്ദുൾ ഖാദർ എന്നു പറഞ്ഞാലോ അത് സാക്ഷാൽ പ്രേംനസീറാണ്. യാഥാസ്ഥിതികർ കാഫിർ എന്നു വിളിച്ച സാമൂഹിക പരിഷ്കർത്താവാണ് വക്കം മൗലവി.

കേരളത്തിന്റെ മദൻ മോഹൻ മാളവ്യയെന്ന് (192/2015) സർദാർ കെ.എം.പണിക്കർ വിശേഷിപ്പിച്ച മന്നത്ത് പദ്മനാഭനാണ് ഭാരതകേസരി എന്നും അറിയപ്പെട്ടത്. കേരളൻ (22/2015/ഓ)എന്ന തൂലികനാമത്തിലെഴുതിയ കെ.രാമകൃഷ്ണപിള്ളയാണ് സ്വദേശാഭിമാനി എന്നും അറിയപ്പെട്ടത്. കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ പിതാവ് എന്നറിയപ്പെട്ടത് വാടപ്പുറം പി.കെ.ബാവയാണ്. കേരള ലിങ്കൺ എന്ന അപരനാമത്തിലറിയപ്പെട്ടത് പണ്ഡിറ്റ് കറുപ്പനാണ്.

മലബാറിലെ ശ്രീനാരായണഗുരു എന്ന് പിൽക്കാലത്ത് വിശേഷിപ്പിക്കപ്പെട്ട കീലേരി കുഞ്ഞിക്കണ്ണൻ ഗുരുക്കളുടെ(66/2014) പ്രസംഗപാടവംകണ്ട് ആലത്തൂർ ശിവയോഗിയാണ് വാഗ്ഭടാനന്ദൻ (105/2015)എന്ന പേരുനൽകിയത്. കേരളത്തിന്റെ വന്ദ്യവയോധികൻ എന്നറിയപ്പെട്ടത് മാതൃഭൂമിയുടെ സ്ഥാപക പത്രാധിപരായ കെ.പി.കേശവമേനോനാണ്. കെ.കേളപ്പനാണ് കേരള ഗാന്ധി(155/2012).

വെള്ളിത്തിരുത്തി താഴത്തുമനയിൽ രാമൻ ഭട്ടതിരിപ്പാട് എന്നാണ് വി.ടി.യുടെ പൂർണനാമം. കൊല്ലത്ത് ചവറയിൽ ജനിച്ച കൃഷ്ണൻ നമ്പ്യാതിരിയാണ് (193/2015)പിൽക്കാലത്ത് ആഗമാനന്ദ സ്വാമികളായത്. പാവങ്ങളുടെ പടത്തലവൻ എന്ന അപരനാമത്തിലും എ.കെ.ജി. എന്ന ചുരുക്കപ്പേരിലും അറിയപ്പെട്ടത് എ.കെ.ഗോപാലൻ.

ആനന്ദ ഷേണായി പിൽക്കാലത്ത് സ്വാമി ആനന്ദതീർഥനും (6/2016/ഓ.)പാപ്പൻകുട്ടി, ശുഭാനന്ദഗുരുദേവനുമായി മാറി. ശ്രീനാരായണഗുരുവിന്റെ അവസാനത്തെ ശിഷ്യനായിരുന്നു ആനന്ദതീർഥൻ. ആദ്യശിഷ്യനായ ശിവലിംഗദാസ സ്വാമികളുടെ യഥാർഥ പേര് കുഞ്ചു അയ്യപ്പൻപിള്ള എന്നായിരുന്നു. ശ്രീലങ്കയിലെ മലയാളികളുടെ ക്ഷേമ പ്രവർത്തനത്തിനായി ഗുരു സംഘടിപ്പിച്ച വിജ്ഞാനോദയയോഗത്തിന്റെ ചുമതലയ്ക്ക് നിയോഗിച്ച സ്വാമി സത്യവ്രതൻ പൂർവാശ്രമത്തിൽ അയ്യപ്പൻ പിള്ളയായിരുന്നു. ഗുരു  തന്റെ പിൻഗാമിയായി നിർദ്ദേശിച്ച ബോധാനന്ദ സ്വാമികളുടെ യഥാർഥ പേര് വേലായുധൻ എന്നായിരുന്നു.

ഇ.എം.എസ്. എന്ന ഏലംകുളം മനയ്ക്കൽ ശങ്കരൻ നമ്പൂതിരിപ്പാടിനെയാണ് ചെറുപ്പത്തിൽ കുഞ്ചു എന്നു വിളിച്ചിരുന്നത്. സുരേന്ദ്രൻ, എസ്.പരമേശ്വരൻ, പി.എസ്.ചെറിയാൻ, കെ.കെ. വാസുദേവൻ എന്നിവ ഇ.എം.എസിന്റെ തൂലിക നാമങ്ങളാണ്. വൈക്കം സത്യാഗ്രഹത്തിന് പിന്തുണ പ്രഖ്യാപിച്ചെത്തിയ ഇ.വി.രാമസ്വാമി നായ്ക്കരാണ് വൈക്കം വീരർ എന്നറിയപ്പെട്ടത് (56/2015). അക്കാമ്മ ചെറിയാനെ തിരുവിതാംകൂറിലെ ഝാൻസി റാണി (31/2015/ഓ.) എന്നു വിശേഷിപ്പിച്ചത് മഹാത്മാ ഗാന്ധിയാണ്. പിഎൻ പണിക്കരാണ് കേരളത്തിലെ ലൈബ്രറി പ്രസ്ഥാനത്തിന്റെ പിതാവ് (02/2016/ഓ.). സുബ്രമണ്യൻ തിരുമുമ്പാണ് പാടുന്ന പടവാൾ (6/2015) എന്നറിയപ്പെട്ടത്. നിവർത്തന പ്രക്ഷോഭത്തിന് പേര് നിർദ്ദേശിച്ചത് ഐ.സി. ചാക്കോയാണ് (200/2015).നായർ ഭൃത്യജന സംഘം എന്ന പേരു നിർദ്ദേശിച്ചത് കപ്പന കണ്ണൻ മേനോനായിരുന്നു.നായർ സർവീസ് സൊസൈറ്റി എന്ന പേരിന്റെ ഉപജ്ഞാതാവ് കെ.പരമുപിള്ളയായിരുന്നു.

## ജീവിതപങ്കാളിയുടെ പേര്

നവോത്ഥാന നായകൻമാരുടെ ജീവിതപങ്കാളിമാരുടെ പേര് പല പരീക്ഷകൾക്കും ചോദിച്ചിട്ടുണ്ട്. തൈക്കാട് അയ്യ വിവാഹം കഴിച്ചത് കൊല്ലം സ്വദേശിനിയായ കമലമ്മാളെയാണ്. താവുക്കുട്ടിയമ്മ എന്ന പതിനേഴുകാരിയെ തന്റെ മാതാപിതാക്കളുടെ നിർബന്ധം കാരണമാണ് ബ്രഹ്മാനന്ദശിവയോഗി വിവാഹം കഴിച്ചത്. പിൽക്കാലത്ത് അവർ യോഗിനി മാതാവെന്ന് അറിയപ്പെട്ടു.

ഒരു പാരമ്പര്യ വൈദ്യന്റെ മകളായ കാളിയമ്മയുമായി ശ്രീനാരായണഗുരുവിന്റെ വിവാഹം നടന്നെങ്കിലും അദ്ദേഹത്തിന്റെ ദാമ്പത്യജീവിതത്തെക്കുറിച്ച് മിക്ക ജീവചരിത്രങ്ങളിലും വിശദമായ പരാമർശമില്ല. അയ്യങ്കാളി ചെല്ലമ്മയെ വിവാഹം കഴിച്ചത് 1888–ലാണ്. ടി.കെ. മാധവന്റെ സഹധർമ്മണിയുടെ പേരും ചെല്ലമ്മ എന്നായിരുന്നു. ഭഗവതി ആയിരുന്നു ഡോ.പൽപുവിന്റെ സഹധർമണി. നാല്പത്തഞ്ചാം വയസ്സിൽ കുമാരനാശാൻ വിവാഹം കഴിച്ചത് ഡോ.പൽപുവിന്റെ പിതാവിന്റെ അനുജനായ തച്ചക്കുടി കുമാരന്റെ മകൾ ഭാനുമതിയെയാണ്.

1901–ൽ മന്നത്തു പദ്മനാഭൻ മേച്ചേട്ട് കല്യാണിയമ്മയെ വിവാഹം കഴിച്ചെങ്കിലും അവർ 1912–ൽ അന്തരിച്ചതിനാൽ 1932–ൽ അദ്ദേഹം തോട്ടക്കാട്ട് മാധവിയമ്മയെ ജീവിത പങ്കാളിയാക്കി. സ്വദേശാഭിമാനിയുടെ ഭാര്യ കല്യാണിക്കുട്ടിയമ്മയായിരുന്നു.  പൊയ്കയിൽ യോഹന്നാന്റെ ജീവിത പങ്കാളിയുടെ പേര് ജാനമ്മ എന്നായിരുന്നു. പണ്ഡിറ്റ് കറുപ്പനും ഭാര്യ കുഞ്ഞമ്മയും താമസിച്ചിരുന്ന വസതിയാണ് സാഹിത്യകുടീരം.

വാഗ്ഭടാനന്ദന്റെ ഭാര്യയായിരുന്ന വാമയീദേവിയും മഹാപണ്ഡിതയായിരുന്നു. സി.വി.കുഞ്ഞുരാമന്റെ മകൾ വാസന്തിയെയാണ് സി.കേശവൻ ജീവിതസഖിയാക്കിയത്. പിൽക്കാലത്ത് സംസ്ഥാനമന്ത്രിയും പാർലമെന്റംഗവുമായ സുശീലയായിരുന്നു എ.കെ.ഗോപാലന്റെ ഭാര്യ. ജയിൽവാസക്കാലത്ത് പുസ്തകങ്ങൾ എത്തിച്ചുകൊടുത്തിരുന്ന തങ്കമ്മ എന്ന പെൺകുട്ടിയെ ജയിൽമോചിതനായ ശേഷം വിവാഹം കഴിച്ചത് പി.കൃഷ്ണപിള്ളയാണ്.

ഇ.എം.എസ്. ആര്യ അന്തർജനത്തെ വിവാഹം കഴിച്ചത് 1937–ലാണ്. ഇരുപതാം വയസ്സിൽ വിവാഹിത നായ കെ.പി.കേശവമേനോന് പിൽക്കാലത്ത് ഭാര്യ ലക്ഷ്മിയും മകൾ ചെല്ലമ്മയും ക്ഷയരോഗത്താൽ മരിച്ചതു കാണേണ്ടിവന്നു. ഭാര്യാസഹോദരിയെ വിവാഹം കഴിച്ച കേശവമേനോൻ പിന്നീട് മലയായിലേക്ക് പോയി.

നവോത്ഥാന നായകൻമാരുടെ ജീവചരിത്രം വായിക്കുമ്പോൾ അപരനാമങ്ങളും ജീവിത പങ്കാളികളുടെ പേരും പ്രത്യേകം രേഖപ്പെടുത്തി വയ്ക്കുകയും പിന്നീട് പട്ടിക തയ്യാറാക്കി മനഃപാഠമാക്കുകയും ചെയ്താൽ മാർക്ക് ഉറപ്പാക്കാം.

(അടുത്തലക്കം : **ജാതി ചോദിച്ചേക്കാം...**)

# Test Your GK

**ജൂലൈ 1 ജൂലൈ 15 ലക്കം ബുള്ളറ്റിനിന്റെ അടിസ്ഥാനത്തിൽ പൊതുവിജ്ഞാന നിലവാരം വിലയിരുത്തുന്നതിനുള്ള ഒരു ചോദ്യപേപ്പറാണിത്. ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക്. തെറ്റിയാൽ 0.33 നെഗറ്റീവ് മാർക്ക്.**
**48 മാർക്ക് മുതൽ 50 വരെ** Excellent, **43-47** Very Good, **36-42-** Good, **26-35-** Average. **25 മാർക്കിനു താഴെയാണെങ്കിൽ കൂടുതൽ മനസ്സിരുത്തിയും ആവർത്തിച്ചുമുള്ള വായന അനിവാര്യം.**

1. ദേശീയ കൈത്തറി ദിനാചരണം താഴെപ്പറയുന്നവയിൽ ഏത് സംഭവവുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ഉപ്പു സത്യാഗ്രഹം (ബി) ക്വിറ്റിന്ത്യാ സമരം
(സി) ചമ്പാരൻ സത്യാഗ്രഹം (ഡി) സ്വദേശി പ്രസ്ഥാനം
2. താഴെപ്പറയുന്നവയിൽ ഏത് വ്യവസായത്തിനാണ് കണ്ണൂർ മുൻപന്തിയിലുള്ളത്?
(എ) ബീഡി (ബി) കയർ
(സി) കശുവണ്ടി സംസ്കരണം (ഡി) വാഹന നിർമ്മാണം
3. 1791-ൽ ബ്രിട്ടീഷുകാരുമായി ഉടമ്പടിയിലേർപ്പെട്ട കൊച്ചി രാജാവ്:
(എ) പരീക്ഷിത്ത് തമ്പുരാൻ (ബി) ശക്തൻ തമ്പുരാൻ
(സി) വീരകേരള വർമ (ഡി) ഇന്ദുക്കോതവർമ
4. മാപ്പിള ബേ തുറമുഖത്തിന്റെ നിർമാണത്തിൽ സഹകരിക്കുന്ന രാജ്യം:
(എ) ഫ്രാൻസ് (ബി) റഷ്യ
(സി) ബ്രിട്ടൺ (ഡി) നോർവേ
5. 1908-ൽ രാജ്യദ്രോഹക്കേസിൽ ബാലഗംഗാധര തിലകനുവേണ്ടി വാദിച്ചത്:
(എ) മുഹമ്മദലി ജിന്ന (ബി) സരോജിനി നായിഡു
(സി) ദാദാഭായ് നവറോജി (ഡി) മുഹമ്മദ് ഇക്ബാൽ
6. സർദാർ വല്ലഭ് ഭായി പട്ടേൽ ജീവിച്ചിരുന്ന കാലഘട്ടം:
(എ) 1889-1950 (ബി) 1875-1947
(സി) 1875-1950 (ഡി) 1879-1948
7. ഗാന്ധിജി ഇടപെട്ടതിനെത്തുടർന്ന് വധശിക്ഷയിൽ ഇളവ് ലഭിച്ച നേതാവാര്?
(എ) എ.കെ.ഗോപാലൻ (ബി) അയ്യത്താൻ ഗോപാലൻ
(സി) എ.ജി.വേലായുധൻ (ഡി) കെ.പി.ആർ.ഗോപാലൻ
8. പാകിസ്താന്റെ റിപ്പബ്ലിക് ദിനം:
(എ) ഓഗസ്റ്റ് 14 (ബി) മാർച്ച് 23
(സി) ജനുവരി 26 (ഡി) ഓഗസ്റ്റ് 15
9. കേരളത്തിലെ ആദ്യത്തെ ക്രിക്കറ്റ് ക്ലബ്ബ് സ്ഥാപിക്കപ്പെട്ടത് എവിടെയാണ്?
(എ) തലശ്ശേരി (ബി) തിരുവനന്തപുരം
(സി) കൊച്ചി (ഡി) കോഴിക്കോട്
10. പി.സി.മഹലനോബിസ് ഏത് രംഗത്താണ് തന്റെ പ്രാപ്തി തെളിയിച്ചത്?
(എ) ബഹിരാകാശ ശാസ്ത്രം
(ബി) സ്ഥിതിവിവരശാസ്ത്രം
(സി) ആണവ ഗവേഷണം (ഡി) പക്ഷി നിരീക്ഷണം
11. എട്ടാമത്തെ വൻകര എന്നറിയപ്പെടുന്നത്?
(എ) ഗ്രീൻലാൻഡ് (ബി) അന്റാർട്ടിക്ക
(സി) മഡഗസ്കർ (ഡി) ദക്ഷിണേന്ത്യ
12. ഗെറ്റിസ്ബർഗ് പ്രസംഗം ആരുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ഫ്രാങ്ക്ളിൻ റൂസ്‌വെൽറ്റ്(ബി) എബ്രഹാം ലിങ്കൺ
(സി) ജോൺ എഫ് കെന്നഡി
(ഡി) വിൻസ്റ്റൺ ചർച്ചിൽ
13. പ്ലവന തത്ത്വത്തിന്റെ ഉപജ്ഞാതാവ്?
(എ) ന്യൂട്ടൺ (ബി) ഗലീലിയോ
(സി) ആർക്കിമിഡീസ് (ഡി) ഡാവിഞ്ചി
14. വിദ്യാഭ്യാസത്തിന്റെ വേരുകൾ കയ്പുള്ളതും ഫലങ്ങൾ മധുരം നിറഞ്ഞതുമാണ് എന്നു പറഞ്ഞതാര്?
(എ) സോക്രട്ടീസ് (ബി) പ്ലേറ്റോ
(സി) അരിസ്റ്റോട്ടിൽ (ഡി) മരിയ മോണ്ടിസ്സോറി
15. ഇന്ദിര ഗാന്ധി വധക്കേസിൽ തൂക്കിലേറ്റപ്പെട്ട പ്രതികൾ:
(എ) സത്‌വന്ത് സിങ്, ബിയാന്ത് സിങ്
(ബി) ബിയാന്ത് സിങ്, കേഹർ സിങ്
(സി) സത്‌വന്ത് സിങ്, കേഹർ സിങ്
(ഡി) സത്‌വന്ത് സിങ്, കേഹർ സിങ്, ബിയാന്ത് സിങ്
16. 1940-ലെ മുസ്ലിംലീഗ് സമ്മേളനത്തിൽ മുസ്ലിങ്ങൾക്ക് പ്രത്യേക രാഷ്ട്രം സംബന്ധിച്ച പ്രമേയം അവതരിപ്പിച്ചതാര്?
(എ) മുഹമ്മദലി ജിന്ന (ബി) സിക്കന്ദർ ഹയാത്ത് ഖാൻ
(സി) ചൗധരി ഖാലിഖ് സമൻ (ഡി) ഫസ്‌ലുൽ ഹഖ്
17. ഏഴിമല ആസ്ഥാനമായി ഭരണം നടത്തിയിരുന്ന രാജവംശം:
(എ) അറയ്ക്കൽ (ബി) കോലസ്വരൂപം
(സി) മൂഷകവംശം (ഡി) പെരുമ്പടപ്പ്
18. കെൽട്രോണിന്റെ ആദ്യ ചെയർമാൻ:
(എ) ഒ.എം.നമ്പ്യാർ (ബി) കെ.പി.പി.നമ്പ്യാർ
(സി) എം.കെ.കെ.മേനോൻ (ഡി) കീലേരി കുഞ്ഞിക്കണ്ണൻ
19. 1766 മുതൽ 1790 വരെ മലബാർ ആരുടെ നിയന്ത്രണത്തിലായിരുന്നു?
(എ) മൈസൂർ (ബി) പോർച്ചുഗീസുകാർ
(സി) തിരുവിതാംകൂർ (ഡി) തിരുമല നായ്ക്കർ
20. പാനമയ്ക്ക് സ്വാതന്ത്ര്യം നൽകിയത് ഏത് രാജ്യമാണ്?
(എ) സ്പെയിൻ (ബി) ബ്രിട്ടൺ
(സി) ഫ്രാൻസ് (ഡി) പോർച്ചുഗൽ
21. എത്രാം നൂറ്റാണ്ടിലാണ് തലശ്ശേരി കോട്ട നിർമിച്ചത്?
(എ) 17 (ബി) 18
(സി) 19 (ഡി) 16
22. ഓറഞ്ച് ലൈൻ വേർതിരിക്കുന്ന രാജ്യങ്ങൾ:
(എ) ദക്ഷിണാഫ്രിക്ക-നമീബിയ
(ബി) ഫ്രാൻസ്-ജർമനി
(സി) റഷ്യ-ഫിൻലൻഡ് (ഡി) യുഎസ്എ-കാനഡ
23. താഴെപ്പറയുന്നവയിൽ പരസ്യ മേഖലയുമായി ബന്ധപ്പെട്ട അംഗീകാരം ഏതാണ്?




(എ) ക്രിസ്റ്റൽ അവാർഡ് (ബി) ഫീൽഡ്സ് മെഡൽ
(സി) ക്ലിയോ അവാർഡ് (ഡി) ആബേൽ പ്രൈസ്
24. വിൻസ്റ്റൺ ചർച്ചിലിന്റെ നേതൃത്വത്തിലുള്ള ദേശീയ ഗവൺമെന്റ് ബ്രിട്ടണിൽ അധികാരത്തിൽവന്ന വർഷം?
(എ) 1939 (ബി) 1940
(സി) 1941 (ഡി) 1942
25. താഴെപ്പറയുന്നവയിൽ ഏത് സംസ്കാരമാണ് ഒരു കാലത്ത് ഒമാനിൽ നിലനിന്നിരുന്നു എന്ന് കരുതപ്പെടുന്നത്?
(എ) മായൻ സംസ്കാരം (ബി) മാഗൻ സംസ്കാരം
(സി) ഇൻകാ സംസ്കാരം (ഡി) ഹാരപ്പൻ സംസ്കാരം
26. വ്യക്തി സത്യാഗ്രഹം ആരംഭിച്ചത് എന്നാണ്?
(എ) 1940ഓഗസ്റ്റ് (ബി) 1940 സെപ്തംബർ
(സി) 1940 ഒക്ടോബർ (ഡി) 1940 നവംബർ
27. ക്രിസ്തുമസ് ദിനത്തിൽ ജനിച്ച ഇന്ത്യൻ പ്രധാന മന്ത്രി:
(എ) ചരൺ സിങ് (ബി) എ.ബി.വാജ്പേയി
(സി) വി.പി.സിങ് (ഡി) ദേവ ഗൗഡ
28. ആദ്യത്തെ മാരുതി കാർ ഏത് വർഷമാണ് പുറത്തിറക്കിയത്?
(എ) 1983 (ബി) 1984
(സി) 1985 (ഡി) 1986
29. ഏത് മതക്കാരുടെ ആരാധനാലയമാണ് ലോട്ടസ് ടെമ്പിൾ?
(എ) ജൈനർ (ബി) ബുദ്ധമതക്കാർ
(സി) പാഴ്സി (ഡി) ബഹായി
30. തിരുവിതാംകൂറും ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനിയുമായുള്ള 1795-ലെ ഉടമ്പടി ഒപ്പുവച്ചത് എവിടെ വച്ചാണ് ?
(എ) അഞ്ചുതെങ്ങ് (ബി) പദ്മനാഭപുരം
(സി) കുളച്ചൽ (ഡി) കൊല്ലം
31. റിംഗിൾ ടോബ് എവിടെനിന്നു വന്ന മിഷനറി ആയിരുന്നു?
(എ) റഷ്യ (ബി) പ്രഷ്യ
(സി) ലണ്ടൻ (ഡി) പോർച്ചുഗൽ
32. ജനസംഖ്യയുടെ ശരിയായ ക്രമം തിരഞ്ഞെടുക്കുക 1. ജാവ 2. ഗ്രേറ്റ് ബ്രിട്ടൺ 3. ഹോൺഷു
(എ) 1,2,3 (ബി) 2,1,3
(സി) 1,3,2 (ഡി) 2,3,1
33. ഓക്സ്ഫഡ് സർവകലാശാല സ്ഥാപിതമായ വർഷം:
(എ) 1167 (ബി) 1176
(സി) 1671 (ഡി) 1761
34. ഗ്രാമി അവാർഡ് നേടിയ ആദ്യ ഇന്ത്യക്കാരൻ:
(എ) എ.ആർ.റഹ്മാൻ (ബി) വിശ്വമോഹൻ ഭട്ട്
(സി) ഇളയരാജ (ഡി) പണ്ഡിറ്റ് രവിശങ്കർ
35. ഫ്ളോറൻസ് നൈറ്റിംഗേൽ അവാർഡ് ഏർപ്പെടുത്തിയ പ്രസ്ഥാനം:
(എ) ഐക്യരാഷ്ട്രസഭ (ബി) റെഡ് ക്രോസ്
(സി) ലോകാരോഗ്യസംഘടന (ഡി) യുനിസെഫ്
36. ഡ്രാക്കുള എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത്:
(എ) ഷേക്സ്പിയർ (ബി) അഗതാ ക്രിസ്റ്റി
(സി) ഇയാൻ ഫ്ളമിങ് (ഡി) ബ്രോം സ്റ്റോക്കർ
37. കേരളത്തെക്കൂടാതെ വേഴാമ്പൽ സംസ്ഥാന പക്ഷിയായ സംസ്ഥാനം?
(എ) ഹരിയാന (ബി) അരുണാചൽ പ്രദേശ്
(സി) കർണാടകം (ഡി) ഗുജറാത്ത്
38. കാർബൺ ന്യൂട്രാലിറ്റി കൈവരിച്ച ആദ്യ ഏഷ്യൻ രാജ്യം?
(എ) ഇന്ത്യ (ബി) ചൈന
(സി) നേപ്പാൾ (ഡി) ഭൂട്ടാൻ
39. ഷെവലിയർ അവാർഡ് നൽകുന്ന രാജ്യമേത്?
(എ) ജപ്പാൻ (ബി) റഷ്യ
(സി) ഫ്രാൻസ് (ഡി) ഓസ്ട്രേലിയ
40. സോണൽ കൗൺസിലിൽ അംഗത്വമുള്ള കേന്ദ്ര മന്ത്രിസഭാംഗം:
(എ) പ്രതിരോധ മന്ത്രി (ബി) ധനമന്ത്രി
(സി) ആഭ്യന്തര മന്ത്രി (ഡി) വിദേശകാര്യ മന്ത്രി
41. ഗണിതത്തിലെ രാജകുമാരൻ എന്നറിയപ്പെട്ടതാര്?
(എ) യൂക്ലിഡ് (ബി) ആര്യഭടൻ
(സി) ന്യൂട്ടൺ (ഡി) കാൾ ഫ്രെഡറിക് ഗോസ്
42. ഏത് വർഷമാണ് ലണ്ടൻ ആദ്യമായി ഒളിമ്പിക്സിന് വേദിയായത്?
(എ) 1908 (ബി) 1912
(സി) 1948 (ഡി) 1952
43. വാവൂട്ടുയോഗത്തിന്റെ സ്ഥാപകൻ:
(എ) ഡോ.പൽപു (ബി) കുമാരനാശാൻ
(സി) ശ്രീനാരായണഗുരു (ഡി) ടി.കെ.മാധവൻ
44. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ സ്ഥാപിതമായ വർഷമേത്?
(എ) 1861 (ബി) 1862
(സി) 1863 (ഡി) 1864
45. ഡൽഹിയെ പ്രതിനിധാനം ചെയ്യുന്ന ലോക്സഭാംഗങ്ങളുടെ എണ്ണം:
(എ) 1 (ബി) 3
(സി) 7 (ഡി) 13
46. ടെസ്റ്റ് ക്രിക്കറ്റിൽ പത്ത് വിക്കറ്റെടുത്ത ആദ്യ ഇന്ത്യക്കാരൻ:
(എ) സുനിൽ ഗാവസ്കർ (ബി) അനിൽ കുംബ്ലെ
(സി) കപിൽദേവ് (ഡി) വീരേന്ദ്ര സെവാഗ്
47. ഡൽഹിക്ക് മുമ്പ് അടിമവംശത്തിന്റെ തലസ്ഥാനമായിരുന്നത്:
(എ) കൊൽക്കത്ത (ബി) ആഗ്ര
(സി) ഫത്തേപൂർ സിക്രി (ഡി) ലാഹോർ
48. സാഹിത്യലോകം പ്രസിദ്ധീകരിക്കുന്നത്:
(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്(ബി) കേരള സംഗീത നാടക അക്കാദമി
(സി) കേരള സാഹിത്യ അക്കാദമി
(ഡി) പൊതുജന സമ്പർക്ക വകുപ്പ്
49. ഐക്യരാഷ്ട്ര പൊതുസഭ ആദ്യമായി സമ്മേളിച്ച വർഷമേത്?
(എ) 1945 (ബി) 1946
(സി) 1947 (ഡി) 1948
50. ഏറ്റവും കൂടുതൽകാലം ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്നതാര്?
(എ) വിൻസ്റ്റൺ ചർച്ചിൽ (ബി) വില്യം പിറ്റ്
(സി) റോബർട്ട് വാൽപോൾ (ഡി) ദിസ്‌റയേലി

## Answers

1 (d) 2 (a) 3 (b) 4 (d) 5 (a)6 (c) 7 (d) 8 (b) 9 (a) 10 (b) 11 (c) 12 (b) 13 (c) 14 (c) 15 (c) 16 (d) 17 (c) 18 (b) 19 (a) 20 (a) 21 (b) 22 (a) 23 (c) 24 (b) 2 5 (b)26(c) 27(b) 28(a) 29(d) 30(a) 31(b) 32(c) 33(a) 34(d) 35(b) 36(d) 37(b) 38(d) 39(c) 40(c) 41(d) 42(a)43(c) 44(a) 45(c) 46(b) 47(d) 48(c) 49(b) 50(c)

# പരീക്ഷാ കലണ്ടർ – 2016 സെപ്തംബർ

* Examination Time includes half an hour as preparation time for the verification of Admission Tickets and original ID of the Candidates appearing for the examination.

**Candidates can download the Admission Tickets through their One Time Registration Profile in the Website from the date shown in the respective column**

| ക്രമ നം | തീയതി സമയം | തസ്തികയും കാറ്റഗറി നമ്പറും | വകുപ്പ്/ സ്ഥാപനം | സിലബസ് | ഹാൾടിക്കറ്റ് ലഭ്യമായി തുടങ്ങുന്ന തീയതി |
|---|---|---|---|---|---|
| 1 | 01/09/2016 Thursday 07.30 AM* to 09.15 AM | WORKSHOP INSTRUCTOR/ INSTRUCTOR GRADE-II/DEMON-STRATOR/DRAFTSMAN GRADE- II (INFORMATION TECHNOLOGY) 420/14 | TECHNICAL EDUCATION DEPARTMENT | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Part I :** General Knowledge, Current Affairs & Renaissance in Kerala **Part II(a)** : Technical Mathematics **(b)** : Basic Civil Engineering **(c)** : Basic Mechanical Engineering **(d)** : Basic Electrical Engineering **(e)** : Basic Electronics Engineering **Part III**: Questions based on qualification prescribed (Maximum Marks : 100) (Duration: 1 hour 15 minutes) (Medium of Questions: English) | 19/08/2016 |
| 2 | 01/09/2016 Thursday 07.30 AM* to 09.15 AM | PART TIME HIGH SCHOOL ASSISTANT (SANSKRIT) 468/13 | EDUCATION DEPARTMENT | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Part I** : Renaissance &Freedom Movement **Part II** : General Knowledge & Current Affairs **Part III**: Methodology of Teaching **Part IV**: Questions based on Core Subject (Maximum Marks : 100) (Duration: 1 hour 15 minutes) (Medium of Questions: **Part I, II & III English Part IV Sanskrit**) | 20/08/2016 |
| 3 | 03/09/2016 Saturday 01.30 PM* to 03.15 PM | LAST GRADE EMPLOYEES Part-I -General Category 283/14 | APEX SOCIETIES OF CO-OPERATIVE SECTOR IN KERALA | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Part I** : General Knowledge, Current Affairs & Renaissance in Kerala **Part II** : General Science **Part III**: Simple Arithmetic&Mental Ability (Maximum Marks : 100) (Duration: 1 hour 15 minutes) (Medium of Questions: Malayalam/Tamil/Kannada) | 20/08/2016 |
| 4 | 03/09/2016 Saturday 01.30 PM* to 03.15 PM | LAST GRADE EMPLOYEES Part-II – Society Category (Direct recruitment from eligible Employees of Member Societies affiliated to Kerala State Handloom Weaver's Co-operative Society Ltd) 284/14 11 | KERALA STATE HANDLOOM WEAVER'S CO-OPERATIVE SOCIETY LTD | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Part I** : General Knowledge, Current Affairs & Renaissance in Kerala **Part II** : General Science **Part III**: Simple Arithmetic&Mental Ability (Maximum Marks : 100) (Duration: 1 hour 15 minutes) (Medium of Questions: Malayalam/Tamil/Kannada) | 20/08/2016 |
| | | | **COMMON TEST FOR SL.No.3 & 4 ABOVE** | | |
| 5 | 06/09/2016 Tuesday 07.30 AM* to 09.15 AM | PART TIME HIGH SCHOOL ASSISTANT (ARABIC) 536/13 | EDUCATION DEPARTMENT | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Part I** : Renaissance &Freedom Movement **Part II** : General Knowledge & Current Affairs **Part III**: Methodology of Teaching **Part IV:** Questions based on Core Subject (Maximum Marks : 100) (Duration: 1 hour 15 minutes) (Medium of Questions: **Part I, II & III English Part IV Arabic** | 23/08/2016 |
| 6 | 07/09/2016 Wednesday 07.30 AM* to 09.15 AM | HIGH SCHOOL ASSISTANT (TAMIL) 527/13 | EDUCATION DEPARTMENT | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Part I** : General Knowledge & Current Affairs **Part II** : Renaissance & Freedom Movement **Part III**: Teaching Methodology **Part IV**: Questions based on Core Subject **(Part I, II & III in English Medium Part IV Tamil Medium)** (Maximum Marks : 100) (Duration: 1 hour 15 minutes) | 25/08/2016 |
| 7 | 07/09/2016 Wednesday 07.30 AM* to 09.15 AM | PART TIME HIGH SCHOOL ASSISTANT (TAMIL) 300/12 | EDUCATION DEPARTMENT | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Part I** : General Knowledge & Current Affairs **Part II** : Renaissance & Freedom Movement **Part III**: Teaching Methodology **Part IV**: Questions based on Core Subject **(Part I, II & III in English Medium Part IV Tamil Medium)** (Maximum Marks : 100) (Duration: 1 hour 15 minutes) | 25/08/2016 |
| | | | **COMMON TEST FOR SL.No.6 & 7 ABOVE** | | |
| 8 | 24/09/2016 Saturday 01.30 PM* to 03.15 PM | SENIOR SUPERINTENDENT/ ASSISTANT DISTRICT LOTTERY OFFICER ( SR for SC/ST ) 544/15 | STATE LOTTERIES DEPARTMENT | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Part I** : Quantitative Aptitude **Part II** : Mental Ability &Test of Reasoning **Part III**: General Science **Part IV**: Current Affairs **Part V** : Facts about India **Part VI** : Facts about Kerala **Part VII:** Constitution of India & Civil Rights **Part VIII** : General English **Part IX** : Social Welfare Schemes & Measures **Part X** : IT & Cyber Laws (Maximum Marks : 100) (Duration: 1 hour 15 minutes) (Medium of Questions: English) | 09/09/2016 |
| 9 | 24/09/2016 Saturday 01.30 PM* to 03.15 PM | ASSISTANT JAILOR Gr.I / SUPERINTENDENT, SUB JAIL etc (By Direct Recruitment from qualified Executive Staff working in the Jails Department) 170/15 | JAIL DEPARTMENT | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Part I** : Quantitative Aptitude **Part II** : Mental Ability &Test of Reasoning **Part III**: General Science **Part IV**: Current Affairs **Part V** : Facts about India **Part VI** : Facts about Kerala **Part VII:** Constitution of India & Civil Rights **Part VIII** : General English **Part IX** : Social Welfare Schemes & Measures **Part X** : IT & Cyber Laws (Maximum Marks : 100) (Duration: 1 hour 15 minutes) (Medium of Questions: English) | 09/09/2016 |

| ക്രമ നം | തീയതി സമയം | തസ്തികയും കാറ്റഗറി നമ്പറും | വകുപ്പ്/ സ്ഥാപനം | സിലബസ് | ഹാൾടിക്കറ്റ് ലഭ്യമായി തുടങ്ങുന്ന തീയതി |
|---|---|---|---|---|---|
| 10 | 24/09/2016 Saturday 01.30 PM* to 03.15 PM | LOWER DIVISION CLERK (SR for SC/ST) 203/15 | VARIOUS GOVERNMENT OWNED COMPANIES/ BOARD/CORPORATION | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Part I** : Quantitative Aptitude **Part II** : Mental Ability &Test of Reasoning **Part III**: General Science **Part IV**: Current Affairs **Part V** : Facts about India **Part VI** : Facts about Kerala **Part VII:** Constitution of India & Civil Rights **Part VIII** : General English **Part IX** : Social Welfare Schemes & Measures **Part X** : IT & Cyber Laws (Maximum Marks : 100) (Duration: 1 hour 15 minutes) (Medium of Questions: English) | 09/09/2016 |
| | | | COMMON TEST FOR SL.No.8 & 9 & 10 ABOVE | | |
| 11 | 27/09/2016 Tuesday 07.30 AM* to 09.15 AM | ACCOUNTANT GRADE III 664/14 | KERALA STATE COIR CORPORATION LIMITED | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Part I** : Question based on Qualification prescribed **Part II** : General Knowledge , Current Affairs & Renaissance in Kerala (Maximum Marks : 100) (Duration: 1 hour 15 minutes) (Medium of Questions: English) | 09/09/2016 |
| 12 | 28/09//2016 Wednesday 07.30 AM* to 09.15 AM | GODOWN MANAGER 646/14 | KERALA STATE CO-OPERA TIVE CONSUMERS FEDERATION LTD | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Part I** : Questions based on Educational Qualification **Part II** : Questions based on Experience **Part III**: General Knowledge, Current Affairs & Renaissance in Kerala (Maximum Marks : 100) (Duration: 1 hour 15 minutes) (Medium of Questions: English) | 09/09/2016 |
| 13 | 29/09/2016 Thursday 07.30 AM* to 09.15 AM | ASSISTANT PROFESSOR (MECHANICAL ENGINEERING) 546/14 | TECHNICAL EDUCATION (ENGINEERING COLLEGES) | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Part I** : General Knowledge , Current Affairs & Renaissance in Kerala **Part II** : **(a)** Engineering Mathematics **(b)** Basic Civil Engineering **(c)** Basic Mechanical Engineering **Part III: (a)** Basic Electrical Engineering **(b)** Basic Electronics Engineering **(c)** Basic Computer Science **Part IV**: Questions based on Core subject (Maximum Marks : 100) (Duration: 1 hour 15 minutes) (Medium of Questions: English) | 09/09/2016 |
| 14 | 29/09/2016 Thursday 07.30 AM* to 09.15 AM | ASSISTANT PROFESSOR COMPUTER SCIENCE AND ENGINEERING 539/14 | TECHNICAL EDUCATION (ENGINEERING COLLEGES) | **Syllabus:** An Objective Type Test (OMR Valuation)based on the qualification prescribed for the post. **Part I** : General Knowledge , Current Affairs & Renaissance in Kerala **Part II** : **(a)** Engineering Mathematics **(b)** Basic Civil Engineering **(c)** Basic Mechanical Engineering **Part III: (a)** Basic Electrical Engineering **(b)** Basic Electronics Engineering **(c)** Basic Computer Science **Part IV** : Questions based on Core subject (Maximum Marks : 100) (Duration: 1 hour 15 minutes) (Medium of Questions: English) | 09/09/2016 |
| 15 | 30/09/2016 Friday 07.30 AM* to 09.15 AM | UNIT MANAGER 644/14 | KERALA STATE CO-OPERATIVE CONSUMER'S FEDERATION LTD | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Part I** : Questions based on Educational qualification **Part II** : Questions based on Experience **Part III**: General Knowledge, Current Affairs & Renaissance in Kerala (Maximum Marks : 100) (Duration: 1 hour 15 minutes) (Medium of Questions: English) | 17/09/2016 |

# ഓൺലൈൻ പരീക്ഷാ കലണ്ടർ – 2016 സെപ്തംബർ

*** Examination Time includes one hour as preparation time for the verification of Admission Tickets and original ID of the candidates appearing for the examination.**

**Candidates can download the Admission Tickets through their One Time Registration Profile in the Website from the date shown in the respective column**

| ക്രമ നം | തീയതി സമയം | തസ്തികയും കാറ്റഗറി നമ്പറും | വകുപ്പ്/ സ്ഥാപനം | സിലബസ് | ഹാൾടിക്കറ്റ് ലഭ്യമായി തുടങ്ങുന്ന തീയതി |
|---|---|---|---|---|---|
| 1 | 05/09/2016 Monday 10.00 AM* to 12.15 PM | STAFF NURSE GRADE II (AYURVEDA) 51/2016 | INSURANCE MEDICAL SERVICES ONLINE EXAMINATION | **Syllabus:** An Objective Type Test based on the qualification prescribed for the post. **Main Topics:- Part I**: Questions based on core subject **Part II**: General Knowledge, Current Affairs & Renaissance in Kerala (Maximum Marks : 100) (Duration: 1 Hour 15 Minutes) (Medium of Questions: English) | 27/08/2016 |
| 2 | 08/09/2016 Thursday 10.00 AM* to 12.15 PM | HIGHER SECONDARY SCHOOL TEACHER(ENGLISH) (SR for SC/ST) 34/16 | HIGHER SECONDARY EDUCATION DEPARTMENT ONLINE EXAMINATION | **Syllabus:** An Objective Type Test based on the qualification prescribed for the post. **Main Topics:- Part I:** General Knowledge, Current Affairs & Renaissance in Kerala **Part II:** Research Methodology **Part III**: Indian Constitution & Social Welfare Legislations **Part IV** : Core subject (Maximum Marks : 100) (Duration: 1 Hour 15 Minutes) (Medium of Questions: English) | 30/08/2016 |
| 3 | 23/09/2016 Friday 10.00 AM* to 12.15 PM | ASSISTANT MANAGER (NCA NOTIFICATION) 320/13 | PLANTATION CORPORATION OF KERALA LTD ONLINE EXAMINATION | **Syllabus**: An Objective Type Test based on the qualification prescribed for the post. **Main Topics:- Part I**: Agriculture **Part II**: Forestry **Part III**: Botany **Part IV** :General Knowledge, Current Affairs & Renaissance in Kerala (Maximum Marks : 100) (Duration: 1 Hour 15 Minutes) (Medium of Questions: English) | 09/09/2016 |
| 4 | 26/09/2016 Monday 10.00 AM* to 12.15 PM | OVERSEER GRADE III/DRAFTSMAN GRADE III (SPECIAL RECRUITMENT FOR DIFFERENTLY ABLED) 252/14 | LOCAL SELF GOVERNMENT DEPARTMENT ONLINE EXAMINATION | **Syllabus:** An Objective Type Test based on the qualification prescribed for the post **Main Topics:- Part I:** Question based on Technical Qualification **Part II:** General Knowledge, Current Affairs & Renaissance in Kerala (Maximum Marks : 100) (Duration: 1 Hour 15 Minutes) (Medium of Questions: English) | 17/09/2016 |

1. R.N. 44588/86 Reg. No. KL/TV (N)34/2015-17
2. Licence No. for posting without pre payment - KL/TV(N)/WPP/165/2015-17

PSC BULLETIN
Fortnightly

Rupees 10
August 1, 2016

# ഒറ്റത്തവണ രജിസ്ട്രേഷൻ–സംശയങ്ങളും മറുപടികളും

(പേജ് 17ൽ നിന്ന്)




## ഒരു തസ്തികയുടെ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുടെ തത്തുല്യ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതെങ്ങനെയാണ്?

വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുടെ തത്തുല്യ യോഗ്യതയോ ഉയർന്ന യോഗ്യതയോ നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുവാനുള്ള സൗകര്യം നൽകിയിട്ടുണ്ട്. എന്നിരുന്നാലും വിജ്ഞാപനത്തിൽ തത്തുല്യയോഗ്യതയും പരിഗണിക്കും എന്ന പരാമർശം ഉണ്ടെങ്കിൽ മാത്രമേ പി.എസ്.സി. ടി തസ്തികയ്ക്ക് തത്തുല്യയോഗ്യത നേടി അപേക്ഷ സമർപ്പിക്കുന്നവരെ യോഗ്യരായി പരിഗണിക്കുകയുള്ളു.

ഒരു തസ്തികയ്ക്ക് തത്തുല്ല്യ യോഗ്യത രേഖപ്പെടുത്തിയ ഉദ്യോഗാർത്ഥിയ്ക്ക് അപേക്ഷ സമർപ്പണത്തിന് Check Eligibility ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ Ineligible ബട്ടൺ ആയിരിക്കും ലഭിക്കുക. തുടർന്ന് മുന്നോട്ട് പോകുന്നതിനായി Ineligible ബട്ടണ് താഴെയുള്ള Why I am Ineligible? എന്ന ലിങ്ക് ക്ലിക്ക് ചെയ്യുക. അതിന്റെ വലതു ഭാഗത്തായി Have Equivalent or Higher എന്ന ബട്ടനും തെളിയും. പ്രസ്തുത ബട്ടണിൽ ക്ലിക്ക് ചെയ്ത് ഉദ്യോഗാർത്ഥിയ്ക്ക് അപേക്ഷാ സമർപ്പണവുമായി മുന്നോട്ട് പോകാവുന്നതാണ്. തുടർന്നുള്ള ഘട്ടത്തിൽ ഉദ്യോഗാർത്ഥി നിർദ്ദിഷ്ടയോഗ്യതയ്ക്ക് പകരം നേടിയിട്ടുള്ള തത്തുല്യ യോഗ്യത പ്രൊഫൈലിൽ രേഖപ്പെടുത്തിയിട്ടുള്ള യോഗ്യതകളുടെ ലിസ്റ്റിൽ നിന്നും തിരഞ്ഞെടുത്ത് നൽകേണ്ടതാണ്.










## അപേക്ഷ സമർപ്പിച്ചിട്ടുള്ള തസ്തികയുടെ പരീക്ഷയ്ക്ക് ഹാജരാക്കുവാനുള്ള അഡ്മിഷൻ ടിക്കറ്റ് ലഭിക്കുന്നതെങ്ങനെ?

ഒറ്റത്തവണ രജിസ്ട്രേഷൻ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ള തസ്തികകളുടെ പരീക്ഷയ്ക്കുള്ള അഡ്മിഷൻ ടിക്കറ്റ് ഉദ്യോഗാർത്ഥികൾ തങ്ങളുടെ രജിസ്ട്രേഷൻ പ്രൊഫൈലിലൂടെ ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കേണ്ടതാണ്. അതിനായി രജിസ്ട്രേഷൻ പേജിൽ ലോഗിൻ ചെയ്യുക. വലുതുവശത്ത് കാണുന്ന Admission Ticket ലിങ്ക് ക്ലിക്ക് ചെയ്ത് തസ്തികയുടെ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കുവാൻ സാധിക്കും.

## എന്താണ് One Time Verification (OTV)? OTV യ്ക്ക് മുൻപായി ഉദ്യോഗാർത്ഥികൾ ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാം?

സെലക്ഷൻ നടപടി ക്രമങ്ങളുടെ ഒരു പ്രത്യേക ഘട്ടത്തിൽ കമ്മിഷന്റെ തീരുമാനപ്രകാരം യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അസ്സൽ പ്രമാണങ്ങൾ അവരുടെ പ്രൊഫൈൽ ഡാറ്റയുമായി ഒത്തുനോക്കി സൂക്ഷ്മ പരിശോധന ചെയ്ത് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന നടപടി ക്രമമാണ് One Time Verification. ഒരു തസ്തികയുടെ OTV ക്ക് ഹാജരാകുന്ന ഉദ്യോഗാർത്ഥി നേടിയിട്ടുള്ള എല്ലാ യോഗ്യതകളും പ്രസ്തുത സമയത്ത് വെരിഫൈ ചെയ്ത് സർട്ടിഫിക്കറ്റ് നൽകുന്നതിനാൽ മറ്റ് തസ്തികകളുടെ വെരിഫിക്കേഷനുകൾക്ക് പി.എസ്.സി.യിൽ നിന്ന് പ്രത്യേക അറിയിപ്പ് ലഭിച്ചിട്ടില്ലെങ്കിൽ ഹാജരാകേണ്ടതില്ല. One Time Verification ന് ഹാജരായി സർട്ടിഫിക്കറ്റ് ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഒരു Permanent Candidate Number (PCN) നല്കുന്നതാണ്. എന്നാൽ പ്രൊഫൈലിൽ പുതിയ യോഗ്യതകൾ കൂട്ടിച്ചേർക്കുകയോ നിലവിലെ യോഗ്യതകൾക്ക് മാറ്റമുണ്ടാക്കുകയോ ചെയ്യുന്ന പക്ഷം വീണ്ടും വെരിഫിക്കേഷന് ഹാജരാകേണ്ടതാണ്. തത്സമയം പഴയ സർട്ടിഫിക്കറ്റ് സറണ്ടർ ചെയ്ത് പുതിയത് കൈപ്പറ്റാവുന്നതാണ്.

One Time Verification ന് ഹാജരാകുന്നതിന് മുന്നോടിയായി അസ്സൽ പ്രമാണങ്ങളുടെ സ്കാൻ ചെയ്ത കോപ്പി പ്രൊഫൈലിൽ Upload ചെയ്യുവാൻ ഉദ്യോഗാർത്ഥികൾക്ക് SMS ലൂടെയും പ്രൊഫൈലിലൂടെയും അറിയിപ്പ് ലഭിക്കുന്നതാണ്. തുടർന്ന് ഉദ്യോഗാർത്ഥികൾക്ക് ജനനത്തീയതി, യോഗ്യത, തുടങ്ങി Claim ചെയ്തിട്ടുള്ളവയുടെ അസ്സൽ പ്രമാണങ്ങളുടെ സ്കാൻ ചെയ്ത പകർപ്പ്, പ്രൊഫൈലിലൂടെ Upload ചെയ്യുവാനുള്ള സൗകര്യം ലഭിക്കുന്നതാണ്. അതിനായി ഉദ്യോഗാർത്ഥികൾ രജിസ്ട്രേഷൻ പേജിലൂടെ യൂസർ ഐഡിയും പാസ്‌വേർഡും നൽകി ലോഗിൻ ചെയ്ത് Profile ലിങ്ക് ക്ലിക്ക് ചെയ്യുക. തുടർന്ന് വലത് വശത്ത് താഴെയായി ദൃശ്യമാകുന്ന Scanned Documents ലിങ്കിൽ ക്ലിക്ക് ചെയ്ത് അവകാശപ്പെട്ടിട്ടുള്ള യോഗ്യതകളുടെ സ്കാൻ ചെയ്ത പകർപ്പ്,+ _«¬ click ചെയ്ത് upload ചെയ്യാവുന്നതാണ്. നിർദ്ദിഷ്ട തീയതിയിൽ One Time Verificationന് ഹാജരാകുന്നതിന് മുമ്പ് അവകാശപ്പെട്ടിട്ടുള്ള എല്ലാ യോഗ്യതാ പ്രമാണങ്ങളും ഇപ്രകാരം Upload ചെയ്യേണ്ടതാട്ന്.

## രജിസ്ട്രേഷൻ പ്രൊഫൈലിൽ നൽകിയിട്ടുള്ള വിവരങ്ങളിലെ തെറ്റുകൾ തിരുത്തുവാൻ എന്താണ് ചെയ്യേണ്ടത്?

ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ നൽകിയിട്ടുള്ള വിവരങ്ങളിലെ തെറ്റുകൾ തിരുത്തുന്നതിനും ഒഴിവാക്കുന്നതിനുമുള്ള സൗകര്യം നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്ട്രേഷൻ കഴിഞ്ഞ് ഏതെങ്കിലും തസ്തികയ്ക്ക് അപേക്ഷിച്ചുകഴിഞ്ഞാൽ പ്രൊഫൈലിലെ വിവരങ്ങൾ സ്വമേധയാ ലോക്ക് ചെയ്യപ്പെടും. അതിനുശേഷം പ്രൊഫൈലിലെ വിവരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് തിരുത്തുവാൻ കഴിയില്ല. പ്രൊഫൈലിൽ നിന്നും പ്രൊഫൈൽ കറക്ഷൻ ഫോം ഡൗൺലോഡ് ചെയ്ത്പൂരിപ്പിച്ച് അടുത്തുള്ള പി.എസ്.സി. ഓഫീസിൽ തിരുത്തലിനുള്ള അപേക്ഷ നൽകാവുന്നതാണ്.

## ഒറ്റത്തവണ രജിസ്ട്രേഷൻ സംബന്ധിച്ച സംശയങ്ങൾ ദുരീകരിക്കുന്നതിന് സംവിധാനം ഉണ്ടോ?

ഒറ്റത്തവണ രജിസ്ട്രേഷൻ സംബന്ധിച്ചുള്ള സംശയങ്ങൾ ദുരീകരിക്കുന്നതിന് പി.എസ്.സി. യുടെ കാൾ സെന്ററുമായോ അടുത്തുള്ള ജില്ല/മേഖലാ ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്. ഒറ്റത്തവണ രജിസ്ട്രേഷൻ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പി.എസ്.സി. യുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

PSC Call Centre Numbers :
0471 2444428, 0471 2444438, 0471 2555538
Website : www.keralapsc.gov.in

# ഇൻററർവ്യൂ പ്രോഗ്രാം ആഗസ്ത് – 2016

| sl. No | category No | Name of Post & Dept. | Date 2016 Aug, Sep |
|---|---|---|---|
| | | കെപിഎസ്സി ആസ്ഥാന ആഫീസ്, പട്ടം, തിരുവനന്തപുരം | |
| 1. | 517/13 | Assistant Engineer (Electrical) - Kerala State Electricity Board (Direct) | 3,4,5,10,11,12,17, 18,19, 25, 26,31 |
| 2. | 415/11 | Assistant Engineer (Electrical) (B/T) - Kerala State Electricity Board | 31,01,02 |
| 3. | 589/12 | Lecturer in Mathematics- Collegiate Education | 31,01,02 |
| 4. | 584/15 | HSST Geography (NCA - Hindu Nadar- | 03 |
| | 583/15 | Dheevara -1) - Higher Secondary Education | 01 |
| 5. | 258/15 | Assistant Surgeon (NCA - Hindu/Nadar) - Health Services | 02 |
| 6. | 416/14 | Lecturer in Commercial Practice - Technical Education (Polytechnics) | 02 |
| 7. | 633/14 | Research Assistant (Numismatics) - Archaeology | 02 |
| 8. | 458/12 | Research Assistant (Sociology)- KIRTADS * | 02 |

| | | | |
|---|---|---|---|
| | | കെപിഎസ്സി റീജിയണൽ ആഫീസ്, എറണാകുളം | |
| 1. | 517/13 | Assistant Engineer (Electrical) - Kerala State Electricity Board (Direct) | 3,4,5,10,11, 12,17, 18,19,25,26,31,1,2 |
| | | കെപിഎസ്സി ജില്ലാ ആഫീസ്, എറണാകുളം | |
| 1. | 517/13 | Assistant Engineer (Electrical) - Kerala State Electricity Board (Direct) | 3,4,5,10,11,12,17, 18,19,25, 26,31,1,2 |
| | | കെപിഎസ്സി റീജിയണൽ ആഫീസ്, കോഴിക്കോട് | |
| 1. | 517/13 | Assistant Engineer (Electrical) - Kerala State Electricity Board (Direct) | 3,4,5,10,11,12,17, 18,19,25, 26,31,1,2 |
| | | കെപിഎസ്സി ജില്ലാ ആഫീസ്, കോഴിക്കോട് | |
| 1. | 517/13 | Assistant Engineer (Electrical) - Kerala State Electricity Board (Direct) | 3,4,5,10,11,12,17, 18,19,25,26,31,1,2 |

*** Denotes Examination was conducted Online**

Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Edited and Published by Saju George, Secretary Kerala Public Service Commission on behalf of Kerala Public Service Commission and Printed by him at P. Krishna Pillai Memorial Printing & Publishing Co. Pvt. Ltd, Thiruvananthapuram.